# FMPB മിത്രസമാചാർ

(for private circulation only)

വാല്യം : 12 ലക്കം : 3 മാർച്ച് : 2022



**അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു.**

**1 യോഹ.5:14**

# ആമുഖം ...



## ഭാരത്തോടെ പ്രാർത്ഥിക്കുക !

പ്രാർത്ഥനഭാരം അതുല്യവും ദൈവദത്തവുമായ ദാനമാകുന്നു. പ്രാർത്ഥന ദൈവത്തിന്റെ ഹൃദയത്തിൽ ഉദിച്ച ആത്മീക കരുതൽ ആകുന്നു. പ്രാർത്ഥന ക്രിസ്തുവിന്റെ ജീവിതത്തിലെ അവിഭാജ്യ ഘടകമാകുന്നു. പരിശുദ്ധാത്മാവ് ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന ഒരുവനു പരിശുദ്ധാത്മാവ് ഈ പ്രാർത്ഥനാഭാരം നൽകുന്നു.

ആത്മാവ് നൽകുന്ന ഈ ഭാരം കർത്താവ് നൽകുന്ന ആജ്ഞയാകുന്നു. ആത്മഭാരത്തോടെ പ്രാർത്ഥിക്കുന്നതിൽ വിശ്വസ്തത പുലർത്തുന്ന വ്യക്തിയിലൂടെ - ഇപ്രകാരം പ്രാർത്ഥിക്കുവാൻ ദൈവത്തിങ്കൽ നിന്നും വിളിയും കല്പനയും ലഭിച്ച വ്യക്തിയൂലുടെ - ദൈവം പ്രവർത്തിച്ചതിന്റെ, രക്ഷിച്ചതിന്റെ, അനുഗ്രഹിച്ചതിന്റെ, സംരക്ഷിച്ചതിന്റെ, സൗഖ്യമാക്കിയതിന്റെ, ഉണർവ്വ് അയച്ചതിന്റെ, തക്കസമയത്തു ഉത്തരം നൽകിയതിന്റെ ആയിരക്കണക്കിനു ഉദാഹരണം ക്രിസ്ത്യാനികളുടെ ജീവചരിത്രത്തിലും ക്രിസ്തീയ ചരിത്രത്തിലും ഉണ്ട്.

പ്രാർത്ഥനാഭാരം തികെച്ചും വ്യക്തിപരമാകുന്നു. ഇത് ദൈവത്തിങ്കൽ നിന്നും നാം പ്രാപിച്ച പരിപാവനമായ രഹസ്യ വിശ്വാസമാകുന്നു. കർത്താവായ യേശുക്രിസ്തുവിനു വേണ്ടി നാം ഈ പ്രാർത്ഥനാഭാരം വഹിക്കണം അല്ലെങ്കിൽ കുറച്ചു കൂടി വ്യക്തമാക്കിയാൽ കർത്താവുമായുള്ള മദ്ധ്യസ്ഥ പങ്കാളിത്വം. നമ്മിൽ നിന്നുള്ള പരിശുദ്ധാത്മാവിന്റെ മുൻഗണനയുടെ സൂചനയാകുന്നു.

ഈ ഭാരം ദൈവത്തിന്റെ പ്രവർത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ ആത്മീക പ്രവർത്തനവും ഇത്തരത്തിലുള്ള ഭാരത്തിൽ നിന്നാണ് ആരംഭിക്കുന്നത്. ഭാരമില്ലാതെ നാം പ്രവർത്തിക്കുവാൻ തുടങ്ങിയാൽ നമ്മുടെ പ്രവർത്തനം ഫലകരമാകയില്ല. നമ്മുടെ ഭാരം വ്യക്തമാക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ഭാരം വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും പ്രകടിപ്പിക്കുമ്പോൾ ദൈവം നമുക്കു നവ ഭാരം നൽകി തരും. നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചു നാം ഭാരമുള്ളവാരകണമെന്നു ദൈവസ്നേഹവും സത്യവചനത്തിന്റെ സ്നേഹവും നമ്മെ പ്രേരിപ്പിക്കുന്നു.

നമ്മുടെ ആത്മാവ് ദൈവസന്നിധിയിൽ തുറന്നിരിക്കുമ്പോൾ മാത്രമേ നമുക്കു ദൈവത്തിങ്കൽ നിന്നു പ്രാർത്ഥനാഭാരം സ്വീകരിക്കുവാൻ കഴികയുള്ളു. ഓസ്വാൾഡ് സാൻഡേഴ്സ് പറയുന്നത്, "ദൈവം നമ്മുടെ ഹൃദയത്തിൽ പ്രാർത്ഥനക്കുള്ള ഭാരം നൽകുമ്പോൾ, അങ്ങനെ നാം പ്രാർത്ഥിക്കുമ്പോൾ ദൈവം തീർച്ചയായും ഉത്തരം നൽകുവാൻ ഉദ്ദേശിക്കുന്നു". പ്രാർത്ഥനാഭാരം വഹിക്കുവാൻ നാം വേഗത്തിൽ പ്രതികരിക്കണം അതിൽ ശ്രദ്ധ ചെലുത്തണം ദൈവം നമ്മുടെ ഉള്ളിൽ നിന്നു ആ ഭാരം നീക്കം ചെയ്യുന്നതു വരെ നാം പ്രാർത്ഥിക്കണം. പ്രാർത്ഥനാഭാരം ലഭിച്ചാൽ ഉടനെ പ്രാർത്ഥനയിലൂടെ വിശ്വസ്തതയോടെ നിർവഹിക്കുവാൻ നാം പഠിക്കണം. ആത്മാവിന്റെ പ്രേരണയെ നാം കെടുത്തികളഞ്ഞാൽ പ്രാർത്ഥനയിലൂടെ അതു നാം നിർവഹിച്ചില്ലെങ്കിൽ നമ്മിൽ നിന്നു ഈ പ്രാർത്ഥനാ ഭാരം നഷ്ടപ്പെട്ടു പോകും.

ദൈവം നമ്മുടെ ഉള്ളിൽ ഈ ഭാരം നൽകുമ്പോൾ നമുക്കു പ്രത്യേക തരം തീവ്രതയും അടിയന്തിരതയും അനുഭവപ്പെടും. എത്രത്തോളം ആവശ്യകതയെ കുറിച്ചു നാം ബോധവാന്മാരാകുന്നുവോ അത്രത്തോളം ആഴത്തിൽ നമുക്കു അനുഭവപ്പെടും. പ്രാർത്ഥനാഭാരം ആഴത്തിൽ നമ്മിൽ ചലനം ഉണ്ടാക്കും. വളരെ ആത്മാർത്ഥതയോടും കണ്ണുനിരോടും പ്രാർത്ഥിക്കുന്നതിനു നമ്മിൽ ചലനം ഉണ്ടാക്കും (സങ്കി.42:3), അതു ദൈവത്തോടുള്ള ശക്തമായ അപേക്ഷയായിരിക്കും (സങ്കീ.56:8), ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു. (സങ്കീ.34:18).

ഭാരത്തോടു കൂടിയല്ലാത്ത പ്രാർത്ഥന വെടിയുണ്ടയില്ലാത്ത തോക്കിനു സമാനമാണ്. ഭാരത്തോടെ നാം പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ നമ്മുടെ ഹൃദയത്തിൽ കരച്ചിലുണ്ടാകും. അതു ദൈവം കാണാതെ പോകയില്ല. ഇന്ന് ഭൂമിയിൽ ദൈവജനത്തിന്റെ സഹകരണം ദൈവം പ്രതീക്ഷിക്കുന്നു. ഭാരത്തോടെ പ്രാർത്ഥിക്കുന്നതിലൂടെ നാം ദൈവത്തോടു സഹകരിക്കണം. ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നതിനു ഒരു വഴി ഉണ്ടാകട്ടെ!

- ജെ. ജെ. ഹാരീസ് (കമ്യൂണിക്കേഷൻ വിഭാഗം)

“നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിനു നിങ്ങൾക്കു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ” (മർക്കൊ.11:25)

“പ്രാർത്ഥന ഒരു ദൈവഭക്തനെ സൃഷ്ടിക്കുന്നു, അവനിൽ ക്രിസ്തുവിന്റെ മനസ്സ് അതായത് താഴ്മയുടെ, സ്വയ സമർപ്പണത്തിന്റെ, സേവനത്തിന്റെ, സഹതാപത്തിന്റെ, പ്രാർത്ഥനയുടെ മനസ്സ് സ്ഥാപിക്കുന്നു. നമ്മൾ ശരിക്കും പ്രാർത്ഥിക്കുകയാണെങ്കിൽ നാം കൂടുതൽ ദൈവത്തെ പോലാകും അല്ലെങ്കിൽ നാം പ്രാർത്ഥന നിർത്തും” – ഇ. എം. ബൗണ്ട്സ്

“അവ്വണ്ണം തന്നേ ആത്മാവ് നമ്മുടെ ബലഹീനതെക്കു തുണ നിൽക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവ് തന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു”. (റോമർ.8:26)

“പ്രാർത്ഥനയാൽ മാത്രം ദൈവത്തിലൂടെ മനുഷ്യരെ ചലിപ്പിക്കുവാൻ സാധിക്കും.” – ഹഡ്സൺ ടെയ്‌ലർ

- **മിത്രസമാചാർ** FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
**Rev. സുദർശൻ തോമസ്**

മിത്രസമാചാർ

***FMPB*** യുടെ പ്രതിമാസ സൂനം

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb



# ജനറൽ സെക്രട്ടറിയുടെ കത്ത്...

ഉന്നതമായ പദ്ധതികളെ പിന്തുടരുന്ന പ്രീയ പങ്കാളികളെ,

സാമ്പത്തീക വർഷം അവസാനിച്ച് പുതിയ ലക്ഷ്യത്തോടും പദ്ധതികളോടും അഭിലാഷത്തോടും കൂടെ അടുത്ത സാമ്പത്തീക വർഷത്തിലേക്കു പ്രവേശിക്കുവാൻ ഒരുങ്ങുന്ന നിങ്ങളെ ഈ മുഖപ്രസംഗത്തിലൂടെ സന്ധിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. നാം പിന്നിലേക്കു നോക്കുമ്പോൾ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനു ദൈവം നൽകിയ നന്മകൾക്കും അനുഗ്രഹങ്ങൾക്കും നടത്തിപ്പിനുമായി ദൈവത്തെ സ്തുതിക്കുവാൻ ഉള്ളം തുടിക്കുന്നു. യാഗപീഠത്തിൽ നമ്മെ യാഗർപ്പണം ചെയ്കയല്ലാതെ ദൈവത്തിന്റെ വിശ്വസ്തതക്കും സ്നേഹത്തിനും പകരമായി നമുക്കു എന്തു നൽകുവാൻ കഴിയും? കഴിഞ്ഞ 12 മാസം FMPB യുടെ ശുശ്രൂഷക്കായി തുടർമാനമായി പ്രാർത്ഥിക്കുകയും സഹായിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാ മിഷനറിമാരോടും ഹോണററി സക്രട്ടറിമാരോടും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരോടും അംഗങ്ങളോടുമുള്ള നന്ദിയെ അറിയിക്കുക എന്നത് ഞാൻ നിർവഹിക്കേണ്ട കർത്തവ്യം ആകുന്നു. ഇടതടവില്ലാത്ത പ്രാർത്ഥനയാൽ നിങ്ങൾ എല്ലായ്പോഴും ഞങ്ങളോടു കൂടെ നിന്നു.

"ആകയാൽ എന്റെ പ്രീയ സഹോദരന്മാരെ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ" (1കൊരി.15:58).

## സന്തോഷകരമായ ദാനം

ഒരു ഹോണററി റീജിനൽ സെക്രട്ടറി നമ്മെ സഹായിക്കുന്ന ഒരു കുടുംബത്തെ സന്ദർശിക്കുവാൻ 2022 ജനുവരി 25 ന് എന്നെ ക്ഷണിച്ചു. എന്നെ ആശ്ചര്യപ്പെടുത്തി കൊണ്ടു ആ സഹോദരി ഒമ്പതു പവനുള്ള സ്വർണ്ണാഭരണം കർത്താവിന്റെ വേലക്കായി നൽകി. രണ്ടു കാര്യ എന്നെ സ്പർശിച്ചു ഒന്ന്, ദാനം നൽകിയത് പ്രാർത്ഥനക്കൂട്ട നേതാവിന്റെ മകളാകുന്നു. FMPB യുമായുള്ള ബന്ധം തലമുറകളിലൂടെ തുടരുന്നു. രണ്ടാമത് അവൾ പറഞ്ഞ വാക്കുകൾ. അവൾ പറഞ്ഞു, കോറോണ രോഗം നിമിത്തം ഞങ്ങളുടെ ചില അത്യാവശ്യ ചിലവുകൾ കുറഞ്ഞു. ആ പണം ത്യാഗപൂർവ്വം സന്തോഷത്തോടെ ദൈവത്തിനു നൽകുന്നു. സന്തോഷത്തോടെ കൊടുക്കുന്നവരെ കർത്താവ് സ്നേഹിക്കുന്നു.

## യോഗങ്ങൾ

ജനുവരി 21 മുതൽ 22 വരെ മനേജ്മെന്റ് കമ്മറ്റി കൂടുവാൻ ദൈവം സഹായിച്ചു. ശുശ്രൂഷയുടെ അഭിവൃദ്ധിക്കു വേണ്ടി അനവധി തീരുമാനങ്ങൾ എടുക്കുവാൻ ദൈവം വഴിനടത്തി.

തമിഴ്നാട് - പോണ്ടിച്ചേരി ഡിവിഷനൽ സെക്രട്ടറിയോടും നോർത്ത് ചെന്നൈ റീജീനൽ സെക്രട്ടറിയോടും ചേർന്നു ജനുവരി 29 ന് ഉത്തര ചെന്നയിലുള്ള നേതാക്കന്മാരെ സന്ദർശിച്ചു. അവരെ കേൾക്കുന്നതിനും അവരോടു ചേർന്നു പ്രാർത്ഥിക്കുന്നതിനുമായി സമയം ചിലവിട്ടു. ഫെബ്രുവരി അഞ്ചിന് ഫൈനാൻസ് മനേജ്മെന്റ് കമ്മറ്റി ചേർന്നു.

## ഹൂബ്ലി പ്രോഗ്രാം

ചർച്ച് അടിസ്ഥാനത്തിൽ നടത്തുന്ന പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം

പ്രാർത്ഥിച്ച് ആരംഭിക്കുന്നതിനായി ജനുവരി 31 ന് കർണ്ണാടകയിലെ ഹൂബ്ലി റീജിയനിലുള്ള ലക്ഷ്മേശ്വറിൽ ഞാൻ പോയി. ഏറിയ ആവേശത്തോടും ദർശനത്തോടും കൂടെ ഈ സന്ദർശനത്തിന്റെ ക്രമീകരണം ചെയ്ത കോലത്തൂർ സംഘത്തോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

## ദേശീയ ആസൂത്രണ സമ്മേളനം 2022

നമ്മുടെ പ്രതീക്ഷക്കു അപ്പുറമായി ദൈവം ദേശീയ ആസൂത്രണ യോഗത്തെ ആശീർവദിച്ചു. ഈ മഹാമാരിയുടെ കാലത്തു ഈ സമ്മേളനം നടത്തുവാൻ കഴിയുമോ എന്നു ആശങ്കപ്പെട്ടിരുന്നു. 2022 ഫെബ്രുവരി 12,13 തീയതികളിൽ സമ്മേളനം പത്തു ദിവസം മുമ്പു മാത്രമാണ് സ്ഥിരീകരിച്ചത്. മിഷനറിമാരും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുമായി 189 പേർ ഈ യോഗത്തിൽ സംബന്ധിച്ചു. FMPB യെ സംബന്ധിച്ചും ഭാവി പ്രവർത്തനത്തെ കുറിച്ചും വിശദമായ ചർച്ചകൾ നടത്തി ഉപയോഗപ്രദമായ ശുപാശകൾ ഉരുവാക്കി. ഇന്ത്യയുടെ വടക്കു കിഴക്കൻ പ്രദേശത്തുള്ളവർ ഉൾപ്പടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഇതിൽ സംബന്ധിച്ചു. റിപ്പോർട്ടിങ്ങിലുടെയും ആശയവിനിമയത്തിലൂടെയും ഒരുമിച്ചു ചേർന്നു ദൈവത്തിന്റെ സഹായത്താൽ വരുന്ന സാമ്പത്തീക വർഷത്തിലും അതിനു ശേഷവും ശ്രദ്ധ കേന്ദ്രികരിക്കുന്നതിനു താഴെ പറയുന്ന മേഖലകൾ തിരിച്ചറിഞ്ഞു.

## മൊബലൈസേഷൻ രംഗത്ത് ഊന്നൽ നൽകേണ്ട മേഖലകൾ

1. FMPB യുടെ എല്ലാ സഹകാരികളുടെയും പങ്കാളിത്വത്തോടെ ഇന്ത്യയിലെ എല്ലാ ക്രൈസ്തവരിലും FMPB യുടെ ദർശനം എത്തിക്കുക. നമുക്കു പ്രാർത്ഥനക്കൂട്ടമോ സഹകാരികളോ ഇല്ലാത്ത സഭകൾ FMPB യെ സഹായിക്കുന്നവർ കണ്ടെത്തുകയും അവിടെ പ്രാർത്ഥനക്കൂട്ടം ആരംഭിക്കുന്നതിനു പ്രാർത്ഥനപൂർവ്വം പരിശ്രമിക്കുകയും ചെയ്യുക.

2. ഇപ്പോഴത്തെ പ്രാർത്ഥനക്കൂട്ട നേതാക്കളുടെ സഹായത്തോടെ പുതിയ പ്രാർത്ഥനക്കൂട്ട നേതാവിനെ കണ്ടെത്തുക. പ്രാർത്ഥനപൂർവ്വം യൗവ്വനക്കാരായ ആളുകളെ കണ്ടെത്തി പരിശീലിപ്പിച്ച് അവരെ ശുശ്രൂഷയിലേക്കു പ്രവേശിപ്പിക്കുക.

3. നമ്മുടെ സഹകാരികളെ ദൈവവചനത്താൽ ശക്തീകരിക്കുക.

## മിഷൻ വയലിൽ ഊന്നൽ നൽകേണ്ട മേഖലകൾ

1. എത്രയും വേഗത്തിൽ മിഷൻ വയലിലെ പ്രവർത്തനം പൂർണ്ണമായി സ്വദേശവത്കരിക്കുക. അങ്ങനെ സുവിശേഷീകരണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ സാധിക്കും.

2. മിഷൻ വയലിലെ വിശ്വാസികളെ വേദപഠനക്കൂട്ടത്തിലൂടെ ദൈവവചനത്തിൽ വേരൂന്നി വളരുവാൻ ഉത്സാഹിപ്പിക്കുക.

## ആസ്ഥാന മന്ദിരത്തിൽ ഊന്നൽ നൽകേണ്ട മേഖലകൾ

ആസ്ഥാന മന്ദിരത്തിലെ എല്ലാ വിഭാഗത്തിലും ദീർഘകാല, ഹൃസ്വകാല പ്രവർത്തന ലക്ഷ്യം ആലോചിച്ചു തീരുമാനിക്കുക.

ഇവിടെ പ്രതിപാദിച്ച മേഖലകളിൽ പ്രവർത്തിക്കുന്ന ഉത്തരവാദിത്വപ്പെട്ട മിഷനറിമാർ ദൈവനാമ മഹത്വത്തിനായി ഇവ പ്രായോഗികമാക്കേണ്ടതിനായി പ്രാർത്ഥിക്കുവാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു.

## വരാനിരിക്കുന്ന പ്രോഗ്രാമുകൾ

മുബൈയിൽ ദേശീയ നേതാക്കന്മാരുമായി കൂടികാഴ്ച ക്രമീകരിച്ചിരിക്കുന്നു. ട്രിച്ചി – തഞ്ചാവൂർ ബിഷപ്പ് മഹായിടവകയിലെ ഔദ്യോഗിക ഭാരവാഹികളോടു ചേർന്നു ജാർഖണ്ഡിലുള്ള മാൾട്ടോ സന്താൾ ആദിവാസികളെ സന്ദർശിക്കുന്നതിനും ചില

# വിശുദ്ധനായ പൗലൊസിന്റെ പ്രാർത്ഥന



പ്രാർത്ഥന വിശ്വാസിയുടെ ശ്വാസമാകുന്നു. പുതിയ നിയമത്തിൽ പ്രാർത്ഥനയുടെ അനുയോജ്യമായ മാതൃകയകാകുന്നു യേശുക്രിസ്തു. കർത്താവിന്റെ പ്രാർത്ഥനയും (മത്തായി.6:913) മഹാപുരോഹിത പ്രാർത്ഥനയും (യോഹ.17) ഇതിന്റെ ഉദാഹരണമാകുന്നു. യേശുക്രിസ്തുവിനെ കൂടാതെ വിശുദ്ധനായ പൗലൊസും പുതിയ നിയമത്തിൽ പ്രധാന പങ്കു വഹിക്കുന്നു. വിശുദ്ധ പൗലൊസിന്റെ ലേഖനത്തിലെ ശക്തമായ ഉപദേശം അദ്ദേഹത്തിന്റെ പ്രാർത്ഥന ജീവിതത്തെ ചൂണ്ടികാണിക്കുന്നു. തന്റെ ലേഖനങ്ങളിൽ അനേക പ്രാർത്ഥനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ പ്രാർത്ഥിക്കുന്നതിനായി നമ്മെ ഉത്സാഹിപ്പിക്കുകയും ശക്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൗലൊസിന്റെ പ്രാർത്ഥനയുടെ ലക്ഷ്യം വിശ്വാസികളുടെ സംരക്ഷണമായിരുന്നു (2കൊരി. 13:9; ഫിലി.1:11; 1 തെസ്സ.3:9–13; 1 തിമൊ.2:11). ഇവിടെ നമുക്കു കൊലൊസ്സ്യ ലേഖനത്തിലെ പ്രാർത്ഥനയിൽ നിന്നു ഒരു ഉദാഹരണം നോക്കാം. ഈ ലേഖനത്തിന്റെ പ്രത്യേകത ഇതൊരു പ്രാത്ഥനകത്താകുന്നു. ആദ്യത്തെ രണ്ടദ്ധ്യായങ്ങൾ ഉപദേശങ്ങളെ കുറിച്ചും പിന്നീടുള്ള അദ്ധ്യായങ്ങൾ വിശ്വാസിയുടെ പ്രായോഗിക ജീവിതത്തെ കുറിച്ചുമാണ് സംസാരിക്കുന്നത്.

## പുസ്തകത്തിന്റെ ചരിത്രം

വിശുദ്ധനായ പൗലൊസ് റോമൻ കാരഗൃഹത്തിൽ ആയിരിക്കുന്ന വേളയിൽ ഏതാണ്ട് A.D 60–62 ലാണ് കൊലൊസ്സ്യ ലേഖനം എഴുതുന്നത് (അ.പ്ര.28:16–31). കൊലൊസ്യ പട്ടണം ഏഷ്യ മൈനറിൽ അറിയപ്പെടുന്ന സ്ഥലമായിരുന്നു. എഫെസ്യ, ലവൊദിക്യ പട്ടണങ്ങളോടു വളരെ അടുത്ത പ്രദേശമായിരുന്നു. ഇപ്പോൾ ഇതു ടർക്കിയുടെ ഭാഗമാകുന്നു എന്നാൽ ഈ പട്ടണം നിലവിൽ ഇല്ല. വ്യാപാരത്തിലും വസ്ത്ര നിർമ്മാണത്തിലും വർണ്ണ വസ്ത്രങ്ങൾ ഉണ്ടാക്കുന്നതിലും ഈ പട്ടണം പ്രസിദ്ധമായിരുന്നു. പൗലൊസ് അപ്പൊസ്തലൻ കൊലൊസ്യ പട്ടണം സന്ദർശിച്ചിട്ടില്ലാത്തതിനാൽ ഇവിടെ പൗലൊസ് സ്വന്തമായി സഭ സ്ഥാപിക്കുന്നതിനുള്ള സാധ്യതയില്ലായിരുന്നു. വിശുദ്ധ പൗ

---

യോഗങ്ങളിൽ സംബന്ധിക്കുന്നതിനും പദ്ധതിയിടുന്നു. മാർച്ച് 4-6 ആസ്ഥാന മന്ദിരത്തിലെ പ്രവർത്തകർക്കായി കന്യാകുമാരിയിൽ റിട്രീറ്റ് ക്രമീകരിച്ചിരിക്കുന്നു. ഈ മീറ്റിംഗുകളുടെയും ഇതിൽ സംബന്ധിക്കുന്നവരുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ



റവ. എസ് ജോൺ ബർലിൻ

ലൊസിന്റെ ശിഷ്യനായ എപ്പഫ്രാസ് ആയിരിക്കും ഈ സഭയുടെ സ്ഥാപകൻ എന്നു അധിക പങ്കു ചരിത്രകാരന്മാരും വിശ്വസിക്കുന്നു (കൊലൊ. 1:7).

## ഈ പ്രാർത്ഥന ലേഖനം എഴുതിയതിന്റെ കാരണങ്ങൾ:

റോമൻ കാരാഗൃഹത്തിൽ കിടക്കുന്ന പൗലൊസിന്റെ അടുക്കൽ ഈ സഭയുടെ വിവരങ്ങൾ എപ്പഫ്രാസ് എത്തിച്ചിട്ടു ആ സഭയുടെ ക്ഷേമത്തിനായി ആലോചനകൾ ചേദിച്ചിരിക്കാം. ഈ സഭക്കു എടുത്തു പറയാവുന്ന ചില മേന്മകൾ ഉണ്ട്.

1) വിശുദ്ധന്മാരോടുള്ള സ്നേഹം (കൊലൊ.1:4)
2) ഫലം കായിക്കുന്നു (കൊലൊ.1:6)
3) വിശ്വാസത്തിന്റെ സ്ഥിരത (കൊലൊ. 2:5)

എന്നാൽ ഈ സഭയിൽ ചില പ്രശ്നങ്ങളും ഉണ്ട്. (കൊലൊ.3:5-7)

1) യഹൂദന്മാരും യവനന്മാരും തമ്മിലുള്ള ആശയ കുഴപ്പം
2) അവിശുദ്ധ ജീവിതം
3) വ്യാജ ഉപദേശം

ഇതെല്ലാം ഈ കാലത്തിലും പ്രതിഫലിക്കുന്നുണ്ട്. ലേഖനകർത്താവിന്റെ ഉദ്ദേശം പ്രശ്നങ്ങൾ മുളയിൽ തന്നെ നുള്ളിക്കളയുക അല്ലെങ്കിൽ പ്രശ്നങ്ങൾ പൂർണ്ണമായി വളർന്നാൽ പരിഹരിക്കുവാൻ പ്രയാസമാണ്. പാഴ്മരങ്ങൾ മുളച്ചുവരുമ്പോൾ തന്നെ നശിപ്പിക്കുക. അതുകൊണ്ടാണ് ഒരിക്കൽ പോലും കാണാത്ത സഭക്കു വേണ്ടി ആഴമായ സ്നേഹത്തോടും കരുതലോടും കൂടെ ഒരു പ്രാർത്ഥന ലേഖനം എഴുതിയത്.

## വിശുദ്ധ പൗലൊസിന്റെ പ്രാർത്ഥന:

### I. ജ്ഞാനത്തിലും വിവേകത്തിലും പരിജ്ഞാനത്തിലും നിറയേണം (വാ.10)

എന്താണ് ജ്ഞാനം?

ഗ്രീക്ക് പദം: എപ്പിഗ്നോസിസ് മലയാള പദം: ജ്ഞാനം

ഇതിന്റെ അർത്ഥം എല്ലാ വിവരങ്ങളും അല്ലെങ്കിൽ സത്യങ്ങളും അറിയുക.

എന്താണ് വിവേകം?

ഗ്രീക്ക് പദം: സോഫിയ മലയാള പദം: വിവേകം

ഇത് അർത്ഥമാക്കുന്നത് സമാന്യ ബോധം. നാം മനസ്സിലാക്കിയ വിവരങ്ങൾ അല്ലെങ്കിൽ സത്യങ്ങൾ ശരിയാണോ എന്നു വിശകലനം ചെയ്തു നോക്കുക.

എന്താണ് പരിജ്ഞാനം?

ഗ്രീക്ക് പദം: സുനേസിസ് മലയാള പദം: അറിവ്.

ഇത് അർത്ഥമാക്കുന്നത് ജീവിതത്തിൽ നേരിടുന്ന സാഹചര്യത്തിനു അനുസരിച്ച് മനസ്സിലാക്കിയ തത്വങ്ങൾ പ്രായോഗികമാക്കുക.

കൊലൊസ്യയിൽ ജ്ഞാനവാദത്തിന്റെയും (ഗ്നോസ്റ്റിസിസം) താപസവൃത്തിയുടെയും (അസന്റിസിസം) തെറ്റായ ഉപദേശങ്ങൾ നിറഞ്ഞിരുന്നതു കാരണമാണ് ഈ ലേഖനം എഴുതിയത്.

എന്താണ് ഗ്നോസ്റ്റിസിസം അല്ലെങ്കിൽ ജ്ഞാനവാദം

- ആത്മാവ് വിശുദ്ധവും ശരിരം തിന്മ നിറഞ്ഞതുമാകുന്നു.
- പ്രപഞ്ചം ഒന്നുമില്ലായ്മയിൽ നിന്നു ഉരുവാക്കിയതല്ല. പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയല്ല.
- ചിന്തയിലും ജീവിതത്തിലും ഉയർന്ന ബുദ്ധി ശക്തിയുള്ളവരാണെന്നും ഒരു മനുഷ്യനെ ദൈവത്തിങ്കൽ എത്തിക്കുന്നതിനുള്ള പ്രത്യേക അറിവുള്ളവാരെണെന്നും ഇവർ വിശ്വസിക്കുന്നു.

എന്താണ് അസന്റിസിസം അഥവ താപസവൃത്തി

- ശാരീരിക ആഗ്രഹങ്ങളിൽ നിന്നുള്ള നീയന്ത്രണമാണ് സന്യാസ ജീവിതം.
- ഭക്ഷണപാനീയങ്ങളെ കുറിച്ചുള്ള നിയമങ്ങൾ - ചില ഭക്ഷണങ്ങൾ നിരോധിച്ചിരിക്കുന്നു (കൊലൊ.2:16).
- പിടിക്കരുത്, രുചിക്കരുത്, തൊടരുത് (കൊലൊ.2:21).

- പ്രത്യേക ദിനാചരണങ്ങൾ, പെരുന്നാളുകൾ ആചാരങ്ങൾ വാവുകൾ ശബ്ബത്ത് തുടങ്ങിയവ സംബന്ധിച്ച് (കൊലൊ.2:16).

ഈ ജ്ഞാനവാദികളുടെയും താപസവൃത്തിക്കാരുടെയും ഉപദേശങ്ങളാൽ കൊലൊസ്യ സഭ ആശയകുഴപ്പത്തിലായി. ക്രിസ്തുവിന്റെ പരമാധികാരത്തെ കുറിച്ചു അവർക്കു സംശയമുണ്ടായി.

അതിനാൽ പൗലൊസ് താഴെയുള്ള വാക്യങ്ങളിലൂടെ വിശദീകരിച്ചു.

- യേശുക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമ ആകുന്നു. (കൊലൊ.1:15).
- സകലവും അവൻ മുഖാന്തിരവും അവനായും സൃഷ്ടിക്കപ്പെട്ടു (കൊലൊ.1:16).
- അവനിൽ സർവ്വ സമ്പൂർണ്ണതയും വസിക്കുന്നു (കൊലൊ.1:19).
- അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ എല്ലാം ഗുപ്തമായിരിക്കുന്നു (കൊലൊ.2:3)

ഈ വാക്യങ്ങൾ വായിക്കുമ്പോൾ നമുക്കു ക്രിസ്തുവിന്റെ പരമാധികാരത്തെ മനസ്സിലാക്കുവാൻ സാധിക്കും. സർവ്വശക്തനായ (omnipotent) യേശുക്രിസ്തുവിന്റെ പ്രകൃതത്തെ കുറിച്ചു അവർക്കു സംശയമുണ്ടായിരുന്നു. കൊലൊസ്യയിലെ വേദവിരുദ്ധർ (വ്യാജ ഉപദേഷ്ടാക്കൾ) ഭൂതങ്ങളെ പുറത്താക്കുവാൻ യേശുക്രിസ്തുവിനെക്കാൾ ശക്തമായ എന്തെങ്കിലും ആവശ്യമാണെന്നു പഠിപ്പിച്ചു. അതുകൊണ്ട് വിശുദ്ധ പൗലൊസ് താഴെ പറയുന്ന വാക്യങ്ങളിലൂടെ എല്ലാ അന്ധകാര ശക്തികളെക്കാളും യേശുക്രിസ്തു സർവ്വശക്തനാണെന്നു സമർത്ഥിക്കുന്നു. കർത്തൃത്വങ്ങൾക്കും വാഴ്ചകൾക്കും അധികാരങ്ങൾക്കും എല്ലാറ്റിനും മീതെ സർവ്വശക്തനായ ദൈവം വാഴുന്നു (കൊലൊ.1:16; 2:10; 2:15). എല്ലാ ക്രിസ്ത്യാനികളും ഈ ജ്ഞാനവും വിവേകവും പരിജ്ഞാനവും ഉള്ളവരാകേണ്ടതിനായി പൗലൊസ് പ്രാർത്ഥിക്കുന്നു. എന്നാൽ ഇന്ന് പല പ്രസംഗകരും ഈ വസ്തുത വെളിപ്പെടുത്താതെ മറച്ചു വെച്ചു ഈ മഹത്തായ സത്യങ്ങൾ മനസ്സിലാക്കുവാനും അനുഭവമാക്കുവാനും അനുവദിക്കാതെ വിശ്വാസികളെ അന്ധതയിൽ നിറുത്തുന്നു.

**II. എല്ലാവിധത്തിലും ക്രിസ്തുവിനെ പ്രസാദിപ്പിക്കുക:**

സകല സൽപ്രവൃത്തിയിലും ഫലം കായ്ക്കണം. (വാ.10)

ജ്ഞാനത്തിന്റെ ഫലം നല്ല സ്വഭാവവും നന്മ പ്രവൃത്തികളും ആകുന്നു. മഹാത്മ ഗാന്ധി പറഞ്ഞു, "സ്വഭാവമില്ലത്ത അറിവ് അർത്ഥശൂന്യമാകുന്നു". നമ്മുടെ ആത്മീക പ്രബുദ്ധത കർത്താവിനു യോഗ്യമാവണ്ണം നടക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. വേദപുസ്തകത്തിലാകമാനം കാണുന്ന മത വിശ്വാസത്തിന്റെ ലക്ഷ്യം ഇതാകുന്നു. നമ്മുടെ സഹ മനുഷ്യർക്കു നന്മ ചെയ്യുമ്പോൾ നാം ദൈവീക പരിജ്ഞാനത്താൽ വളരുകയാണ്. ഈ ഒരു ലക്ഷ്യത്തിനു വേണ്ടിയാണ് ദൈവം നമ്മെ സൃഷ്ടിച്ചത് (3 യോഹ.11). ദൈവീക പരിജ്ഞാനത്താൽ നിറയപ്പെടുന്നത് ആന്തരിക പ്രവർത്തിയാകുന്നു (ഹോശ.6:6). സകല സൽപ്രവർത്തിയിലും ഫലം കായ്ക്കുക എന്നത് ബാഹ്യമായ പ്രതികരണമാകുന്നു. (അ.പ്ര.5:16; 1.തിമൊ.6:18). ക്രിസ്ത്യാനിയെ തിരിച്ചറിയേണ്ടത് വാക്കുകളിലൂടെ മാത്രമല്ല നല്ല വാക്കുകളിലും പ്രവർത്തിയിലും കൂടിയാകണം. വാക്കുകളും പ്രവർത്തികളും നാണയത്തിന്റെ രണ്ടു വശങ്ങളാകുന്നു. നാണയത്തിന്റെ ഒരു വശത്തിനു കേടു സംഭവിച്ചാൽ നാണയത്തിന്റെ മൂല്യം നഷ്ടപ്പെടുന്നു. നമ്മോടു തിന്മ ചെയ്യുന്നവർക്കു നന്മ ചെയ്യുക ഇതാകുന്നു കർത്താവ് നൽകിയ കൽപന. (മത്തായി 5:16,44; ലൂക്കൊ. 6:33-35; റോമർ 12:21).

**III. സഹിഷ്ണതക്കും ദീർഘക്ഷമെക്കും ആനന്ദത്തിനുമായി ശക്തിയോടെ ബലപ്പെടണം (വാ.11).**

**ദീർഘക്ഷമ** (ഗ്രീക്ക് പദം ഹ്യുപോമോൺ) എന്നതു ജീവിതത്തിൽ നാം

നേരിടുന്നതു എന്തും വിജയകരമായി കൈകാര്യ ചെയ്യുന്നതിനുള്ള കഴിവ്

**സഹിഷ്ണത** (ഗ്രീക്ക് പദം മക്രോത്തുമിയ) എന്നതു ഹൃദയത്തിന്റെയും മനസ്സിന്റെയും കരുത്താണ്. ഏതു ക്രൂരതയും കൈയ്പ്പു കൂടാതെ സഹിക്കുവാൻ ആളുകളെ പ്രാപ്തരാക്കുന്നു. ഏതു സാഹചര്യത്തിലും വിശ്വാസവും പ്രതീക്ഷയും കൈവിടുകയില്ല.

**സന്തോഷം** (ഗ്രീക്കു പദം ചാര) എല്ലാം നന്നായി നടക്കുമ്പോൾ സന്തോഷിക്കുക എളുപ്പമാണ്. എന്നാൽ ഒരു ക്രിസ്ത്യാനിക്കു ബുദ്ധിമുട്ടിലും കഷ്ടതയിലും എതു സാഹചര്യത്തിലും സന്തോഷിക്കുവാൻ സാധിക്കും. ഇതിനു ആത്മീക ശക്തി വേണം. ആ ശക്തി പ്രാർത്ഥനയിലൂടെ സംഭരിക്കുവാൻ സാധിക്കും. പ്രാർത്ഥനയോളം പ്രായോഗികമായി മറ്റൊന്നും ലേകത്തിലില്ല. പ്രാർത്ഥനയും പ്രവർത്തിയും കരത്തോടു കരം ചേർന്നു പോകുന്നു. നാം പ്രാർത്ഥിക്കുന്നത് യാഥാർത്ഥ്യത്തിൽ നിന്നു ഒളിച്ചോടുന്നതിനല്ല പകരം അതിനെ നേരിടുന്നതിനുള്ള ശക്തിക്കായിട്ടാണ്. ഇതിനു നമുക്കു ശക്തി വേണം. അതുകൊണ്ട് കൊലൊസ്യ സഭ ദൈവ ശക്തിയാൽ ബലപ്പെടണമെന്നു പൗലൊസ് പ്രാർത്ഥിക്കുന്നു. പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗ്ഗം അറിയുക എന്നതാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ആവശ്യം. നാം അതു കണ്ടെത്തിയാൽ നമ്മുടെ പ്രശ്നങ്ങൾ യാന്ത്രികമായി പരിഹരിക്കപ്പെടും. നമ്മുടെ ജ്ഞാനത്തെ ഉപയോഗിക്കുന്നതിനു നമുക്കു കഴിയണം. അതു പ്രായോഗികമാക്കി പ്രശ്നങ്ങൾ പരിഹരിക്കണം. പ്രാർത്ഥനയിലൂടെ ലഭ്യമാകുന്ന ശക്തി പ്രശ്ന പരിഹാരത്തിനായി നമുക്കു വേണം. ദൈവം തന്റെ ഹിതം നിറവേറ്റുവാൻ നമ്മോടു ആവശ്യപ്പെടുക മാത്രമല്ല ചെയ്യുന്നത് അതിനായി നമ്മെ ശക്തീകരിക്കുകയും ചെയ്യുന്നു. (ഫിലി.4:13).

**IV. ദൈവരാജ്യത്തിന്റെ അവകാശത്തിൽ പങ്കാളികളാകുക (വാ.12-14).**

ഇത് ദൈവം നമുക്കു വേണ്ടി സൂക്ഷിച്ചിരിക്കുന്ന സമ്മാനമാകുന്നു. ക്രിസ്തീയ അവകാശങ്ങൾ നമ്മുടെ കഴിവു കൊണ്ടു നേടിയതല്ല പിന്നെ ദൈവത്തിന്റെ കൃപയാൽ ലഭിച്ചതാകുന്നു. ഈ ലേഖനം വന്ദനത്തോടു കൂടെ ആരംഭിച്ചു പ്രാർത്ഥനയിലൂടെ കടന്നു പോയി നന്ദി പ്രകടനത്തോടെ അവസാനിക്കുന്നു. നമുക്കു ലഭിക്കുവാൻ പോകുന്ന അവകാശത്തെ ഭാവനയിൽ കാണുവാൻ പ്രയാസമാകുന്നെന്നു തിരുവചനം പറയുന്നു. "ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" (1.കൊരി.2:9). പാപത്തിന്റെ മോചനം നൽകി ദൈവമക്കളായി ദത്തെടുത്തു നമ്മെ ദൈവരാജ്യത്തിന്റെ അവകാശികളാക്കി തീർന്നു.

വിശുദ്ധ പൗലൊസ് ഒരിക്കൽ പോലും കൊലൊസ്യയിൽ പോയിട്ടില്ല. അവരുടെ പ്രശ്നങ്ങളെ കുറിച്ചു കേട്ടപ്പോൾ ആത്മാവിൽ ചലനമുണ്ടായി അവർക്കായി പ്രാർത്ഥിക്കുകയും അവരെ ദൈവരാജ്യത്തിന്റെ അവകാശികളാക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. ഇതു സ്വന്തം സഭയെ സംബന്ധിച്ചു മാത്രമല്ല എല്ലാ സഭകളെ കുറിച്ചുമുള്ള തന്റെ കരുതൽ കാണിക്കുന്നു. പൗലൊസിന്റെ ഈ പ്രാർത്ഥന തന്റെ പ്രാർത്ഥനകളുടെ മകുടമായി പരിഗണിക്കുന്നു. നമുക്കു അനുകരിക്കാവുന്ന നല്ല മാതൃകയാകുന്നു. നമ്മുടെ സഭക്കുവേണ്ടി, നമ്മുടെ സംഘടനയിലൂടെ ഉരുവായ സഭക്കു വേണ്ടി മാത്രം പ്രാർത്ഥിക്കാതെ മറ്റുള്ളവരാൽ സ്ഥാപിതമായ സഭകൾക്കു (ക്രിസ്തുവിന്റെ മണവാട്ടി) വേണ്ടിയും പ്രാർത്ഥിക്കണം. ക്രിസ്തുവിന്റെ ശരീരമാകുന്ന ആഗോള സഭക്കു വേണ്ടി പ്രാർത്ഥിക്കുവാൻ വിശുദ്ധനായ പൗലൊസ് നമുക്കു പ്രചോദനം നൽകുന്നു (എഫെ. 6:18; 1 തിമൊ.2:1).

**റവ. എഡ്വിൻ സെൽവരാജ്,**
Dean - NIM, Jhansi

ദൈവത്തെ സ്തുതിക്കാം

# ദേശീയ ആസൂത്രണ സമ്മേളനം 2022











നോർത്ത് ഈസ്റ്റേൺ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ

ഈ വർഷത്തെ (2022) ദേശീയ ആസൂത്രണ സമ്മേളനം ഫെബ്രുവരി 12,13 തീയതികളിൽ ചെന്നൈ ഗുരുകുലിൽ വെച്ച് നടത്തി. ഈ വർഷത്തെ സമ്മേളനത്തിന്റെ ചിന്താവിഷയം "ഉന്നതമായ പദ്ധതികൾ പിന്തുടരുക" (യിരെ.29:11) എന്നതായിരുന്നു. ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു ക്ഷണിതക്കളായി വന്ന മിഷനറിമാർ, ഹോണററി പ്രവർത്തകർ, പ്രാർത്ഥനക്കൂട്ട നേതാക്കന്മാർ അംഗങ്ങൾ തുടങ്ങി 189 പേർ ഈ ആസൂത്രണ സമ്മേളനത്തിൽ പങ്കെടുത്തു.

ആസൂത്രണ സമ്മേളനത്തിനു മുമ്പ് 2022 ഫെബ്രുവരി 11 നു 12 മണിക്കൂർ (7am -7pm) ഉപവാസ പ്രാർത്ഥന നടത്തി. നൂറിലധികം ആളുകൾ ഒരുമിച്ചു ചേർന്നു 2022 ആസൂത്രണ യോഗത്തിന്റെ അനുഗ്രഹത്തിനും നമ്മുടെ ശുശ്രൂഷയിലെയും രാജ്യത്തിലെയും വിവിധ വിഷയങ്ങൾക്കായും പ്രാർത്ഥിച്ചു. FMPB യുടെ മുൻ ജനറൽ സെക്രട്ടറി റവ. സുദർശൻ തോമസ് ദൈവവചനം പങ്കുവെച്ചു. മിഷൻ വയലിലെ ഡിവിഷണൽ, സോണൽ സെക്രട്ടറിമാർ കൊണ്ടുവന്ന പ്രാർത്ഥന വിഷയങ്ങൾ കോവിഡ് 19, സുവിശേഷ വിരോധികളുടെ എതിർപ്പ് തുടങ്ങിയ വെല്ലുവിളികളുടെ മദ്ധ്യേ കർത്താവ് ചെയ്യുന്ന അത്ഭുത പ്രവർത്തനങ്ങളുടെ ചിത്രം വ്യക്തമാ

ക്കുന്നതായിരുന്നു. ആസ്ഥാന മന്ദിര സെക്രട്ടറി റവ. പ്രഭാകര സാരഥി സമാപന സന്ദേശം നൽകി ഉദ്ബോധിപ്പിച്ചു.

ആസൂത്രണ സമ്മേളനത്തിന്റെ ഒന്നാം ദിനമായ 2022 ഫെബ്രുവരി 12ന് ആരംഭത്തിൽ ചെന്നൈ സൈദർപെട്ട് നേതാവ് ശ്രീ. ഇമ്മാനുവേലും സംഘവും പാട്ടിനും ആരാധനക്കും നേതൃത്വം നൽകി.

FMPB പ്രസിഡണ്ട് ശ്രീ. സി. റജിനാൾഡ് അദ്ധ്യക്ഷ പ്രസംഗം ചെയ്തു. ബാഗ്ലൂർ SAIACS ലെ പുതിയ നിയമ പ്രൊഫസറായ റവ. ഡോ. റോജി തോമസ് ഏബ്രഹാം ചിന്താവിഷയമായ യിരെ. 29:11 നെ അടിസ്ഥാനമാക്കി ദൈവവചനം പങ്കുവെച്ചു. ചിന്താവിഷയം ആഴമായി ഗ്രഹിക്കുന്നതിനു ഇതു സഹായകരമായി. FMPB യുടെ ജനറൽ സെക്രട്ടറി റവ. ജോൺ ബർലിൻ ഉന്നതമായ പദ്ധതികൾ പിന്തുടരുവാൻ യോഗത്തിൽ സംബന്ധിച്ചവരെ ആഹ്വാനം ചെയ്തു. 2022 –23 ആണ്ടു മുഴുവനുള്ള നമ്മുടെ ദൈനംദിനം പ്രവർത്തനത്തിൽ ഈ ചിന്താവിഷയം സ്വന്തമാക്കി പ്രായോഗികമാക്കണമെന്നു പ്രബോധിപ്പിച്ചു. പിന്നീട് ഡിവിഷനൽ സെക്രട്ടറിമാർ ആവശ്യമായ വിശദീകരണങ്ങളോടു കൂടെ അവരുടെ റിപ്പോർട്ട് അവതരിപ്പിച്ചതു പങ്കാളികളെ ദൈവത്തെ സ്തുതിക്കുന്നതിനു പ്രാപ്തമാക്കി. പങ്കെടുത്തവരെ പത്തു കൂട്ടമായി തിരിച്ചു അവർക്കു നൽകിയ പത്തു ചോദ്യങ്ങൾക്കു മസ്തിഷ്കോദ്ദീപനമായ ചർച്ചകൾ നടത്തി. ഇതിൽ പത്തു ഗ്രൂപ്പുകൾക്കും ചിന്തിക്കുന്നതിനു പൊതുവായ ഒരു ചോദ്യം നൽകി.

സമ്മേളനത്തിന്റെ രണ്ടാം ദിവസമായ 2022 ഫെബ്രുവരി 13 ന് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. റവ. ഡോ. റോജി തന്റെ സന്ദേശത്തിൽ വിശുദ്ധ കുർബാനയുടെ പ്രാധാന്യതയും ലക്ഷ്യവും എടുത്തു കാണിച്ചു. ഇത് പങ്കെടുത്ത പലരുടെയും കണ്ണു തുറപ്പിക്കുന്നതായിരുന്നു. അതിനു ശേഷം പത്തു ഗ്രൂപ്പുകളുടെയും നേതാക്കന്മാർ അവരുടെ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ഉൾക്കാഴ്ചകളും പ്രതീക്ഷകളും പങ്കുവെച്ചു. ഈ വർഷം ഊന്നൽ നൽകേണ്ട വിഷയങ്ങൾ ജനറൽ സെക്രട്ടറി റവ. ജോൺ ബർലിൻ വിശദീകരിച്ചു. ഇതു ചിന്താവിഷയത്തെ കുറിച്ചു വ്യക്തമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പങ്കെടുത്തവരെ പ്രേരിപ്പിച്ചു. FMPB യുടെ മുതിർന്ന മിഷനറിമാരിൽ ഒരാളായ ശ്രീമതി. മേരി അനന്ത ശേഖർ സമർപ്പണ പ്രാർത്ഥനക്കു നേതൃത്വം നൽകി. ഈ സമ്മേളനത്തിൽ പങ്കെടുത്തവരുടെ ഹൃദയത്തിലും മനസ്സിലും ഈ ചിന്താവിഷയം നിറഞ്ഞു നിൽക്കണമെന്നു പ്രസിഡണ്ട് റവ. സി റജിനാൾഡ് സമാപന സന്ദേശത്തിൽ ഊന്നൽ നൽകി. മുതിർന്ന പ്രാർത്ഥനക്കൂട്ട നേതാവ് ശ്രീമതി. ശകുന്തള ദാനിയേലിന്റെ പ്രാർത്ഥനയോടും ജനറൽ സെക്രട്ടറിയുടെ ആശീർവദത്തോടും കൂടെ ആസൂത്രണ സമ്മേളനം സമംഗളം അവസാനിച്ചു.

ഈ ആസൂത്രണ സമ്മേളനം വിജയകരമാക്കുന്നതിനു അക്ഷീണം അദ്ധ്വാനിച്ച എല്ലാ പ്രാർത്ഥനക്കൂട്ട നേതാക്കന്മാരോടും ആസ്ഥാന മന്ദിരത്തിലെ നേതാക്കന്മാരോടും സന്നദ്ധ പ്രവർത്തകരോടുമുള്ള ഹൃദയംഗമായ നന്ദി ഇത്തരുണം രേഖപ്പെടുത്തുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

- **റവ. കെ. പ്രഭാകര സാരഥി,** FMPB, ആസ്ഥാന മന്ദിര സെക്രട്ടറി

# കോതമ്പു മണിയായി വീണു



## റവ. വൈ. ഹിൽക്കിയ

**വ്യക്തിഗത സുവിശേഷീകരണത്തിൽ തീഷ്ണതയുള്ള ആചാര്യൻ**

(20.02.1938 - 23.01.2022)

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ മിഷനറിയായി ഉത്തരേന്ത്യയിലേക്കു ആദ്യമായി പോയ റവ. വൈ ഹിൽക്കിയ നമുക്കു അനുകരിക്കുവാൻ സമ്പന്നമായ ഒരു പാരമ്പര്യം ആവശേഷിപ്പിച്ചു കൊണ്ട് 2022 ജനുവരി 23 ന് നിത്യതയിലേക്കു പ്രവേശിച്ചു. കന്യാകുമാരി ജില്ലയിൽ തിക്കനംകോടയിലുള്ള പരുപ്പുവിളയിലെ ക്രിസ്തീയ മാതാപിതാക്കളായ ശ്രീ. ഈനോക്കിന്റെയും ശ്രീമതി തങ്കവടിവിന്റെയും രണ്ടാമത്തെ മകനായി 1938 ഫെബ്രുവരി 20 ന് ജനിച്ചു. രക്ഷിതാവായ യേശുക്രിസ്തുവിനോടു സമർപ്പണമുള്ള ജീവിതം നയിച്ചു. തന്റെ കുടുംബത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഉന്നതപഠനത്തിനു പോകുവാൻ സാധിക്കാത്തതിനാൽ ഹിന്ദി പഠനം തുടർന്നു ആഗ്രാ യൂണിവേഴ്സ്റ്റിയിൽ നിന്നു ബിരുദാനന്തരബിരുദം കരസ്ഥമാക്കി. ഒരു ട്യൂട്ടോറിയൽ കോളജിൽ ഹിന്ദി അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് സ്കോട്ട് ക്രിസ്റ്റ്യൻ ഹൈ സ്കൂളിൽ ഹിന്ദി പണ്ഡിറ്റായി ചേർന്നു പ്രവർത്തിച്ചു. ട്രിച്ചി, അറുപ്പുകോട്ടൈ എന്നീ സ്കൂളുകളിലും ഹിന്ദി അദ്ധ്യാപകനായി ജോലി ചെയ്തു.

ശ്രീ. ഹിൽക്കിയായ്ക്കു ശൈശവപ്രായം മുതൽ തന്നെ സ്വഭാവികമായി വളരെ നേർമ്മയായ കരച്ചിൽ ശബ്ദമായിരുന്നു. ഈ ബലഹീനത നിമിത്തം കുടുംബത്തിലും സ്കൂളിലും ഇദ്ദേഹത്തെ ആരും അംഗീകരിച്ചില്ല. എന്നിരുന്നാലും അദ്ദേഹത്തിന്റെ സത്യസന്ധതയും പഠനത്തിലുള്ള കഠിനാദ്ധ്വാനവും കാരണം സണ്ടെസ്കൂൾ അദ്ധ്യാപിക അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു. 1956 ൽ FMPB യുടെ ആദ്യകാല നേതാവായ ശ്രീ. പി. ശാമുവേൽ ഹിൽക്കിയായെ രക്ഷയിലേക്കു നയിച്ചു. ലെ മെൻ ഇവാൻജലിക്കൽ ഫെലോഷിപ്പിലൂടെ ആത്മീകമായി വളർന്നു. റവ. ഹിൽക്കിയ കന്യാകുമാരി ജില്ലയിൽ കൊല്ലംകോടിൽ അദ്ധ്യാപികയായി ജോലി ചെയ്തു കൊണ്ടിരുന്നു ശ്രീമതി ഡെയ്സിയെ 1966 മെയ് 16 ന് വിവാഹം കഴിച്ചു. കുടുംബമായി അവർക്കു ഒരുമിച്ചു ജീവിക്കുവാൻ കഴിയുന്ന വിധം സ്ഥലം മാറ്റം ലഭിക്കേണ്ടതിനായി പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു അവരുടെ ഹിതം നിറവേറ്റി. കന്യാകുമാരി ജില്ലയിലെ മരുത്തുകുളത്തു പാർക്കുന്ന വേളയിൽ 1967 ജനുവരി 19 ന് ഒരു മകനെ (പ്രേം സിങ്) നൽകി അനുഗ്രഹിച്ചു.

ജോലിസ്ഥലത്തു വെച്ചു സഹോ. ഹിൽക്കിയ, ചിത്രരചന അദ്ധ്യാപകനായി സ്കൂളിൽ ചേർന്ന ശ്രീ. നവനീഥറിനെ (പിൽക്കാലത്ത് FMPB യുടെ ഗോസ്പൽ രഥത്തിനു നേതൃത്വം നൽകി) പരിചയപ്പെട്ടു. സഹോ. നവനീഥർ FMPB യുടെ പ്രവർത്തന

ത്തെ സഹോ. ഹിൽക്കിയയ്ക്കു പരിചയപ്പെടുത്തി. പിന്നീട് അവർ ഒരുമിച്ചു പ്രാർത്ഥിക്കുകയും കുട്ടികളുടെ മദ്ധ്യത്തിലും മറ്റുള്ളവരുടെയിടയിലും ശുശ്രൂഷ ചെയ്തു അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു. സഹപ്രവർത്തകരായ ഇവർ രാജ്യത്തിനു വേണ്ടി ഇടിവിൽ നിന്നു പ്രാർത്ഥിച്ചു. FMPB യുടെ ആദ്യ മിഷനറി റവ. ഹാരീഷ് ഹിൽട്ടൻ അയച്ചു കൊടുത്ത പ്രാർത്ഥന വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചുറ്റുപാടുകളിൽ സുവിശേഷ വേല ചെയ്യുകയും ചെയ്തു. തുത്തൂക്കുടി ജില്ലയിലെ പന്നവിളയിൽ FMPB നടത്തിയ ഗിദയൊനൈറ്റ്സ് യോഗത്തിൽ വെച്ചു ദക്ഷിണ പസഫിക് സമുദ്രത്തിലുള്ള ന്യൂ ഹെബ്രഡ്സ് ദ്വീപിലുള്ള നരഭോജികളുടെ ഇടയിൽ പ്രവർത്തിച്ച സ്കോട്ലന്റ് മിഷനറിയായ ജോൺ ജി പാറ്റോണിന്റെ വെല്ലുവിളി നിറഞ്ഞ ജീവിതത്തെ കുറിച്ചു കേൾക്കുവാൻ ഇടയായി. ശ്രീ. പി. ശമുവേലിന്റെയും ശ്രീ. എമിൽ ജപസിങിന്റെയും സന്ദേശത്തിലൂടെ പൂർണ്ണ സമയ ശുശ്രൂഷക്കായി ദൈവം വിളിച്ചു. ദൈവ വിളിയോടുള്ള അനുസരണമായി റവ. ഹിൽക്കിയായും ശ്രീമതി ഡെയ്സിയും തങ്ങളുടെ സമർപ്പണത്തെ കുറിച്ചു പരസ്പരം അറിയാതെ മിഷനറിയായി ഉത്തരേന്ത്യയിലേക്കു പോകുവാൻ തങ്ങളെ സമർപ്പിച്ചു. FMPB യുടെ ആദ്യത്തെ മൊബലൈസേഷൻ സെക്രട്ടറിയും പാസ്റ്ററുമായ റവ. കെ. എസ്. ഏബ്രഹാം മിഷനറി സമർപ്പണ ശുശ്രൂഷ ക്രമീകരിച്ചു 1971 ജൂൺ 20 ന് റവ. ഹിൽക്കിയായെയും ശ്രീമതി ഡെയ്സിയെയും മിഷനറിമാരായി സമർപ്പിച്ചു പ്രാർത്ഥിച്ചു. FMPB ആലോചിച്ചു തീരുമാനിച്ച പ്രകാരം ആദ്യത്തെ മിഷൻ വയൽ ഉത്തർപ്രദേശിലെ ബസ്തിയിൽ ആരംഭിച്ചു. FMPB യുടെ ആദ്യ അസോസിയേറ്റ് ജനറൽ സെക്രട്ടറി സഹോ. സൈമൺ റോബർട്ട്സ് 1971 ജൂലൈ 19 ന് റവ. ഹൽക്കിയായുടെ കൂടെ തൂത്തുക്കുടിയിൽ നിന്നു ഉത്തരേന്ത്യ വരെ പോയി. 1971 ജൂലൈ 21 ന് അവർ ബസ്തിയിൽ എത്തി. ഈ ദിനം FMPB യുടെ ചരിത്രത്തിലെ നിർണ്ണായക ദിനമായി മാറി. ദൈവരാജ്യ വിസ്തൃതിക്കായി ഉത്തരേന്ത്യൻ മണ്ണിൽ പാദമൂന്നി അടിത്തറ ഇട്ടു.

സിലോൺ - ഇന്ത്യ ജനറൽ മിഷന്റെ പഴയ കെട്ടിടത്തിൽ താമസിച്ചു കൊണ്ട് സഹോ. ഹിൽക്കിയ കുടുംബമായി സുവിശേഷത്തിന്റെ വിത്തു ചമാർ ജാതി സമൂഹത്തിന്റെ ഇടയിൽ വിതെച്ചു. ഹിൽക്കിയ ദമ്പതികൾ എല്ലാ ദിവസവും അതിരാവിലെ നാലു മണിക്കു ഉണർന്നു അന്നു ചെയ്യേണ്ട പ്രവർത്തനത്തിനായി ദൈവീക ആലോചന ചോദിക്കുന്ന പതിവുണ്ടായിരുന്നു. **തീയോളജിയെക്കാൾ മെച്ചം മുട്ടോളജി** ആണെന്നു ശ്രീ. ഹിൽക്കിയ തമാശ രൂപേണ പറയുമായിരുന്നു. ദൈവത്തിന്റെ വചനം ഫലം നൽകാതെ മടങ്ങി വരികയില്ലെന്നതു (യെശ.55:11) അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസമായിരുന്നു. അദ്ദേഹത്തെ കടന്നു പോകുന്ന ഒരു വ്യക്തി പോലും സുവിശേഷം കേൾക്കാതെ രക്ഷപ്പെട്ടു പോകയില്ല എന്നതാണ് സഹോ. ഹിൽക്കിയായുടെ പ്രവർത്തനത്തിന്റെ അതുല്യത. ഒന്നുകിൽ അവർക്കു ഒരു ലഘുലേഖ കൊടുക്കും അല്ലെങ്കിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തെ കുറിച്ചു അവരോടു പങ്കുവെക്കും. ട്രെയിൻ യാത്രയിൽ എല്ലാ ബോഗിയിലും കടന്നു ചെന്നു ലഘുലേഖ വിതരണം ചെയ്തു സുവിശേഷം പങ്കുവെക്കും. സ്കൂളുകളിലും സർക്കാർ ആഫീസുകളിലും കോടതി പരിസരത്തു പോലും അദ്ദേഹം സുവിശേഷം പങ്കുവെക്കുമായിരുന്നു. ക്രിസ്തു മതം വിദേശ മതമാണെന്നും യേശുക്രിസ്തു വിദേശ ദൈവമാണെന്നും ഹിന്ദി സംസാരിക്കുന്ന ആളുകളുടെ ഇടയിൽ തെറ്റിദ്ധാരണ പരന്നിരുന്നു. ഇതു സുവിശേഷ വ്യാപനത്തിനു പലപ്പോഴും തടസ്സമായി മാറിയിരുന്നു. എന്നാൽ ഹിന്ദി ഹൃദയഭൂമിയിൽ ശ്രീ. ഹിൽക്കിയായുടെ സഹിഷ്ണതയും കഠിനാദ്ധ്വാനവും നല്ല ഫലങ്ങൾ നൽകി. ക്രിമിനലും കൊള്ളക്കാരനും കുലപാതകിയുമായ അർജുൻ ചൗബേ

യെ പരിശുദ്ധാത്മാവ് സ്പർശിച്ചു. ഇദ്ദേഹം FMPB യുടെ ഉത്തരേന്ത്യ പ്രവർത്തനത്തിന്റെ ആദ്യഫലമായിരുന്നു. സുവിശേഷം പ്രസംഗിക്കുന്നതിനായി അനേക ഗ്രാമങ്ങൾ സന്ദർശിക്കുന്നതിനായി നടത്തുന്ന സൈക്കിൾ സവാരിയിൽ റവ. ഹിൽക്കിയ ഒരിക്കലും ക്ഷീണിതനായിട്ടില്ല. ബൻഹട് ഗ്രാമത്തിലെ പീറ്റർ ഹരിറാം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും പിന്നീട് FMPB മിഷനറിയാകുകയും ചെയ്തു.

1973 ആഗസ്റ്റ് 7 ന് ഹിൽക്കിയ ദമ്പതികൾക്കു ഒരു പെൺകുഞ്ഞ് ജനിച്ചെങ്കിലും ഒരു മാസത്തിനുള്ളിൽ ആ പൈതൽ മരിച്ചു. വാടകയ്ക്കെടുത്തു ഒരു വാഹനത്തിൽ ആശുപത്രിയിൽ നിന്നും പൈതലിന്റെ ഭൗതീക ശരീരവുമായി മടങ്ങിവരുന്ന ദുഃഖ വേളയിൽ പോലും സഹോ. ഹിൽക്കിയ ലഘുലേഖകൾ വിതരണം ചെയ്തു സുവിശേഷം പ്രഘോഷിച്ചു. 1974 ൽ സഹോ. ഹിൽക്കയായുടെ കുടുംബത്തിൽ ഒരു പെൺപൈതലിനെ [ഹെലീന മുറിയാൾ (മിട്ടു)] നൽകി ദൈവം അനുഗ്രഹിച്ചു. മൂത്തമകൻ tent-making ശുശ്രൂഷയിൽ പ്രവർത്തിക്കുന്നു. മകൾ ഹെലൻ നേഴ്സിങ് എഡ്യുക്കേഷൻ ബോർഡിൽ (NL, CMAI, South India Branch) സെക്രട്ടറിയായി പ്രവർത്തിക്കുന്നു.



ഹിന്ദി അദ്ധ്യാപകനായ റവ. ഹിൽക്കിയ യുവ മിഷനറിമാരുടെ പരിശീലകനായും നല്ല ആലോചനക്കാരനായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ദൈവത്തിന്റെ മഹാ നിയോഗത്തോടു അനുസരണമുള്ളവനായിരുന്നു, സുവിശേഷ ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും താൻ കാൽ വെക്കുന്നിടത്തെല്ലാം എല്ലാത്തരം ആളുകളോടും സുവിശേഷം പ്രഘോഷിക്കാനും ആവേശവും ധൈര്യവും ഉള്ളവനായിരുന്നു. അദ്ദേഹത്തിന്റെ ലളിത ജീവിതശൈലി അനേകരുടെ ജീവിതങ്ങളിൽ വെല്ലുവിളി ഉയർത്തിയിരുന്നു. പ്രായമോ പദവിയോ വ്യത്യാസമില്ലാതെ എല്ലാ തരത്തിലുള്ള ആളുകളോടും സൗഹൃദം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ സഹായിക്കുവാനുള്ള മനസ്സും നർമ്മ മനോഭാവവും അതിനു കാരണമായി തീർന്നു. ഹിൽക്കിയ ദമ്പതിമാർ ഇതര സംസ്കാരമുള്ള ജനങ്ങളുടെ മദ്ധ്യത്തിൽ 32 വർഷം പ്രശംസനീയമാം വിധം പ്രവർത്തിച്ചു തങ്ങളുടെ പിൻഗാമികൾക്കു ഉറപ്പുള്ള അടിത്തറപാകി സജീവ സേവനത്തിൽ നിന്നു വിരമിക്കുന്ന 2003 വരെ പ്രവർത്തിച്ചു. ബസ്തിയുടെ പ്രദേശത്ത് എവിടെയൊക്കെ ഹിൽക്കിയ ദമ്പതികളുടെ പാദങ്ങൾ പതിഞ്ഞോ, എവിടെയൊക്കെ സുവിശേഷത്തിന്റെ ദീപം തെളിയിച്ചോ അവിടെയെല്ലാം അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു, സഭകൾ സ്ഥാപിതമായി. സജീവ സേവനത്തിൽ നിന്നു വിരമിച്ചതിനു ശേഷം സ്വദേശത്തു അവർ ശുശ്രൂഷ തുടർന്നു. നിരവധി മിഷൻ വയലുകൾ സന്ദർശിച്ച് യുവ മിഷനറിമാരെ ഉത്തേജിപ്പിച്ചു.

2022 ജനുവരി 23 ന് ദൈവമായ കർത്താവ് റവ. ഹിൽക്കിയാവിനെ തിരികെ വിളിച്ചു. 2022 ജനുവരി 24 ന് പുനരുത്ഥാന നാളിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ അദ്ദേഹത്തിന്റെ ജന്മഗ്രാമത്തിൽ ഭൗതിക ശരീരം സംസ്കരിച്ചു. സന്തോഷത്തിന്റെ സദ്വാർത്ത സ്വീകരിച്ച് സമാധാനത്തിന്റെയും രക്ഷയുടെയും പ്രസിദ്ധീകരണം നടത്തിയ റവ. ഹിൽക്കിയായുടെയും ശ്രീമതി ഡെയ്സി ഹിൽക്കിയായുടെയും പാദങ്ങൾ ബസ്തിയിലെ മിഷൻ വയലുകളിൽ എത്ര മനോഹരം. സുവിശേഷത്തിനും ദൈവനാമമഹത്വത്തിനു വേണ്ടി ഈ കുടുംബം ചെയ്ത ത്യാഗ

# പിന്തുടരേണ്ട കാൽപാടുകൾ



*ജോർജ്ജ് മുള്ളർ*

## പ്രാർത്ഥനയിൽ അടിയുറച്ച വിശ്വാസ ജീവിതം!

ഇംഗ്ലണ്ടിലെ ബ്രിസ്റ്റോൾ തുറമുഖത്തിനു മുകളിൽ രാത്രിയുടെ പുതപ്പു വീഴുന്നു, ജോർജ്ജ് മുള്ളറും ഭാര്യയും ആരംഭിച്ച ആനാഥാലയത്തിലെ കുട്ടികൾ ഉറങ്ങുവാൻ തയ്യാറെടുക്കുകയായിരുന്നു. ജോർജ്ജ് തന്റെ പഠനമുറിയിൽ സജീവമായിരുന്ന വേളയിൽ ആശങ്കപ്പെടുത്തുന്ന വാർത്തയുമായി ഭാര്യ കടന്നു വന്നു. “നമ്മുടെ പാൽ തീർന്നു പോയി” അവൾ തുടർന്നു, “നാളത്തെ പ്രഭാത ഭക്ഷണം തയ്യാറാക്കുന്നതിനു ആവശ്യമായ പാൽ ഇല്ല”. ജോർജ്ജ് തന്റെ പേന താഴെ വെച്ചു. ആവശ്യത്തിനു ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനുള്ള പണം തീർന്നു പോകുന്നത് ആദ്യ സംഭവമല്ല. 1836 ൽ മുള്ളർ 30 പെൺകുട്ടികളുമായിട്ടാണ് ആദ്യ അനാഥ ശാല ആരംഭിക്കുന്നത്. ഇപ്പോൾ നൂറിലധികം കുട്ടികൾ ഉണ്ട്. ഇങ്ങനെ സ്ഥാപനം തുടങ്ങുന്നതിനു മുമ്പ് ജോർജ്ജ് ആദ്യമെടുത്ത തീരുമാനം ആളുകളോടു പണം ചോദിക്കുകയില്ല എന്നതായിരുന്നു എല്ലാ ആവശ്യത്തിനും അദ്ദേഹം ദൈവത്തിന്റെ വിശ്വസ്തതയിലും കരുതലിലും വിശ്വസിച്ചു ദൈവസന്നിധിയിൽ ചെന്നു.

പാസ്റ്റർ തന്റെ കസേരയിൽ നിന്നും എഴുന്നേറ്റു ഭാര്യയുടെ കരം പിടിച്ചു പറഞ്ഞു, മേരി നമുക്കു പ്രാർത്ഥിക്കാം. അനാഥ ശാലയിലെ രണ്ടു ജോലിക്കാരും അവിടേക്കു വന്നു. അവർ ഒരുമിച്ചു അവരുടെ ലളിതമെങ്കിലും അടിയന്തിരമായ ആവശ്യത്തിനായി ദൈവത്തോടു യാചിച്ചു. നിസ്സഹായരായ ചെറിയ കുഞ്ഞുങ്ങൾ ഉപജീവനത്തിനായി അവരുടെ മുഖത്തേക്കു നോക്കിയിരിക്കുന്നു. “നിങ്ങൾ അവനോടൊപ്പം നടക്കുകയും അവനിലേക്കു നോക്കുകയും അവനിൽ നിന്നു സഹായം പ്രതീക്ഷിക്കുകയും ചെയ്താൽ ഉറപ്പുള്ളവരായിരിക്കുക” ജോർജ്ജ് പിന്നീട് അവരെ ഓർമ്മപ്പെടുത്തി, “അവൻ ഒരു നാളും നിങ്ങളെ ഉപേക്ഷിക്കയില്ല”. ആരോ അവരുടെ വാതിലിൽ മുട്ടി. പഠനത്തിലേക്കു മടങ്ങിയ ഭർത്താവിന്റെ അടുക്കൽ മറുപടിക്കായി മേരി തിടു

---

പൂർവ്വമായ പ്രവർത്തനത്തെ FMPB കുടുംബം ആഴമായി തിരിച്ചറിയുന്നു. ഇവരുടെ പ്രവർത്തനം ദൈവത്തിനു സുഗ്രാഹ്യമായ സൗരഭ്യവാസനയായി തീർന്നെന്നു മാത്രമല്ല സുവിശേഷം എത്തപ്പെടാത്ത ഉത്തരേന്ത്യയുടെ മൂലകളിൽ സുവിശേഷം എടുത്തു കൊണ്ടു പോകുന്ന യുവ മിഷനറിമമാരുടെ ആലകൾ ഉണ്ടാക്കുകയും ചെയ്തു. നിലനിൽക്കുന്നതിനായി ജീവിതത്തെ പ്രയോജനകരമായി ചിലവഴിക്കുക എന്ന സമ്പന്നമായ പൈതൃകം റവ. ഹിൽക്കിയ നമുക്കായി ശേഷിപ്പിച്ചു.

– റവ. ഡോ. ഇ രാജൻ, FMPB

ക്കപ്പെട്ടു വന്നു. ഒരു കവർ ഭർത്താവിന്റെ കരത്തിൽ കൊടുത്തു പറഞ്ഞു. “ഇതൊരു കത്താണ് ജോർജ്ജ് പെട്ടെന്നു തുറന്നു നോക്കുക”. അതിൽ കുറച്ചു പണം ആയിരുന്നു. അവർക്കു പാൽ വാങ്ങുവാൻ ആവശ്യമായതിലും അധികം പണം. മിനിട്ടുകൾക്കുള്ളിൽ രണ്ടു കത്തുകൾ കൂടി വന്നു. അതിൽ പണവും അവരെ സഹായിക്കുന്നതിനുള്ള വാഗ്ദാനവും ഉണ്ടായിരുന്നു.

മുള്ളർ 1805 ൽ പ്രഷ്യയിൽ (ഇന്നത്തെ ജർമ്മനിയിൽ) ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് നികുതി പിരിവുകാരൻ ആയിരുന്നു. ജോർജ്ജ് പലപ്പോഴും പിതാവിന്റെ പണം മോഷ്ടിക്കുമായിരുന്നു. ചെറുപ്പമായിരുന്ന മുള്ളർ മോഷ്ടാവ് മാത്രമല്ലായിരുന്നു അവൻ ചൂതാട്ടക്കാരനും മദ്യപനും ആയിരുന്നു. 1819 ൽ മുള്ളേഴ്സ് പറഞ്ഞതനുസരിച്ച് 14 വയസ്സുകാരനായ മുള്ളർ തന്റെ അമ്മ മരിച്ച രാത്രിയിൽ സുഹൃത്തുക്കളുമായി ഒരു ഭക്ഷണശാലയിൽ ഇരുന്നു ചീട്ടുകളിക്കുകയായിരുന്നു, അമ്മയുടെ മരണത്തെ കുറിച്ചു അറിയാതെ അടുത്ത ദിവസം മദ്യപിച്ചു സമയം കളഞ്ഞു. മുള്ളറിന്റെ മാതാപിതാക്കൾ കർത്താവിനെ അറിയാത്തവരായിരുന്നതിനാൽ അവനെ ക്രിസ്തീയ മാർഗ്ഗത്തിൽ അവർ വളർത്തിയില്ല.

ചെറുപ്പകാരനായ മുള്ളറിനെ ഇരുപതാമത്തെ വയസ്സിൽ ലൂഥറൻ പട്ടക്കാരനാക്കുന്നതിനു പഠനത്തിനായി ഹല്ലെയിലേക്കു അയച്ചു. വിശ്വാസിയായതുകൊണ്ടല്ല സുഖപ്രദമായ ജീവിതശൈലിക്കു വേണ്ടിയാണ് പട്ടക്കാരനാക്കാൻ ശ്രമിച്ചത്. പട്ടക്കാരൻ ആകുവാൻ പഠിച്ചിട്ടും മുള്ളർ തന്റെ ദുഷിച്ച ജീവിത ശൈലി തുടർന്നു. കൂട്ടുകാരുടെ പണം പലപ്പോഴും മോഷ്ടിച്ചു. മുള്ളറും അവന്റെ കൂട്ടുകാരും വേനൽകാലം ചിലവിടുന്നതിനു സ്വിറ്റ്സർലണ്ടിലേക്കു പോയി. അതിനുള്ള അനുവാദത്തിനായി അവരുടെ പിതാക്കന്മാരുടെ കള്ളയൊപ്പു മുള്ളർ ഇട്ടു കൊടുത്തു. ഒരു ദിവസം മുള്ളറിന്റെ കൂട്ടുകാരിൽ ഒരാളായ ബെറ്റ ശനിയാഴ്ച രാത്രിയിൽ നടക്കുന്ന ബൈബിൾ ക്ലാസ്സിൽ സംബന്ധിക്കുവാൻ മുള്ളറിനെ ക്ഷണിച്ചു. മുള്ളറിന്റെ ജീവിതത്തിൽ ഇതു പോലത്തെ അനുഭവം ഉണ്ടായിട്ടില്ല. വിദ്യാർത്ഥികൾ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നു, പാട്ടുകൾ പാടുന്നു, ഒരു ദൈവശുശ്രൂഷകൻ എഴുതിയ സന്ദേശം ശ്രവിച്ചു. മടക്ക യാത്രയിൽ മുള്ളർ ബേറ്റയോടു പറഞ്ഞു, സ്വിറ്റ്സർലണ്ടിൽ നമ്മൾ കണ്ട കാഴ്ചകളും നമ്മുടെ മുൻകാല ആനന്ദങ്ങളും ഈ രാത്രിയിലെ അനുഭവമായി താരതമ്യം ചെയ്താൽ ഒന്നുമില്ല. ആ ആഴ്ചയിൽ തന്നെ മൂള്ളർ മുഴങ്കാലിൽ നിന്നു കൊണ്ടു തന്റെ ജീവിതത്തെ ക്രിസ്തുവിനായി സമർപ്പിച്ചു. ആ ദിനം 1825 ഒക്ടോബർ 31 ആയിരുന്നു.

1832 ലെ വസന്തകാലം അദ്ദേഹവും സുഹൃത്ത് ക്രായ്ക്കും കൂടി ബ്രിസ്റ്റോളിൽ ഒരു സന്ദർശനത്തിനു പോയി. രണ്ടു പേരും അവിടെ താമസക്കാമെങ്കിൽ ബേഥെസ്ദ ചാപ്പൽ ഒരു വർഷത്തെക്കു അവർക്കു വാടകയ്ക്കു നൽകാമെന്നു ഒരു സുഹൃത്ത് വാഗ്ദാനം ചെയ്തു. ക്രായ്ക്കും മുള്ളറും ആ ആഹ്വാനം സ്വീകരിച്ചു. 1832 മെയ് 5 ന് മുള്ളർ ബ്രിസ്റ്റലിൽ സ്ഥിരതാമസമാക്കുവാൻ തീരുമാനിച്ചു. മുള്ളറിന്റെ മരണം വരെ അത് അദ്ദേഹത്തിന്റെ ഭവനമായി തീർന്നു. 1836 ൽ വിൽസൺ സ്ട്രീറ്റിൽ മുള്ളർ തന്റെ ആദ്യത്തെ അനാഥശാല തുറന്നു. ആദ്യം അവിടെ കുട്ടികൾ ആരുമില്ലായിരുന്നു. പിന്നീട് കുട്ടികൾക്കായി പ്രാർത്ഥിച്ചില്ലെന്ന് അദ്ദേഹത്തിനും ഭാര്യക്കും മനസ്സിലായി. അവർ പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ കുട്ടികൾ ഒഴുകിയെത്തി. ആവശ്യം വർദ്ധിച്ചപ്പോൾ മുള്ളറിനു കൂടുതൽ അനാഥാലയങ്ങൾ

പണിയേണ്ടി വന്നു. ഒടുവിൽ വിൽസൺ സ്ട്രീറ്റിലെ കുട്ടികളുടെ എണ്ണം പെരുകി.

അയൽക്കാർ കുട്ടികളെ കുറിച്ചു പരാതി പറയുവാൻ തുടങ്ങി. മറ്റൊരു സ്ഥലം കണ്ടുപിടിക്കുന്നതിനു സമയമായെന്നു മുള്ളറിനു മനസ്സിലായി. പതിവു പോലെ അനാഥർക്കായി ഒരു ഭവനത്തിനായി പ്രാർത്ഥിച്ചു. അങ്ങനെ അനാഥാലയം അഷ്ലി ടൗൺ തെരുവിലേക്കു മാറ്റി. അവിടെ കുട്ടികൾക്കു കൂടുതൽ മുറികളുണ്ടായിരുന്നു. അനാഥാലയം വികസനത്തിനും സാധ്യതയുണ്ടായിരുന്നു. ജോർജ്ജ് മുള്ളറെ അനാഥ കുട്ടികൾക്കായുള്ള പ്രവർത്തനത്തിന്റെ പേരിൽ സ്മരിക്കപ്പെടുന്നതെങ്കിലും തന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു പ്രാർത്ഥനയെ ഉപയോഗിച്ച വ്യക്തിയെന്നതു എടുത്തു പറയേണ വസ്തുതയാകുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്തിനു ഒരു വർഷം 2,64,000 ഡോളർ ആവശ്യമായിരുന്നു. 2100 അനാഥ കുട്ടികൾക്കു ദിവസം മൂന്നു നേരം വീതം 365 ദിവസം ഭക്ഷണം നൽകണം. 189 മിഷനറിമാരെ സഹായിക്കണം. 100 സ്കൂളുകളിലായി 9000 കുട്ടികൾ. നാലു ദശലക്ഷം ലഘുലേഖകളും ആയിരക്കണക്കിനു വേദപുസ്തകങ്ങളും അയയ്ക്കണം. ദൈവം അദ്ദേഹത്തിന്റെ സകലആവശ്യങ്ങളും അത്ഭുതകരമാം വിധം നടത്തി കൊടുത്തു.

ജേർജ്ജ് മുള്ളർ തന്റെ എഴുപതാമത്തെ വയസ്സിൽ തുടർന്നുള്ള ജീവിത കാലം ലോകവ്യാപകമായി പ്രസംഗിക്കുന്നതിനും വചനം പഠിപ്പിക്കുന്നതിനും തന്റെ ക്രിസ്തീയ വിശ്വാസം പങ്കുവെക്കുന്നതിനുമായി സമർപ്പിച്ചു. അനാഥശാലകൾ തന്റെ മകൾ ലിദ്ദിയായുടെയും അവളുടെ ഭർത്താവ് ജയിംസ് റൈറ്റിന്റെയും കരങ്ങളിൽ എൽപിച്ചിട്ട് അടുത്ത 17 വർഷം യാത്ര ചെയ്തു. ആ യാത്ര വേളയിൽ അദ്ദേഹം നാലു പ്രാവശ്യം യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയും രണ്ടു പ്രാവശ്യം ഇന്ത്യയും രണ്ടു വ്യത്യസ്ഥ സാഹചര്യത്തിൽ ഓസ്ട്രേലിയ, ബ്രിട്ടീഷ് കോളനികളും സന്ദർശിച്ചു. ഇതു കൂടാതെ ചൈന, ജപ്പാൻ ഉൾപ്പടെ 42 രാജ്യങ്ങളിൽ മുള്ളർ പ്രസംഗിച്ചു. 17 വർഷത്തെ മിഷനറി യാത്രയിൽ അദ്ദേഹം ഏകദ്ദേശം 2,00,000 മൈലുകൾ സഞ്ചരിച്ചു മൂന്നു ദശലക്ഷത്തിലധികം ആളുകളോടു ദൈവവചനം പങ്കുവെച്ചു.

1898 മാർച്ച് 9 ന് ബ്രിസ്റ്റലിൽ മുള്ളർ പാസ്റ്ററായിരുന്ന സഭയിൽ ഒരു പ്രാർത്ഥന യോഗം സംഘടിപ്പിച്ചു. അടുത്ത ദിവസം മാർച്ച് 10 ന് മുള്ളർ തന്റെ 92-ാമത്തെ വയസ്സിൽ നിത്യതയിൽ പ്രവേശിച്ചു. അനാഥാലയങ്ങൾ നടത്തിയതിലൂടെയും പ്രസംഗങ്ങളിലൂടെയും സ്വാധീനിക്കപ്പെട്ടവരും താൻ ശുശ്രൂഷിച്ച സഭയിലെ അംഗങ്ങളും ഉൾപ്പടെ വലിയൊരു ജനവലി അദ്ദേഹത്തിന്റെ ശവമഞ്ചത്തിന്റെ പിന്നാലെ അനുഗമിച്ചു. ജേർജ്ജിന്റെ നാടകീയമായ മാനസാന്തരത്തിനു ശേഷം അദ്ദേഹം ഒരു പ്രാർത്ഥന മനുഷ്യനായി തീർന്നു. തന്റെ ആവശ്യങ്ങളും താൻ പോഷിപ്പിക്കുന്ന അനാഥരുടെ ആവശ്യങ്ങളും നൽകിത്തരുവാൻ ദൈവം മതിയായവൻ എന്നു അദ്ദേഹത്തിനു അറിയാമായിരുന്നു. മുള്ളറിന്റെ ജീവിത കഥയിലൂടെ പ്രാർത്ഥനയിൽ സ്ഥിരോത്സാഹം കാണിക്കുവാൻ നമുക്കു പഠിക്കാം. ദൈവത്തിന്റെ സമയത്തു (തക്കസമയത്തു) ദൈവം നമ്മുടെ പ്രാർത്ഥനകൾക്കു ഉത്തരം നൽകും. വിശ്വാസവും ക്രിസ്തീയ ശുശ്രൂഷകളും കരം കോർത്തു പ്രാർത്ഥനയിലൂടെ മുന്നോട്ടു പോകുമെന്നു ജോർജ്ജ് മുള്ളർ നമ്മെ പഠിപ്പിക്കുന്നു.

– സഹോ.ഡേവിഡ് ബെന്നി



# ബംഗുരുസുനി സഭാ ചരിത്രം

**ആരംഭം മുതൽ 2014 ഫെബ്രുവരി വരെ**

**ഹരിച്ചന്ദൂർ മിഷൻ വയൽ, ഉത്ക്കൽ റീജിയൻ, സൗത്ത് ഈസ്റ്റേൺ സോൺ**

*തയ്യാറാക്കിയത്:*

**ശ്രീമതി അഗസ് എഡ്വേർഡ്**

ബംഗുരുസുനി, ഒറിസ്സയിൽ കെന്ദുജാർ ജില്ലയിലെ ഹരിചന്ദൻപൂർ ബ്ലോക്കിലുള്ള ദയ്ത്തിരി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഇടത്തരം ഗ്രാമമാകുന്നു. ഒറിസ്സയുമായി തുലനം ചെയ്താൽ ബംഗുരുസുനിയിലെ സാക്ഷരത നിരക്ക് തുലോം കുറവാണ്. ബംഗുരുസുനി ഗ്രാമത്തിന്റെ ഭരണ നിർവഹണം നടത്തുന്നത് ഗ്രാമീണരാൽ തിരഞ്ഞെടുക്കപ്പെട്ട സർപഞ്ച് അഥവ ഗ്രാമത്തലവൻ ആകുന്നു. ബംഗുരുസുനി ഗ്രാമത്തിലെ ജനങ്ങളിൽ നല്ല പങ്ക് ആളുകളും പട്ടിക വർഗ്ഗക്കാരാകുന്നു. ബങ്കുരിസുനി ഗ്രാമത്തിലെ ആകെ ജനങ്ങളുടെ 72.62 ശതമാനം പട്ടിക വർഗ്ഗക്കാരും 2.18 ശതമാനം പട്ടിക ജാതിക്കാരും ആകുന്നു. ഈ ഗ്രാമത്തിലെ ജനങ്ങളിൽ 92.91 ശതമാനം ആളുകളും ഉപജീവനമാർഗ്ഗത്തിനായുള്ള നാമമാത്ര ജോലി ചെയ്യുന്നവരാകുന്നു. ഈ ജോലിയും ആറുമാസം മാത്രമേ ലഭിക്കയുള്ളൂ.

### ശുശ്രൂഷയുടെ ആരംഭം

കിയോൺജഹർ മിഷൻ വയൽ 1986 ഫെബ്രുവരിയിലാണ് ആരംഭിച്ചത്. ശ്രീ. ഫെഡറിക് സത്യ ശമുവേൽ, ശ്രീ. രൂബൻ ശമുവേൽ എന്നിവരായിരുന്നു കിയോഞ്ജഹർ മിഷൻ വയലിലെ ആദ്യ മിഷനറിമാർ. 1986 ഏപ്രിലിൽ ശ്രീ. കെ. ഫ്രാൻസിസും കുടുംബവും ശ്രീ. ഫെഡറിക് സത്യ ശമുവേലിന്റെ കൂടെ പ്രവർത്തിക്കുവാൻ വന്നപ്പോൾ ശ്രീ. രൂബൻ ശമുവേൽ മറ്റൊരു ഫീൽഡിലേക്കു മാറി.

ബംഗുരുസുനി ഗ്രാമത്തിലെ ശ്യാംസുന്ദർ മുണ്ട നാലു വർഷത്തോളം രോഗത്താൽ (പനിയും ക്ഷീണവും) വലഞ്ഞു. അയാളുടെ സഹോദരൻ രാമചന്ദ്ര മുണ്ട സൗഖ്യത്തിനായി അവനെ പലയിടങ്ങളിൽ കൊണ്ടു പോയി. അനേക ആഭിചാര പ്രവർത്തകർ അവരുടെ ക്രീയകളിലൂടെ സൗഖ്യം നൽകുവാൻ ശ്രമിച്ചു. അതോടൊപ്പം അവർ പല ആശുപത്രികളിൽ പോയി ധാരാളം മരുന്നുകൾ കഴിച്ചു. ഏകദേശം 50,000 രൂപ അവന്റെ സൗഖ്യത്തിനായി ചില വഴിച്ചു ഒരു പ്രയോജനവും ഉണ്ടായില്ല. സഹോദരന്റെ സൗഖ്യത്തിനായി പലയിടത്തു കൊണ്ടു പോയി രാമചന്ദ്ര മുണ്ട മടുത്തു, ഒടുവിൽ അയാൾ തന്റെ ശ്രമം ഉപേക്ഷിച്ചു.

**ആദ്യ വിശ്വാസി ശ്രീ. ശ്യാംസുന്ദർ മുണ്ടയും ആദ്യ സഭാമൂപ്പൻ ശ്രീ. രാമചന്ദ്ര മുണ്ടയും ആകുന്നു.**

ഈ സഹോദരന്മാരുടെ സഹോദരി ഇവരുടെ ഗ്രാമത്തിൽ നിന്നും 50 കിലോ



*ശ്രീ. ശ്യാംസുന്ദർ മുണ്ട*



*ശ്രീ. രാമചന്ദ്ര മുണ്ട*

മിറ്റർ ദൂരത്തിലുള്ള മിശ്രമ്മാൾ ഗ്രാമത്തിൽ (പാണ്ടപാറ ബ്ലോക്ക്, കിയോഞ്ജ്ഹർ) പാർക്കുന്നു. ആ ഗ്രാമത്തിൽ ചില ക്രസ്ത്യാനികൾ (ചില FMPB വിശ്വാസികൾ) ഉണ്ടെന്നു അവർ കേട്ടു. അങ്ങനെ ശ്യാം സുന്ദർ അവസാന ശ്രമമെന്നവണ്ണം അവിടെ പോയി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. ഒരു ദിവസം അവൻ തന്റെ മിശ്രമ്മാളിലുള്ള സഹോദരിയുടെ വീട്ടിൽ വന്നു. അവിടെ നിന്നു സഭമൂപ്പൻ ശ്രീ. കാണു മുണ്ടയെ പോയി കണ്ടു. സഭാമൂപ്പനും വിശ്വാസികളും ചേർന്നു ശ്യാം സുന്ദറിനു വേണ്ടി ഒരാഴ്ച പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു ശ്യാം സുന്ദറിനു പൂർണ്ണ സൗഖ്യം നൽകി. ഈ അത്ഭുത സൗഖ്യം നിമിത്തം ശ്യാം സുന്ദർ മുണ്ട യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവൻ പ്രാർത്ഥിക്കുവാനും പഠിച്ചു. ഒരാഴ്ചക്കു ശേഷം അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു ബംഗുരുസുനി ഗ്രാമത്തിലേക്കു മടങ്ങി. അവനെ സൗഖ്യമുള്ളവനായി കണ്ട സഹോദരൻ രാമചന്ദ്ര മുണ്ട ആശ്ചര്യപ്പെട്ടു.

അവരുടെ ഗ്രാമത്തിൽ ഒരു അന്ധവിശ്വാസം ഉണ്ടായിരുന്നു. വയലിലെ വിളകൾ എടുക്കുന്നതിനു മുമ്പ് ഒരു കോഴിയെ ബലി കൊടുക്കണം അല്ലെങ്കിൽ മരണം സംഭവിക്കും. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു ശ്യാം സുന്ദറും, സഹോദരനും ഗ്രാമത്തിലുള്ള ഏതാനും ചിലരും കോഴിയെ ബലികൊടുക്കുന്നതിൽ നിന്നും പിൻമാറി. പ്രാർത്ഥിച്ചതിനു ശേഷം കൊയ്ത്ത് ആരംഭിക്കുവാൻ അവൻ അവരെ നിർബന്ധിച്ചു. അങ്ങനെ അവർ കോഴിയെ ബലി കൊടുക്കുന്നതു നിർത്തി. എല്ലാം ഭംഗിയായി നടന്നു. അങ്ങനെ അവന്റെ സഹോദരൻ രാമചന്ദ്ര മുണ്ടയും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

ഈ കാലയളവിൽ ബംഗുരുസുനി ഗ്രാമത്തിലെ ശ്രീ. ഗുരുചരന്റെ ജീവിതത്തിൽ ഒരു അത്ഭുതം സംഭവിച്ചു. അവന്റെ ഭാര്യ രണ്ടു വർഷത്തോളം വയറിളക്കത്താലും മറ്റു രോഗത്താലും വലയുകയായിരുന്നു ശ്യാംസുന്ദറിന്റെ ജീവിതത്തിൽ സംഭവിച്ച അത്ഭുതം കണ്ട ഗുരുചരൻ തന്റെ ഭാര്യയുമായി മിശ്രമ്മാൾ ഗ്രാമത്തിലേക്കു പ്രാർത്ഥനക്കായി പോയി. അവൾക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചെങ്കിലും സൗഖ്യം ലഭിച്ചില്ല. അതുകൊണ്ട് വിശ്വാസികൾ ഒരു ചെറിയ പേപ്പറിൽ പ്രാർത്ഥന എഴുതി അവളുടെ കൈയ്യിൽ കൊടുത്ത് തിരികെ വിട്ടു. ഒരു രാത്രി അവളുടെ സ്ഥിതി ഗുരുതരമായി. അവളുടെ ഭർത്താവ് ഗുരുചരൻ ആ പേപ്പർ എടുത്തു അതിലെഴുതിയ പ്രാർത്ഥന വായിച്ചു. ആ രാത്രി ദൈവം അവൾക്കു അത്ഭുത സൗഖ്യം നൽകി. അങ്ങനെ ഗുരുചരനും മുഴു കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

ഒരു മാസത്തിനു ശേഷം ശ്യാം സുന്ദറിനോടു സുവിശേഷം പങ്കുവെച്ച മിശ്രമ്മാൾ ഗ്രാമത്തിലെ സഭാമൂപ്പൻ ബംഗുരുസുനി ഗ്രാമത്തിലെ സഹോദരങ്ങളെ കാണുവാനായി വന്നു. ആ സന്ദർശനത്തിൽ എങ്ങനെ കർത്താവിനെ ആരാധിക്കണമെന്നു അദ്ദേഹം അവരെ പഠിപ്പിച്ചു. രാമചന്ദ്ര മുണ്ട എഴുത്തും വായന

യും അറിയാവുന്ന വ്യക്തിയായതിനാൽ തന്റെ ഭവനത്തിൽ വെച്ചു ആരാധന ആരംഭിക്കുകയും ആയതിനു നേതൃത്വം നൽകുകയും ചെയ്തു. അവിടെയുള്ള മൂന്നു കുടുംബം (10 അംഗങ്ങൾ) കർത്താവിനെ ആരാധിക്കുവാൻ തുടങ്ങി. ആദ്യ ദിവസത്തെ ആരാധനയിൽ തന്നെ ശ്യാം സുന്ദർ മുണ്ടയുടെയും രാമചന്ദ്ര മുണ്ടയുടെയും മൂത്ത സഹോദരൻ അവരെ എതിർത്തു. അയാൾ അവരുടെ സൈക്കിളികൾ വനത്തിൽ കൊണ്ടു പോയി ഒളിപ്പിച്ചു. കോടാലി എടുത്തു കൊണ്ടു വന്നു അവരെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തി. പിന്നീട് ഒരു ദിവസം അയാൾ അവരെ ഭവനത്തിൽ നിന്നു ഓടിച്ചു വിട്ടു. അതുകൊണ്ട് സഹോദരന്മാർ അദ്ദേഹത്തിനെതിരെ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. പോലീസുകാർ ഇടപെട്ടതിനെ തുടർന്നു എതിർപ്പ് ശാന്തമായി.

## സഭയുടെ വളർച്ച

ശ്രീ. ശ്യാം സുന്ദറിന്റെ ഭവനത്തിൽ ആരാധന തുടർന്നു വരവെ അത്ഭുത രോഗ സൗഖ്യത്തിലൂടെ അനേകർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ശ്രീ. കസാബ് മുണ്ട തന്റെ അനുഭവസാക്ഷ്യം വിവരിക്കുന്നു.



സുവിശേഷകൻ കസാബ് മുണ്ട

ഞാൻ ബംഗരുസുനി ഗ്രാമത്തിലെ കസാബു മുണ്ട. എന്റെ പിതാവ് ഒരു മാന്ത്രവാദിയായിരുന്നു. അദ്ദേഹം ഗ്രാമം തോറും സഞ്ചരിച്ചു രോഗികളുടെ സൗഖ്യത്തിനായി മന്ത്രങ്ങളും പൂജകളും നടത്തി വന്നിരുന്നു. എന്റെ പിതാവിന്റെ തൊഴിൽ എനിക്കു ഇഷ്ടമല്ലായിരുന്നു. ഒരിക്കൽ ഞാൻ കട്ടക്കിനു സമീപമുള്ള എന്റെ കസിൻ സഹോദരിയുടെ വീട്ടിൽ പോയി. അവിടെ വെച്ചു ഞാൻ ജീസസ് ഫിലിം കണ്ടു. ഞാൻ പത്താം ക്ലാസ്സ് വരെ പഠിച്ചതിനാൽ എനിക്കു വായിക്കുവാനായി ഒരു വേദപുസ്തകം നൽകി. ഞാൻ ഗ്രാമത്തിൽ മടങ്ങിവന്നതിനു ശേഷം വല്ലപ്പോഴും വേദപുസ്തകം വായിക്കുമായിരുന്നു. എന്നാൽ തിരുവചനത്തിൽ എനിക്കു താൽപര്യമില്ലായിരുന്നു.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ എന്റെ പിതാവ് രോഗിയായി തീർന്നു. അദ്ദേഹം തീവ്ര പനിയാൽ കഷ്ടപ്പെടുകയായിരുന്നു. എന്റെ സഹോദരങ്ങൾ വിവിധ സ്ഥലങ്ങളിലുള്ള മന്ത്രവാദികളെ കൂട്ടിക്കൊണ്ടുവന്നു. ഞങ്ങൾ പിതാവിന്റെ സൗഖ്യത്തിനായി മന്ത്രവാദം ചെയ്തു. എനിക്കു യേശുക്രിസ്തുവിനെ കുറിച്ചു അല്പമായി അറിയാവുന്നതു കൊണ്ടു ഞാൻ എന്റെ പിതാവിനോടു യേശുവിനെ കുറിച്ചു പങ്കുവെച്ചു. എന്നാൽ എന്റെ പിതാവ് എന്നെ ശാസിച്ചു. ഒടുവിൽ എന്റെ പിതാവ് മരിച്ചു.

ചില വർഷങ്ങൾ കടന്നു പോയി. എന്റെ മാതാവിനും പിതാവിന്റെ അതേ രോഗം പിടിപെട്ടു. എന്റെ സഹോദരൻ പറഞ്ഞു മന്ത്രവാദികളെ വിളിച്ചു പൂജകൾ നടത്തിയതു കൊണ്ടു ഫലമൊന്നുമില്ല. അതുകൊണ്ടു എന്റെ മാതാവിനെ എടുത്തു വിശ്വാസികളുടെ (ശ്യാംസുന്ദറിന്റെയും രാമചന്ദ്ര മുണ്ടയുടെയും) അടുക്കലേക്കു പോകുവാൻ അവൻ നിർദ്ദേശിച്ചു. എനിക്കും അതു ബോധ്യപ്പെട്ടതിനാൽ ഞങ്ങൾ മാതാവിനെ വിശ്വാസികളുടെ അടുക്കലേക്കു കൊണ്ടു പോയി. ഞങ്ങളുടെ മാതാവ് വളരെ ക്ഷീണിതയായിരുന്നതിനാൽ ഞങ്ങൾ അവളെ കിടക്കയോടു കൂടെയാണ് എടുത്തു കൊണ്ടുപോയത്. വിശ്വാസികൾ ഞങ്ങളുടെ മാതാവിനു വേണ്ടി പ്രാർത്ഥിച്ചു. ഞങ്ങളെ അതിശയിപ്പിച്ചു കൊണ്ട് മാതാവ് ക്ഷണത്തിൽ സൗഖ്യം പ്രാപിച്ചു. ഞങ്ങൾ തേങ്ങകളോ ആടു

കളെയോ കോഴികളെയോ ബലിയർപ്പിക്കുവാനായി കൊടുത്തില്ല എന്നിട്ടും ദൈവം ഞങ്ങളുടെ മാതാവിനെ സൗഖ്യമാക്കി. യേശു കർത്താവും രക്ഷിതാവും ആണെന്നു അന്നു ഞങ്ങൾ മനസ്സിലാക്കി.

ആ ദിവസം മുതൽ ഞാൻ വേദപുസ്തകം ആത്മാർത്ഥമായി വായിക്കുവാൻ തുടങ്ങി. രാമുബായിയുടെ ഭവനത്തിൽ നടക്കുന്ന ആരാധനയിൽ ഞങ്ങൾ സംബന്ധിക്കുവാൻ തുടങ്ങി. FMPB യുടെ സ്വദേശ സുവിശേഷകൻ നന്ദു ബായി കർത്താവിന്റെ വേല ചെയ്യുന്നതു കണ്ടപ്പോൾ എനിക്കും കർത്താവിനെ സേവിക്കണമെന്ന ആഗ്രഹമുണ്ടായി. എന്റെ പിതാവ് ഗ്രാമം ഗ്രാമമായി കടന്നു പോയി രോഗികൾക്കു വേണ്ടി മന്ത്രവാദം ചെയ്യുമായിരുന്നു. സുവിശേഷം പ്രഘോഷിക്കുന്നതിനായി ഗ്രാമം ഗ്രാമമായി പോകുവാൻ ഞാൻ തീരുമാനിച്ചു. 2010 ൽ ഞാൻ സ്വദേശ സുവിശേഷകനായി FMPB യിൽ ചേർന്നു.

കിയോഞ്ജഹർ മിഷൻ വയലിന്റെ ചരിത്രത്തിൽ ഫെബ്രുവരി 2009 ൽ ഈ അത്ഭുതം രേഖപ്പെടുത്തിയിരിക്കുന്നു. ബംഗുരുസുനി ഗ്രാമത്തിലെ ശ്രീ. സാധു മുണ്ട ഒരു ആഭിചാര പ്രവർത്തകനായിരുന്നു. പെട്ടന്നു ഒരു ദിവസം അവൻ രോഗിയായി തീർന്നു. അവന്റെ ശരീരത്തിലെ തൊലി അടർന്നു പോകുവാൻ തുടങ്ങി. അവന്റെ കാൽ പാദത്തിന്റെ അടിയിലെ തൊലിയും പൊട്ടി അടർന്നു. അതിനാൽ അവനു നടക്കുവാൻ കഴിയുന്നില്ല. അവൻ മരണത്തോടു അടുത്തു. ആ സമയത്തു ഒരു വിശ്വാസി അവനെ സന്ധിച്ചു അവനു വേണ്ടി പ്രാർത്ഥിച്ചു. സാധു മുണ്ടക്കു ദൈവം പരിപൂർണ്ണ സൗഖ്യം നൽകി. അവൻ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു.

വിശ്വാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ സമീപ ഗ്രാമങ്ങളിൽ നിന്നും എതിർപ്പുകൾ വർദ്ധിച്ചു. 29.09.2009 ൽ ബംഗുരുസുനി ഗ്രാമ പഞ്ചായത്ത് രാമചന്ദ്ര മുണ്ടയുടെയും ശ്യാംസുന്ദർ മുണ്ടയുടെയും കുറെ ഏക്കർ വസ്തുക്കൾ പിടിച്ചെടുത്തു. എന്നാൽ ഇതര വിഭാഗത്തിൽ ഉള്ള ഒരു വ്യക്തി അദ്ദേഹത്തിന്റെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് വിശ്വാസികളെ സഹായിച്ചു. അങ്ങനെ കർത്താവ് വിശ്വാസികളുടെ ഭൂമി നഷ്ടപ്പെട്ടു പോകാതെ സംരക്ഷിച്ചു. ഒക്ടോബർ 2009 ൽ രാമചന്ദ്ര മുണ്ടയും ശ്യാംസുന്ദർ മുണ്ടയും അവരുടെ വസ്തു വൃത്തിയാക്കുന്നതിനായി ചെന്നു. സുകതി ഗ്രാമവാസികൾ വന്നു അവരുടെ മഴു തട്ടിയെടുത്തു. ഇത്തരത്തിലുള്ള എതിർപ്പുകളും ഉപദ്രവങ്ങളും സഭയുടെ വളർച്ചക്കു തടസ്സമായില്ല.

## ദൈവാലയത്തിന്റെ സ്ഥലം

ശ്രീഹരി തിരിയ, ദീപക് തിരിയ, ഗ്യാനു ശ്യാം തിരിയ എന്നീ മൂന്നു സഹോദരന്മാർ ചേർന്നു ബംഗുരുസുനി ദൈവാലയത്തിന്റെ വസ്തു ദാനമായി നൽകി. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതു കൊണ്ട് അവർ തങ്ങളുടെ കൃഷി ഭൂമി ദൈവാലയം നിർമ്മിക്കുന്നതിനായി നൽകി. ആദ്യവിശ്വാസികളിൽ ഒരാളായ രാമചന്ദ്ര മുണ്ടയും തന്റെ വസ്തു ദാനമായി നൽകുന്നതിനു തയ്യാറായിരുന്നു. മൂന്നു സഹോദരന്മാർ നൽകിയ വസ്തു ഗ്രാമത്തിന്റെ മദ്ധ്യ ഭാഗത്തായതിനാൽ ദൈവാലയം നിർമ്മിക്കുന്നതിനു ആ വസ്തു തിരഞ്ഞെടുത്തു.

## സഭ

ബംഗുരുസുനി (ബോഷ്ക ചാപ്പൽ, ബദസ്പ, ബോണാനിയ, ബഗത്തിയ) അസൻപാടി, നീർപാനി എന്നീ ഗ്രാമങ്ങളിൽ നിന്നുള്ളവരാണ് ബംഗുരുസുനി സഭയിലെ അംഗങ്ങൾ. ഇവരെല്ലാവരും ഹോ ജന വിഭാഗത്തിൽ നിന്നുള്ളവരാകുന്നു.

2011 ഒക്ടോബറിൽ ബംഗുരുസുനി ദൈവാലയത്തിന്റെ അടിസ്ഥാന ശില

യിട്ടു. ദൈവാലയ നിർമ്മാണത്തിനാവശ്യമായ ഇഷ്ടികകൾ വിശ്വാസികൾ സ്വയമായി നിർമ്മിച്ചു. വിശ്വാസികൾ എല്ലാവരും വേതനം വാങ്ങാതെ ജോലി ചെയ്തു. മേസ്തിരിമാർക്കു മാത്രമേ കൂലി നൽകിയുള്ളു. ഉത്ഘലൽ റീജിനൽ സെക്രട്ടറി റവ. എൽ ആൽബിൻ 27.01. 2013 ൽ ദൈവനാമ മഹത്വത്തിനായി ദൈവാലയം സമർപ്പിച്ചു. സമർപ്പണ ശുശ്രൂഷയിൽ മിഷണറിമാരായ റവ. സമരേന്ദ്ര സിങ്, ശ്രീ.ബിമൽ ചന്ദ്ര മുർമ്മു എന്നിവർ കുടുംബമായും സഭാ മൂപ്പന്മാരും വിശ്വാസികളും സംബന്ധിച്ചു.

അശോക് നായക്, ഹരമോഹൻ, സമരേന്ദ്ര സിങ്, ബിമൽ ചന്ദ്ര മുർമ്മു, ഗണേശ് എന്നീ മിഷനറിമാർ ബംഗുരുസുനി സഭയിൽ ശുശ്രൂഷ ചെയ്തു.

വിശ്വാസികളുടെ ബന്ധുക്കൾ സുവിശേഷത്തോടു താൽപര്യപ്പെട്ടു അവരോടു ബന്ധപ്പെടുമ്പോൾ വിശ്വാസികൾ അവരുടെ ഭവനത്തിലേക്കു മിഷനറിമാരെ കൂട്ടിക്കൊണ്ടു പോകും. ഈ പ്രവർത്തന ശൈലിയിൽ കാലിമതി, ധാദുക്കനി, മിസെർമ എന്നീ മൂന്നു ആരാധനക്കൂട്ടങ്ങൾ ഉരുവാക്കി.

## പ്രാർത്ഥന വിഷയങ്ങൾ

- വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.
- ആരാധനക്കൂട്ടങ്ങൾ എണ്ണത്തിലും ഗുണത്തിലും വളരേണ്ടതിനായി പ്രാർത്ഥിക്കുക.
- സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.
- വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- സാമൂഹ്യ- സാമ്പത്തീക മേഖലകളിൽ സഭ വളരേണ്ടതിനായി പ്രാർത്ഥിക്കുക.


PLEASE VISIT OUR WEBSITE FOR MORE INFORMATION

www.fmpb.co.in



**1** **മാർച്ച്**
**ചൊവ്വ**

## ജന്മദിനാശംസകൾ

തിങ്കു സെമെ,
ദാൽസാക്കാം സുയന്താക്ക്,
സുരഭി അശോക് നായക്ക്,
എല്ല സെമെ, ബിനോദ് സോപ്രമേരി,
ലുൻകിം തൊങ്കാം ഖൊങ്സ്വായി,
ഡിക്തിങ് ബൗ കെ, ജയ് ബീർ സിങ്,
ലത്കോലുൻ ബെയിതെ,
തിങ്നെയിനെങ് സോമ്പു സിങ്സെൻ,
ഡിഹെ എസ്,
ഓംപ്രകാശ് ഗുപ്ത,
താങ്വൻസാങ് ജി,
കുൽദീപ് സിങ്,
ജാഘോഗാംഹാവോകിപ്,
മാർഗരറ്റ് സിങ് ദാസ്,
നിങ്തൗജാം അലോൻ സിങ്,
ഹൊയ്തിൻ മെതെ ലാൽ

## ഹിമാചൽ പ്രദേശ്

### അന്നി

**ജിൻസ്വാം & ചോങ് ഹോയ് കിം;**
**ശങ്കർ & രൂത്ത് മേരി**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബാസന്തപൂറിൽ ഒരു ആരാധന യോഗം ആരംഭിക്കുന്നതിനു കർത്താവ് കൃപ നൽകി. നിഥാർ, ഭണ്ടെൽ, ബാസന്തപൂർ എന്നീ ഗ്രാമങ്ങളിലെ ആരാധനയോഗം അനേകർക്കു പ്രയോജനകരമായി. നമ്മുടെ വിശ്വാസിയുടെ മകൾ കുസുമത്തിന്റെ ഗർഭപാത്രത്തിലെ അണുബാധ ദൈവം സൗഖ്യമാക്കി.

സുനിവ് ഗ്രാമത്തിൽ ആരാധന നടത്തുന്നതിനു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി അഖിലിനു ഇലക്ട്രിസിറ്റി ഓഫീസിൽ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനിലും സുമേശും ജോലിക്കു വേണ്ടിയുള്ള പരീക്ഷ പാസ്സാകേണ്ടതിനായി പ്രാർത്ഥിക്കുക. നീഥാർ, ഭണ്ടാൽ, ബാസന്തപൂർ എന്നീ സഭകളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ശ്യാം ലാലിന്റെ ഭവനത്തിൽ സമാധാനം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സഞ്ജെജ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഷൈമു ദേവി അലർജിയിൽ നിന്നും ബൗജോറു തൊണ്ടക്കുണ്ടായ അണുബാധയിലൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മരുഭൂമി പുഷ്പിക്കുന്നു!

മഹാരാഷ്ട്രയിൽ കുന്തമോടി മിഷൻ വയലിലെ ചാഞ്ചിലി ഗ്രാമം കുലപാതകത്താലും തിന്മ പ്രവർത്തകളാലും കുപ്രസിദ്ധമാകുന്നു. ആ ഗ്രാമത്തിൽ അപരിചിതർ അബദ്ധത്തിൽ പ്രവേശിച്ചാൽ അയാളെ കൊന്നു മൃതശരീരം മലമുകളിൽ എറിഞ്ഞു കളയുക പതിവാണ്. ദൈവത്തിന്റെ കൃപയാൽ ആ ഗ്രാമത്തിലെ തെമറിയ അന്തനിയ വസാവ എന്ന വ്യക്തിയുമായി ബന്ധപ്പെടുവാൻ സാധിച്ചു. അയാൾ രണ്ടു വർഷത്തോളം രോഗാവസ്ഥയിൽ എഴുന്നേറ്റു ഭക്ഷണം പോലും കഴിക്കുവാൻ കഴിയാത്ത അവസ്ഥയിലാണ്. ഞങ്ങൾ അവന്റെ ഭവനത്തിൽ ആരാധനയോഗം ആരംഭിച്ചു അവനു വേണ്ടി പതിവായി പ്രാർത്ഥിച്ചു. നമ്മുടെ പ്രാർത്ഥനയാൽ ദൈവം അവനു സൗഖ്യം നൽകി. അതിനെ തുടർന്നു ആ ഗ്രാമത്തിൽ ദുഷ്ടത പ്രവർത്തിച്ചിരുന്ന ഒരു കൂട്ടം ആളുകൾ മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷകനായി സ്വീകരിച്ചു ആരാധനയോഗത്തിൽ സംബന്ധിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

2

മാർച്ച്

ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

## റാമ്പൂർ

### ദൗജപായോ ഗുയ്തെ & ഫ്ളോറൻസ് ലംവുങ്

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സുവിശേഷീകരണത്തിലൂടെ 40 വ്യക്തികളോടു ബന്ധം സ്ഥാപിച്ചു. രാമ്പൂറിൽ ആരാധനയോഗം നടത്തുന്നതിനു സർക്കാരിൽ നിന്നും അനുവാദം ലഭിച്ചു. ഇവിടെ സംഘടിപ്പിച്ച സെമിനാറിലൂടെ ആത്മീക വളർച്ചക്കു ദൈവവചന പഠനം അത്യാവശ്യമാണെന്നു ചെറുപ്പക്കാർ മനസ്സിലാക്കി. നമ്മുടെ സുവിശേഷകനായ വീരേന്ദർ നെഗിയുടെ ഭാര്യ സുദീഷ് നേഗിയെ 14 ദിവസത്തോളം മരണശയ്യയിലാക്കിയ അജ്ഞാത രോഗം ദൈവം സൗഖ്യമാക്കി. കോവവിഡ് 19 രോഗലക്ഷണത്തിൽ നിന്നു നമ്മുടെ അനവധി വിശ്വാസികളെ ദൈവം വിടുവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു രാംമ്കി ദേവിയെ കർത്താവ് വിടുവിച്ചു.

കസപാത് പ്രദേശത്തു പ്രാർത്ഥനാലയം പണിയുന്നതിനു അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പതിയ സ്നേഹിതർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ തായു, ഹെത്രാം, ദൗലത് റാം എന്നിവർ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ അലിന ദേവി, അർച്ചന, നാഗേഷ് താക്കുർ എന്നീ വിശ്വാസികൾക്കു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കളായ സണ്ണി നേഗി, ഉർമ്മിള, ശ്രിജന എന്നിവർ ഉന്നത പഠനത്തിൽ മികവ് പുലർത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഹെർണിയ രോഗത്തിൽ നിന്നു മാത്രേണി ഗ്രാമത്തിലെ ചത്രി ദേവിയെയും പഴകിയ പനിയിൽ നിന്നും ഗ്യാൻശ്യാം, പൂനം എന്നിവരെയും മൂലക്കുരു രോഗത്തിൽ നിന്നു ജൂൺ മായയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക

## തനദാർ

### വുമ്പിയാക്ലാൽ & നിയാങ്ഖാൻമാൻ

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. പൊതുയോഗത്തിൽ വെച്ചു ഏകദേശം 160 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. പിന്മാറ്റക്കാരായ അനവധിയാളുകൾ വിശ്വാസത്തിലേക്കു മടങ്ങിവന്നു. നമ്മുടെ വിശ്വാസികളായ ബിട്ടു & സപ്ന, രാജീവ് & സീമ, സാഹു & രാധിക എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ പുതിയ സ്നേഹിതയായ ജാലോഗ് ഗ്രാമത്തിലെ ലീലവതിയെ പഴകിയ തലവേദനയിൽ നിന്നു ദൈവം സൗഖ്യമാക്കി. ചെറു സംഘ നേതാക്കന്മാർ സജീവമായി സുവിശേഷീകരണ യജ്ഞത്തിൽ പങ്കാളികളാകുന്നു.

സനങ്കാരി, നർകന്ദ എന്നീ പ്രദേശത്തെ സുവിശേഷീകരണ പ്രവർത്തനം വിശാലമാകേണ്ടതിനായി പ്രാർത്ഥിക്കുക. തനൈദാർ, കിങ്കാൽ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തങ്ങളുടെ സമുദായത്തിൽ വലിയ സ്വാധീനമുള്ള മെഹർ സിങ്, തിവാരി ദേവി, നമ്മുടെ സുവിശേഷകന്റെ മാതാപിതാക്കൾ, പ്രൊമിള, ബിമല എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിഷാദ രോഗിയായ രാജ്പൂറിലെ അങ്കുഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**3** **മാർച്ച്**

**വ്യാഴം**

## ജന്മദിനാശംസകൾ

ജയശീലി യിസ്രായേൽ ദേവദാസ്,
പോൾ ആനന്ദൻ ആർ,
ജീവൻ രജ്ഞൻ മഹാപത്ര,
ജോൺ ശാമുവേൽ എ,
പ്രസ്തുത ബതി പാനി,
മേഴ്സി എലിസബേത്ത് എസ് ജപശീലൻ,
താങ് ചിൻ ലീയാൻ എൽ, പ്രതീപ് എസ്,
ഖായ് മിൻ താങ്, വനപാർള സതീഷ്കുമാർ

## പഞ്ചാബ്

### മോഗ

**വൈ ജസ്റ്റിൻ &**
**സരൾ ജാൻസി റാണി**


മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കച്ചെ കില്ലി, ജലാലബാദ്, മാദോക്കെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. പഴകിയ പുറം വേദനയിൽ നിന്നു ഗുരുമീത് കൗർ, ഉദരത്തിൽ കല്ലുള്ള ബാബ്ലി ബായി കൗർ, ടൈഫോയ്ഡിൽ നിന്നു ഹർപ്രീത് കൗർ, ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന അജിത്വാൾ ആരാധനക്കൂട്ടത്തിലെ ഹർപ്രീത് കൗർ, ന്യുമോണിയായിൽ നിന്നു കരൻ, തളർവാത രോഗിയായ സത്നാം സിങ്, അപകടത്തിൽ പരുക്കു പറ്റിയ കലു സിങ്, മൂലക്കുരുവിൽ നിന്നു പ്രവീൺ കൗർ എന്നിവരെ കർത്താവ് സൗഖ്യമാക്കി.


പിന്മാറ്റക്കാരായ വിശ്വാസികൾ വിശ്വാസത്തിലേക്കു മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക. അജിത്വാൾ, ചുദ്ചാക്, റായ്ക്കോട്, കൊട്ലി, ധരംകോട്, ബോപാറ, ബിന്ദർ കാലൻ, കിഷൻ പുര, ജൈഗ്രോൺ, ചിദ്ദക്ക്, ദുദികെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനും പുകയിലക്കും അടിമകളായ പരംസിങ്, ലൗപ്രീത് സിങ്, കരം സിങ്, മാൻപ്രീത് സിങ്, ലാട്ടി സിങ്, ഹരൻ, കല, ചിന്തോ, ചരൺജീത് സിങ്, ഗഗൻദീപ്, മജോർ, മിന്റു എന്നിവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ സംബന്ധിക്കാത്ത ജഗജിത് സിങ്, പ്രാം, മന്നു, ലാഡി, രാഹുൽ, സോനു സിങ്, കേഷ, ഷാമ്മി, മിട്ട, സുന്നെത്ത്, ഗുർത്തെജ്, ലക്കി എന്നിവർ കുടുംബമായി അനുതപിച്ച് ദൈവസന്നിധിയിലേക്കു വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളിൽ നിന്നും വിശ്വാസികളും സുവിശേഷകരും മിഷനറിമാരും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യുവ നേതാവായ പ്രിയാന്ത് സിങ് അജിത്വാൾ ആരാധനക്കൂട്ടത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. ദരംകോട്ട് ആരാധനക്കൂട്ടം സ്വദ്ദേശവത്കരിച്ചു. സുവിശേഷീകരണ പ്രവർത്തനത്തിൽ വിശ്വാസികൾ ആത്മാർത്ഥമായി സഹകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ബാപ്പിൽ കൗർ, സുക്ക, ബിന്ദേർ കൗർ, ഗാഗ്ഗു കൗർ, രേഖ കൗർ, ആർത്തി, മാധു, സണ്ണി, ജസ്വീർ സിങ്, ജാസ്പ്രീത് കൗർ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 4 മാർച്ച് വെള്ളി

### ജന്മദിനാശംസകൾ

ജോൺ ബർലീൻ എസ്, തിമ്മേശ് എം പി,
കിഷാന്ത ലിമ്മ, ദിനേശ് മറിയ,
പൻസുരി മൊഹ്ലിൻ

### ബട്ടാല

**വാൽവി നേതാജി & കൽപന**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു വർഷത്തെ കുടുംബജീവിതത്തിൽ ജോതിക്കു ഒരു പൈതൽ ജനിച്ചു. പ്രാർത്ഥനയുടെ ഫലമായി കോടോള ബാജ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. മഞ്ഞപിത്തത്തിൽ നിന്നു വിക്കിയെ കർത്താവ് സൗഖ്യമാക്കി.

യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ച അശോക് ശർമ്മ, മജ്ജു ശർമ്മ, പുജ ശർമ്മ, തിലക് ശർമ്മ, സോണിയ ശർമ്മ, പുനം ശർമ്മ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. മദ്യപാനത്തിൽ നിന്നു ലക്കവിദാർ കോരു പൈശാചിക ബന്ധനത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യയുടെ വേർപാടിൽ ദുഖിക്കുന്ന ഗുരുവിന്ദറിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ശുശ്രൂഷയുടെ അഭിവൃദ്ധിക്കായി ഇവിടെ ഒരു സുവിശേഷകനെ നിയമിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജയ്തു: ചിത്തരഞ്ജനൻ താണ്ടി & തേജസ്വിത

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മുക്താസർ റോഡിൽ പുതിയ പ്രാർത്ഥന സംഘം രൂപീകരിക്കുവാൻ ദൈവം കൃപ ചെയ്തു. പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നമ്മുടെ വിശ്വാസിയായ സോണിയ പ്രാർത്ഥനയുടെ ഫലമായി കടങ്ങൾ എല്ലാം കൊടുത്തു തീർത്തു. മാനസിക രോഗത്തിൽ നിന്നു ജീത്ഗൽ ഗ്രാമത്തിലെ സുഖ്ജിത് സിങിനെയും കരളിൽ അണുബാധയുണ്ടായ അമൻദീപ് കൗർ, മന്ദേർ കൗർ എന്നിവരെയും കർത്താവ് സൗഖ്യമാക്കി. ദാബ്ദിക്കാന ഗ്രാമത്തിലെ ബാൽദേവ് സിങ് കുടുംബം, ബിന്ദേർ സിങ്, ചിന്ദേർ സിങ്, സന്തോഷ് കൗർ എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു.

സുവിശേഷം ശ്രവിച്ച മാദക്, ചെയ്ന, വാദ, കൃഷ്ണപുര, കോഠത്തെ വാദിങ്ക എന്നീ ഗ്രാമങ്ങളിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബബ്ലി കൗർ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ ഗോണിയാന, അംബേദ്കർ നഗർ, ഹരിനോ, ദെലിയാവാലി എന്നീ ഗ്രാമങ്ങളിലുള്ളവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. രക്താർബുദം ബാധിച്ച സോണിയ റാണി, മരണശയ്യയിലായിരിക്കുന്ന സത്നാം സിങ്, അപസ്മാര രോഗികളായ ഗുരുവിന്ദർ സിങ്, കമൽജിത് കൗർ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ജാസ്പാൽ സിങ്, ബിന്ദേർ സിങ് പരംജിത്, മുകേഷ്, കലസിങ്, സുഖ്ദേവ് സിങ്, ഷേമി സിങ്, ജസ്കരൻ സിങ് എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

5 മാർച്ച് ശനി

**ജന്മദിനാശംസകൾ**

തങ്കമ്മാൾ എം, ഡേവിഡ് പോണ്ടിങ്, സുനിൽ മാത്യു കെ, രവി കുമാർ എസ്, സ്റ്റെല്ല ഡേവിഡ് പെരുമാൾ, ശംഭുനാഥ് നായക്ക്, ലുബിൻ മുർമ്മു

## ഹരിയാന

### ജീവൻ നഗർ

**എലിയാക്കിം ജന & ദീപിക**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 39 ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനത്തെ ദൈവം ആശീർവദിച്ചു. രോവാരി, ചർക്കി ദാവരി എന്നീ പ്രദേശത്തുള്ള ബാൽമികി ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നമ്മുടെ വിശ്വാസികളായ എല്ലനബാദിലെ കല, അങ്കരേജി, അബുബ്ഷേദാർ ഗ്രാമത്തിലെ ഗോലു, ഷെർക്കാർഹ് ഗ്രാമത്തിലെ അലക്കാൻ എന്നിവർക്കു ദൈവം മക്കളെ നൽകി അനുഗ്രഹിച്ചു.

വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. എല്ലാ കേന്ദ്രത്തിലുമുള്ള പ്രാർത്ഥക്കൂട്ടം, വേദപഠനക്കൂട്ടം എന്നിവ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന രെവാരി, സുച്ചാൻ എന്നീ പ്രദേശത്തുള്ള കുടുംബങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദബ്വാലി ഇടത്താവളത്തിലെ ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിച്ച എല്ലാ ഗ്രാമത്തിലും ചെറു പ്രാർത്ഥന സംഘം രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേം നഗർ, ഭാങ്കു, സുച്ചാൻ കോട്ലി എന്നീ ഗ്രാമങ്ങളിൽ ചെറുസംഘങ്ങളുടെ കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**പി ജി ക്രിസ്റ്റോഫർ & മെബൽ**

വിശ്വാസികളെ ആത്മീകമായി വളർത്തുന്നതിനു 11 ഭവന ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. കോവിഡ് രോഗത്തിൽ നിന്നും ആനന്ദ്, തിരുപതി, യോനാഥാൻ എന്നിവരെ ദൈവം സൗഖ്യമാക്കി. നമ്മുടെ വിശ്വാസി ഗുഡ്ലിക്കു ഒരു ശിശുവിനെ നല്കി ദൈവം അനുഗ്രഹിച്ചു. കല്യാൺപുരി ആരാധനക്കൂട്ടത്തിൽ സഭാ കമ്മറ്റി രൂപീകരിച്ചു.

ഈ മിഷൻ വയലിൽ 13 ഭവന ആരാധനക്കൂട്ടങ്ങൾ കൂടി രൂപീകരിക്കണം. സഭാമൂപ്പന്മാരും സന്നദ്ധ സുവിശേഷകരും വിശ്വാസികളെ ആത്മഭാരമുള്ളവരാക്കുന്നതിനായി പ്രയത്നിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ ആരാധനക്കൂട്ടത്തിലെയും വേദപഠനക്കൂട്ടം ക്രമമായി കൂടിവന്നു വചനം പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലിൽ ക്ഷയം ബാധിച്ച രവി, കുടലിൽ ക്ഷയം ബാധിച്ച എലിസബേത്ത്, ഇടതു കൈയ്യിൽ മുറിവുകൾ ഉണ്ടായ ശ്രീപാൽ, രക്ത സമ്മർദ്ദത്താൽ വലയുന്ന ആര്യ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**6** **മാർച്ച്**
**ഞായർ**

## ജന്മദിനാശംസകൾ

ജയിംസ് അരുൾരാജ് എം

## രാജസ്ഥാൻ

### ഖെർവാര

**ദേവുബായ് ഭോയ & ജമുബൻ**

30 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നമ്മുടെ വിശ്വാസി മായബന്നിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. കഠിനമായ ഉദര വേദനയിൽ നിന്നു ജുമാലി കാവടിയെയും കാലിലുണ്ടായ നീർവീക്കത്തിൽ നിന്നു താപു ഹകാരിയെയും ദൈവം സൗഖ്യമാക്കി. രക്കേല ഗ്രാമത്തിലെ നമ്മുടെ വിശ്വാസി ഗോവിന്ദനു B.Ed. പഠിക്കുന്നതിനു അവസരം ലഭിച്ചു.

പിന്മാറ്റക്കാരായ ദാബിച്ച ഗ്രാമത്തിലെ ലക്ഷ്മൺ, രാജു, രമേശ്, സവിത, കദുവ എന്നിവരും ബാൽഡിയ ഗ്രാമത്തിലെ നവീനും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സവിതയുടെയും അനുഷിയുടെയും കാലിലുള്ള ട്യൂമർ സുഖമാകേണ്ടതിനായി പ്രാർത്ഥിക്കുക. സുരാത്ത ഗ്രാമത്തിലെ പ്രഭുബായിയുടെ കാലിലുണ്ടായ മുറിവ് സുഖമാകേണ്ടതിനായി പ്രാർത്ഥിക്കുക ബറുത്തി ഗ്രാമത്തിലെ ഗുണ്ടുമാലിനെ ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും ബർക്കപാനി ഗ്രാമത്തിലെ പാനിയെ മാനസിക വിഭ്രാന്തിയിൽ നിന്നും ലക്ഷ്മൺപുരയിലെ ദുലോയെ ക്ഷയ രോഗത്തിൽ നിന്നും സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഊമനും ചെകിടനുമായ ഗോരോദ ഗ്രാമത്തിലെ ഗോവിന്ദന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### രാജസ്ഥാൻ റീജിയൻ

**അമിർ കാന്ത് ദിഗാൽ & നിരോല**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ മിഷനറി രാജു നൈക്കിന്റെ ആരോഗ്യനില പുരോഗമിക്കുന്നു. റായ് സിഖ് സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. അൽവാർ ബാലഭവനത്തിലെ 52 കുട്ടികൾ സൗഖ്യമായിരിക്കുന്നു. അനുപ്ഘട്ടിലെ പിന്മാറ്റക്കാരനായ ലാലു വിശ്വാസത്തിലേക്കു മടങ്ങിവന്നു. പയോട്ട മിഷൻ വയലിലെ രാജ്ബാലയെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. പയോട്ട മിഷൻ വയലിലെ സത്യപ്രകാശിനെ കോവിഡ് 19 രോഗത്തിൽ നിന്നു ദൈവം വിടുവിച്ചു.

സങ്കരിയ, അനുപ്ഘട്, തപുക്കാര മിഷൻ വയലിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അൽവാർ ബാലഭവനത്തിലെ പൂർവ്വ വിദ്യാർത്ഥികളായ കപിൽ, രാജ, അജിത്, അമർ, വിജയ് എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ അവരുടെ ചുമതലയിലുള്ള ആരാധനക്കൂട്ടങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ ആരാധനക്കൂട്ടങ്ങളിലും കമ്മറ്റികൾ രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഉദൈപൂർ

**ആശിഷ് കുമാർ & സവിത ദേവി**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു നമ്മുടെ സ്വദ്ദേശ സുവിശേഷകൻ മോഹൻ ബായിയുടെ വിവാഹം ക്രിസ്തീയ രീതിയിൽ നടത്തി. പൈശാചിക ബന്ധനത്തിൽ നിന്നു സംഗീത പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. പ്രാദേശിക സുവിശേഷകൻ ആനന്ദി ബായിയെ കോവിഡ് 19 രോഗത്തിൽ നിന്നു ദൈവം സൗഖ്യമാക്കി.

അമോദ്, ഓഗ, ബദാലിയ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ കരേൽ പ്രദേശത്തുള്ളവർ വിശ്വാസത്തിലേക്കു മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക. മാകദാദെ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുഷ്ഠരോഗത്തിൽ നിന്നു നാരായൺബായിയെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

7 മാർച്ച്
തിങ്കൾ

## ജന്മദിനാശംസകൾ

ഗിൽബർട്ട് വില്യംസ് എസ്,
സോളമൻ ജ്ഞാനശേഖർ,
തോങ് ഖോ ലുൻ കിപ്ഗൻ,
ജോൺ അരുൾരാജ്, ടോങ്മിൻ താങ് കിപ്ഗൻ,
ലിയാൻബി അക്നെബി

# ഉത്തർപ്രദേശ്

### ഗോണ്ട

**ഓംപ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

നമ്മുടെ ബാല ഭവനത്തിന്റെ അഭ്യുദയകാംക്ഷിയായ റവ. ഡാൻ പുതുവത്സര സമ്മാനമായി എല്ലാ കുട്ടികൾക്കും കമ്പിളി പുതപ്പ് നൽകി. ബസ്തി, ഗോണ്ട, BKT എന്നീ മിഷൻ വയലിലെ സഭാമൂപ്പന്മാർക്കു പരിശീലനം നൽകി. മൂന്നു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ വേല വളരെയധികം അനുഗ്രഹകരമായിരുന്നു. ബാലഭവനത്തിലെ കുട്ടികളുടെ ഉന്നതിക്കായി പ്രത്യേക വിദ്യാഭ്യാസ പ്രോഗ്രാം സംഘടിപ്പിച്ചു. മോറിയ സമുദായത്തിലെ പുതിയ സ്നേഹിതനായ വിദ്യാറാം സുവിശേഷം ശ്രവിച്ച് ദിനംപ്രതി ആത്മീക വളർച്ച പ്രാപിക്കുന്നു.

ബോർഡ് പരീക്ഷക്കായി സ്വയം തയ്യാറെടുക്കുന്ന ബാലഭവനത്തിലെ കുട്ടികൾക്കായി പ്രാർത്ഥിക്കുക. അടിക്കടി സുവിശേഷികരണ പ്രവർത്തനം നടത്തുന്ന സമ്പുത്തര, തിൽക്കായ്, ഭാലു, കുക്കുർഭോക്കുവ, വാഷിഷാർഗരി എന്നീ പ്രദേശങ്ങളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു നാളിതുവരെയായി ഒരു കുടുംബം മാത്രമേ രക്ഷയിലേക്കു വന്നിട്ടുള്ളു.

### ജിൻജക്

**സമരേന്ദ്ര സിങ് & സുഷ്മിത**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 12 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബഹാദൂർപൂർ ഗ്രാമത്തിലെ രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ബിച്ചുലി ഗ്രാമത്തിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമും ബോല നഗർ ദൈവാലയത്തിൽ നടത്തിയ സുവിശേഷകരുടെ പരിശീലനവും അനുഗ്രഹകരമായിരുന്നു. വലിയൊരപകടത്തിൽ നിന്നു ദോബൊലി ഗ്രാമത്തിലെ വിശ്വാസിയായ അഗസ്റ്റിനെയും രസുലബാദിലെ വിശ്വാസിയായ രാജയെയും മുന്ദേര ഗ്രാമത്തിലെ വിശ്വാസിയായ വിനോദ് കുമാറിനെയും കർത്താവ് രക്ഷിച്ചു. സുരാഷി, അക്കുദിയ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ള അനേക സത്യാന്വേഷികൾ നമ്മുടെ ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കുന്നു. നമ്മുടെ സഭാമൂപ്പന്മാരായ അഖ്ലേഷും, രാമചന്ദ്രയും ദൈവാലയത്തിലും സമീപ പ്രദേശങ്ങളിലും ദൈവവചനം പ്രഘോഷക്കുന്നു.

മായാപൂർ ഗ്രാമത്തിൽ നടത്തിയ സത്സാംഗ് പ്രോഗ്രാമിൽ പങ്കെടുത്തവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അജയ്പാൽ, ഖുഷ്ബു, ഷീമ, നിഷ, റീന, റൂറയിലെ അബ്ദേശ് എന്നിവർ അനുതപിച്ച് യേശുവിനെ സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധനയിൽ പങ്കെടുക്കുന്നതിനു സുശീലയെ അനുവദിക്കാത്ത ഭർത്താവിന്റെ മാനസാനന്തരത്തിനായി പ്രാർത്ഥിക്കുക. മസ്തിഷ്കത്തിൽ ട്യൂമർ ബാധിച്ച ജാനകിയുടെയും ടൈഫോയ്ഡിനാൽ കഷ്ടപ്പെടുന്ന ബിപിന്റെയും ഉദരത്തിൽ പ്രയാസം അനുഭവപ്പെടുന്ന പുഷ്പേന്ദ്രയുടെയും കാൻസർ രോഗിയായ നരേഷിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 8 മാർച്ച് ചൊവ്വ

## ജന്മദിനാശംസകൾ

ഹമുവേൽ ലിമ്മ,
റാണി ഉറാൻവ്

### കാൻപൂർ റീജിയൻ

**ശ്രീനിവാസനൻ & ഷീബ ജി ചന്ദ്ര**

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 44 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബസ്തി, റാണിയ, ബിന്ദകി എന്നീവിടങ്ങളിൽ നടത്തിയ സഭാമൂപ്പന്മാരുടെ യോഗത്തെ ദൈവം അനുഗ്രഹിച്ചു. ശ്യാം സുന്ദർ ജയിൽ മോചിതനായതിനെ തുടർന്നു ആരാധന യോഗം പുനരാരംഭിക്കുവാൻ ദൈവം സഹായിച്ചു. എല്ലാ മിഷൻ വയലുകളിലും സണ്ടെസ്കൂൾ പഠന സാമഗ്രികൾ യഥാസമയം വിതരണം ചെയ്യുവാൻ ഈ വർഷം ദൈവം സഹായിച്ചു. ക്ലസ്റ്റർ തലത്തിൽ നടത്തിയ സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിന്റെ ഫലമായി അനവധി സഭാമൂപ്പന്മാർ അവരുടെ ഉത്തരവാദിത്വത്തിലുള്ള ആരാധനക്കൂട്ടത്തിന്റെ കാര്യങ്ങൾ നിർവഹിക്കുവാൻ തങ്ങളെ സമർപ്പിച്ചു. കെർഗ കാ പുർവയിലെ നമ്മുടെ സുവിശേഷകൻ രാജേന്ദ്രന്റെ മകൻ യോഗേഷിനെ തളർവാതത്തിൽ നിന്നു ദൈവം വിടുവിച്ചു.

ബിൽഹൗർ, തുണ്ട്ല എന്നീ പ്രദേശങ്ങളിൽ നടത്തുന്ന സഭാമൂപ്പന്മാരുടെ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു മടങ്ങിവന്നു. കുറച്ചു വിശ്വാസികളുള്ള ഭാഗ്യനഗർ, B.K.T, ഹസെരാൻ, റാണിയ, സിക്കന്ദ്ര, തുണ്ട്ല എന്നീ ഗ്രാമങ്ങളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സാഗരിക

**പൗലൂസ് ബർജോ & ബിനിത ടോപ്പോ**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അലിപുറയിൽ ശ്യാംലാൽ & കിരൻ കുടുംബവുമായി സ്നേഹ ബന്ധം സ്ഥാപിക്കുവാൻ സാധിച്ചു. ഹത്തിയവാൾ ഉദരത്തിലുണ്ടായിരുന്ന കല്ലിൽ നിന്നു സുഖം പ്രാപിച്ചു. അലിപുരയിലെ സുമൻ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. ഓം പ്രകാശ്, ജഗദീഷ് എന്നിവർ മദ്യാപനത്തിൽ നിന്നു പ്രാർത്ഥനയുടെ ഫലമായി വിടുതൽ പ്രാപിച്ചു.

ഡോഡെവാലയിലെ യൗവ്വന വിശ്വാസികളായ നാഗരാണ, രാജു, രാകേഷ്, കാലു, മജ്ജു എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പാർത്ഥിക്കുക. ലുഗാഡ് സിങ്, സന്ദീപ് എന്നിവർ മദ്യപാനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയ സംബന്ധമായ പ്രയാസത്താൽ വലയുന്ന പ്രകാശ് കൗർ, കരൾ സംബന്ധമായ രോഗത്താൽ വലയുന്ന ഷാദുൾസാഗർ ഗ്രാമത്തിലെ ജഗദീഷ് കുമാർ, പഴകിയ പുറം വേദനയാൽ കഷ്ടപ്പെടുന്ന നാഗരാണയിലെ കുൽവിന്ദർ കൗർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**9 മാർച്ച്**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

വാസന്തി സ്റ്റെല്ല ഇമ്മാനുവേൽ, ജ്ഞാന സുന്ദരി ആർഥർ, ഡേവിഡ് പി, പ്രവതി മണി സിങ്

### സിക്കന്ദ്ര & ഭഗയ്യ

**പൊന്നുസ്വാമി & ചിത്ര**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ക്ലസ്റ്റർ തലത്തിൽ നടത്തിയ പരിശീലന പ്രോഗ്രാമിനെ കർത്താവ് ആശീർവദിച്ചു. കോവിഡ് 19 രോഗത്തിൽ നിന്നു നന്ദലാലിനെയും ത്വക്കു രോഗത്തിൽ നിന്ന മനോജിനെയും കർത്താവ് സൗഖ്യമാക്കി.

ദിബിയപൂറിലെ അശോക് കുമാർ, മുങ്കിസാപൂറിലെ ഗുരുഗോപാൽ, സന്ദൽപൂറിലെ വേദ പ്രകാശ്, ഫാഹുന്ദിലെ രാകേശ് ചന്ദ്ര, ഔരാരിയ ഗ്രാമത്തിലെ സിദ്ധാർത്ഥ് എന്നീ സുവിശേഷകരുടെ കുടുംബത്തിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ ആനന്ദപൂറിലെ സോനു, ജൈതാപൂറിലെ മീന, പസൈപൂർ, പാസൈപൂർ എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആനന്ദപൂർ ആരാധനക്കൂട്ടത്തിൽ സമാധാന അന്തരീക്ഷം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ വിശ്വാസികളും ആരാധനക്കായി ഒരു സ്ഥലത്തു ഒരുമിച്ചു കൂടേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പുർവമാൾഹാന്ദ് ഗ്രാമത്തിലെ പൂപ്പൽ, മുങ്കിസാപൂർ ഗ്രാമത്തിലെ ലാഡ്‌ലി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ആരാധനയിൽ ക്രമമായി പങ്കെടുക്കുന്നതിനുള്ള എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് ആരാധനയിൽ സംബന്ധിക്കുന്നതിനു സഹൈദ്പൂറിലുള്ള നമ്മുടെ വിശ്വാസി ബിട്ടൗലിയെ ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### പെൻസമാൾ

**ഭാങ്സിങ് എം വസാവ & യമൻ**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഏഴു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ അനേകർ സുവിശേഷത്തോടു താൽപര്യമുള്ളവരായി. മൂന്നു കുടുംബം പുതുതായി നമ്മുടെ ആരാധനയിൽ സംബന്ധിക്കുന്നു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ബാലറാമിനെ കർത്താവ് രക്ഷിച്ചു. പ്രാർത്ഥനയിലൂടെ സോണിബായ് മരണ ശയ്യയിൽ നിന്നു വിടുതൽ പ്രാപിച്ചു.

ക്രിസ്തീയ വിവാഹ ശുശ്രൂഷയിൽ പങ്കെടുത്ത അക്രൈസ്തവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കർത്താവിലുള്ള വിശ്വാസം ഹേതുവായി സ്വന്ത മകനിൽ നിന്നു എതിർപ്പു നേരിടുന്ന ജഹാലിബായി എന്ന വിശ്വാസിക്കായി പ്രാർത്ഥിക്കുക. കുടിയേറ്റ തൊഴിലാളികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു രഘുനാഥ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാക്കിൽ ട്യൂമർ ബാധിച്ച സുക്കിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 10 മാർച്ച് വ്യാഴം

## ജന്മദിനാശംസകൾ

സെൽവകുമാർ ആർ,
പ്രമീള സൊറൻ,
ഷർമിള സതീഷ്

### ദുൽക്കോത്

**ഐസക് & സീത**

നസറബാദ് എന്ന ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. വരും നാളുകളിൽ സുവിശേഷീകരണ പ്രവർത്തനം നടത്തുവാനുദ്ദേശിക്കുന്ന ഡോണു ഗ്രാമത്തിൽ പുതിയ സ്നേഹിതരെ ലഭിച്ചു. പ്രത്യേകമായി നടത്തിയ സൗഖ്യദായക ശുശ്രൂഷയിലൂടെ ജാമ്നിയ ഗ്രാമത്തിലെ സംഗീത, കല എന്നിവർ സുഖം പ്രാപിച്ചു. കമൽക്കേദയിൽ നടത്തിയ കുടുംബ കൂടിവരവിൽ 50 വ്യക്തികൾ ആദ്യമായി സുവിശേഷം ശ്രവിച്ചു. കേദ ഗ്രാമത്തിലെ സന്തോഷ് സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

നമ്മുടെ സുവിശേഷകരായ സുഭാഷും കെന്ദാലും ആവേശപൂർവ്വം ഫലപ്രദമായ രീതിയിൽ സുവിശേഷ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും സുവിശേഷ വേലയിൽ സജീവമാകേണ്ടതിനായി പ്രാർത്ഥിക്കുക. നാഗർവാടി, അമ്പ എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന സുവിശേഷീകരണ പ്രവർത്തനത്തിന്റെയും ഉടനെ നടത്തുവാൻ പോകുന്ന പ്രോഗ്രാമുകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ഖാൽവ

**ബിനിത് പ്രസാദ് ഭരതൻ & അമോജിത**

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പഴകിയ പനിയിൽ നിന്നും ചിക്തലൈ ഗ്രാമത്തിലെ ശക്കറാമിനെയും കഠിനമായ രോഗത്തിൽ നിന്നു ജാംദാദ് ഗ്രാമത്തിലെ അലോകിലാലിനെയും കർത്താവ് സൗഖ്യമാക്കി. കാട്ടു കരടിയിൽ നിന്നു ധാമ ഗ്രാമത്തിലെ രാംലാലിനെയും കുടുംബത്തെയും കർത്താവ് രക്ഷിച്ചു. ഭവനത്തിനകത്തുണ്ടായിരുന്ന വിഷപാമ്പിൽ നിന്നു രാമ്പാട്ടിയെയും കുടുംബത്തെയും പ്രാർത്ഥനയുടെ ഫലമായി കർത്താവ് രക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ചിക്കാലിയായെ ദൈവം വിടുവിച്ചു. സുവിശേഷത്തോടു വിരോധം പുലർത്തിയിരുന്ന സുഖ്രാം മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

ചിക്തലൈ ഗ്രാമത്തിലെ സഭാമൂപ്പൻ ദാനം നൽകിയ വസ്തുവിൽ തടസ്സങ്ങളില്ലാതെ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ഗർബോടി ഗ്രാമത്തിലെ മങ്കിലാൽ എതിർപ്പുകളെ അതിജീവിച്ച് ആരാധനയോഗത്തിൽ ക്രമമായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചർക്കായലെ തോട്ടറാം, ജമ്പാദ് പ്രദേശത്തെ സുരേഷ്, ശ്യാമള എന്നിവർ പുകയില, മദ്യപാനം എന്നിവയുടെ ഉപയോഗത്തിൽ നിന്നു വിടുതൽ പ്രാപിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ കുട്ടികളായ വൈഷ്ണവി, സാഗർ എന്നിവർ കോവിഡ് 19 രോഗത്തിൽ നിന്നും മുക്തകരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 11 മാർച്ച് വെള്ളി

### ജന്മദിനാശംസകൾ

ആശീർ സെൽവരാജ് സി,
പ്രവീൺ ദാസ്,
സതികാന്ത പരിച്ച

### ഖർഗോൺ: ഹേബൽ ഹെബ്രം

14 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 12 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബഗ്വവോല ഗ്രാമത്തിൽ ഒരു പ്രാർത്ഥനക്കൂട്ടം രൂപീകരിക്കുവാൻ ദൈവം സഹായിച്ചു. ന്യായനഗർ ഗ്രാമത്തിലെ നാനുറാമിനെ ശർദ്ദിലിൽ നിന്നും ദൈവം വിടുവിച്ചു. ഇച്ഛാപൂർ ഗ്രാമത്തിലെ സുരേഷ് ബായിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. സുവിശേഷ വിരോധിയായ ഭാരതിബായിയെ കർത്താവ് സ്പർശിച്ചതിന്റെ ഫലമായി അവൾ അനുതപിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നും നമ്മുടെ സുവിശേഷകർ സുരക്ഷിതരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഭിങ്കോര, ഗാട്ടി, ഗവ്‌ല, ചോതി ഖർഗോൺ, മോരാണിയ, ഗോട്ടാനിയ, സൽക്കേദ എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നു സംഗീതയും തളർവാതത്തിൽ നിന്നു നാവൽ സിങ്ങും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. രേശ്മ, ലദ്കി ബായി, സംഗീത, രാകേഷ്ബായി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പാൽ: മഹേന്ദ്രൻ & പുഷ്പം

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 12 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും റീന സുഖം പ്രാപിച്ചു. മരണ ശയ്യയിൽ നിന്നു നരൻ വിടുതൽ പ്രാപിച്ചു. പുരമുകളിൽ നിന്നു വീണു പരുക്കു പറ്റിയ രമബായിയുടെ പൈതലിനെ കർത്താവ് സൗഖ്യമാക്കി.

പലോന ഗ്രാമത്തിലെ സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ ഹൽദിറാം, പൂന്തിബായി, ജയ്ന, സുഭാഷ്, രമേശ്, കാലി ബായ്, എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി രാംദാസിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നു നാരായൺ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ചിറിയ

### ഏകലവ്യൻ ജയിംസ് & ബറിൽ

ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മർക്കാദി ഗ്രാമത്തിലുള്ള ജനങ്ങളെ പൈശാചിക പോരാട്ടത്തിൽ നിന്നും ദൈവം വിടുവിച്ചു. സത്യാന്വേഷകനായ മാലിക്കിന്റെ കഴുത്തിലുണ്ടായ പരു പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു.

കാലിഗ്രാം, രാജ്പൂര, രത്തനപുര, കുസുമ്പിയ, മങ്കാറിയ, ബാൽഹാദ്, നിയൻകാദി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യയെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത സുക്കുലബായിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഊമനും ചെകിടനുമായ മനോജിന്റെയും ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന അർപിതയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

12 മാർച്ച് ശനി

## ജന്മദിനാശംസകൾ

ഷൈനി കിങ്സ്ലി

### ഉദൈനഗർ (ബാഗ്ലി)

**ഡി വിൽസൺ & രാസ്മിത പരിദ**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ വിശ്വാസികൾക്കു എതിർപ്പ് പ്രചോദനമായി. ഗുജറാത്തിലേക്കു ഉപജീവനത്തിനായി കുടിയേറിയ പോയ വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

അനു, ശോഭാറാം, റാധാകിഷൻ, ബുദിയ, രാമ്പുര, ശിവാനി എന്നീ ഗ്രാമങ്ങളിൽ പാർക്കുന്ന താക്ക സമുദായത്തിലുള്ള ആളുകൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രവീൺ, രാജു, ഭുയാസിങ്, ടീന, സീമ, കേസരി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ദർശാത്പുര ഗ്രാമത്തിലെ രേഖാബെൻ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ഖൂരാദിയ ഗ്രാമത്തിലെ അരുഷ തളർവാതത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### അമടപാട

**ബൻഹൂർ & മേരി ജോൺസി റാണി**

34 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സുവിശേഷീകരണ യജ്ഞത്തിലൂടെ 335 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. കിർത്ത ഗ്രാമത്തിലെ കല്യാൺ സൊറനെ ദൈവം വലിയ അപകടത്തിൽ നിന്നു വിടുവിച്ചു. ഡൊമ്രോ സഭയിലെ മൂപ്പന്റെ മകൻ ആന്റണി മുർമ്മുവിനെ തീപ്പൊള്ളലേൽക്കാതെ ദൈവം രക്ഷിച്ചു.

സംസാരിക്കുവാനും ഉറങ്ങുവാനും കഴിയാത്ത താതി സഭയിലെ നമ്മുടെ സഭാമൂപ്പനായ മുൻഷി മാറാണ്ടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജോറാസിമാൾ, ബതികാന്തൂർ ആരാധനക്കൂട്ടത്തിലുള്ള ആശയക്കുഴപ്പങ്ങൾ ശാശ്വതമായി പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ബർദോഹ ഗ്രാമത്തിലെ നരേഷ് ഹസ്ത. ഭഗപാട ഗ്രാത്തിലെ ബുധിസാർ മാറാണി, ഭാഗ ഗ്രാമത്തിലെ സൻമുനി ഹെമ്പ്രം എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ കുട്ടികളുടെ ആത്മീകവും ഭൗതികവുമായ വളർച്ചക്കായി പ്രാർത്ഥിക്കുക.

### ബടിടോള

**ജീവൻ രഞ്ജൻ & സ്നിഗ്ദ**

32 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പഹാർപൂർ, ജാമ്പ്രി, ലരഗുതു എന്നീ പ്രദേശങ്ങളിലെ ദൈവാലയ നിർമ്മാണം പുരോഗമിക്കുന്നു. കല്യാൺപൂർ ഗ്രാമത്തിലെ ഒരു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദരിയാപൂർ ഗ്രാമത്തിൽ നടത്തിയ സഭാമൂപ്പന്മാരുടെ യോഗം വളരെ അനുഗ്രഹകരമായിരുന്നു.

ദൽദലി ദൈവാലയ നിർമ്മാണം വിജയകരമായി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൽദലി ഗ്രാമത്തിൽ 2022 മാർച്ചിൽ നടത്തുവാനുദ്ദേശിക്കുന്ന കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണപ്രവർത്തനം നടത്തിയ അസൻബാനി, ലക്കി, സിഗ്നടൺ, കുസും, ഭോഗ്നാഥ് എന്നീ ഗ്രാമങ്ങളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗത്താലും ടൈഫോയ്ഡിനാലും കഷ്ടപ്പെടുന്ന ലക്കിപൂർ ഗ്രാമത്തിലെ സഭാമൂപ്പൻ സൈമൺ മാറാണ്ടിയുടെയും മലേറിയ രോഗിയായ ജയന്തി ടുഡുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 13 മാർച്ച്
### ഞായർ

**ജന്മദിനാശംസകൾ**

ഹുത്തോയ് അച്ചുമി കെ,
യേശു പ്രകാശ് ജെ

### ഖാന്തുവ & സന്താൾ LTI
### സുന്ദർദുരൈ & മെൽബിൻ

19 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ആത്മീക വരങ്ങൾ എന്ന വിഷയത്തെ അസ്പദമാക്കി നടത്തിയ നേതൃത്വ പരിശീലനത്തിൽ 104 സുവിശേഷകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. അപകടത്തിൽ ഒടിവ് സംഭവിച്ച പൗലൊസ് ഹസ്താക്കിനെ ദൈവം സൗഖ്യമാക്കി. മാനസിക രോഗത്തിൽ നിന്നു മേരി ഹെബ്രം വിടുതൽ പ്രാപിച്ചു.

39 ആരാധനക്കൂട്ടങ്ങളിലുമായി അനേക കുടുംബങ്ങൾ പുതുതായി ചേർന്നു കർത്താവിനെ ആരാധിക്കുന്നു. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന വാർഷീക യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. നേതൃത്വ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

### പത്തന
### കെന്നടി സിങ് & ലിന്തോയ്ബി

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ടൈഫോയ്ഡിൽ നിന്നു അഞ്ജലി മുർമ്മുവിനെയും മലേറിയ രോഗത്തിൽ നിന്നു ദീപാലി ബസ്ര, അനിത എന്നിവരെയും തളർവാതത്തിൽ നിന്നു സിറിൽ സൊറനെയും ദൈവം സൗഖ്യമാക്കി. ഡോമോട്ടോള, കോക്കോറോ, ജുമുർബന്ദ്, സിമൽദാപ്, ബരമാസിയ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു ദാനമായി ലഭിച്ചു. ദുരുപദേശം ആഴത്തിൽ വേരുന്നതിനു അവസരം നൽകാതെ ജുമുർബന്ദ് ഗ്രാമത്തിലെ വിശ്വാസികൾ ആത്മീക പക്വതയുള്ളവരായി തീർന്നു.

ബോണിഡങ്കാൽ, ശ്രീരാമ്പുർ എന്നീ പ്രദേശങ്ങളിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബെയബാനി ഗ്രാമത്തിലെ സാംസൺ മാറാണ്ടി, ക്രിസ്തോ ടുഡു എന്നിവർ കുടുംബമായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ കിസ്കു & സുനിത ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാർക്കിസൺ രോഗത്താൽ വലയുന്ന ഷീലാസ് ടുഡു, തളർവാതത്താൽ വലയുന്ന മിജിദിഹ ഗ്രാമത്തിലെ ബണ്ടോക്ക് മുർമ്മു, സജ്ജലി മുർമ്മു, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഇമ്മാനുവേൽ അമദാന്ദ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ആത്മഹത്യ പ്രവണത മാറി

കർണ്ണാടകയിൽ അനന്തപൂർ റീജിയനിലെ ചിലമത്തൂർ മിഷൻ വയലിലുള്ള നരസമ്മ ആത്മഹത്യ ചെയ്യുക എന്നു തന്നോടു പറയുന്ന ശബ്ദം എല്ലായ്പോഴും കേൾക്കുന്നു. അവളുടെ ഭവനത്തിലുള്ള ഒരു ദുരാത്മാവ് അവളുടെ ജീവൻ ആവശ്യപ്പെടുന്നു. വീടിനു വെളിയിൽ പോകുമ്പോൾ ഈ ശബ്ദം കേൾക്കുകയുമില്ല. ഒരിക്കൽ അവൾ ഭവനത്തിൽ പ്രവേശിച്ചപ്പോൾ ഒരു ശക്തി അവളെ ആത്മഹത്യ ചെയ്യുവാൻ പ്രേരിപ്പിച്ചു. അവൾ ദൈവാലയത്തിൽ ചെന്നു നമ്മുടെ മിഷനറിയോടു അവളുടെ പ്രശ്നം പങ്കുവെച്ചു. മിഷനറി അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. തുടർന്നു അവളുടെ ഭവനം സന്ദർശിച്ചു പ്രാർത്ഥിച്ചു. ആ നിമിഷം മുതൽ അവൾക്കു വിടുതൽ ലഭിച്ചു. അവളും കുടുംബാംഗങ്ങളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

## 14 മാർച്ച് തിങ്കൾ

### ജന്മദിനാശംസകൾ

എലിസബേത്ത് ഡേവിഡ്,
വ്യാസു ബാബു എ,
വുങ് തിയാൻ ചിങ് താങ് ചിൻ ലിയാൻ,
ബീരാരി റീതാബൻ

### സന്താൾ ദുംക റീജിയൻ

**കുമാരവേൽ & മറിയാൾ**

88 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 89 ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. കോവിഡ് 19 രോഗത്തിൽ നിന്നു നമ്മുടെ നിരവധി വിശ്വാസികൾ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. എല്ലാ ആരാധനക്കൂട്ടങ്ങളും കൊയ്ത്തുൽസവം കൊണ്ടാടി. പശ്ചിമ ബംഗാളിലെ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു.

റാണെശ്വർ, നള, മസാലിയ എന്നീ മിഷൻ വയലുകളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ചെറുസംഘങ്ങളുടെ കൂടിവരവും സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമും അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ റീജിയനിൽ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷ മേളയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നു നമ്മുടെ മിഷനറി പ്രൊദീപ് മുഷഹാരിയും കാലിൽ നീർക്കോളുള്ള സന്തോനി പാനിയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സുന്ദർപഹാടി

**ദാനിയേൽ ദാന സിങ് & സുവില ഗാനാഷു**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 11 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസി മാൻഹാട്ടൻ ഗ്രാമത്തിലെ മാനുവേൽ ടുഡു പാമ്പിനെ കയറി പിടിച്ചിട്ടും അതിന്റെ ദംശനമേൽക്കാതെ ദൈവം രക്ഷിച്ചു. ബൈജ്രി ഗ്രാമത്തിലെ സാം ഹെമ്രത്തെ നെഞ്ചു വേദനയിൽ നിന്നും ചന്ദന ഗ്രാമത്തിലെ തലഗോ കിസ്കുവിനെ മസ്തിഷ്ക മലേറിയായിൽ നിന്നും ചാന്ദ്രിക ഗ്രാമത്തിലെ മറിയം മുർമ്മുവിനെ വിളർച്ച രോഗത്തിൽ നിന്നും ദൈവം വിടുവിച്ചു. എല്ലിനു പൊട്ടലുണ്ടായ കുസുമ്പ ഗ്രാമത്തിലെ മേരു സൊറനെ ദൈവം സൗഖ്യമാക്കി.

സരൗണി സഭയിൽ സഭാമൂപ്പനെ നിയമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ തലക്കു മുറിവേറ്റ റാസ്കോ ഗ്രാമത്തിലെ ജിയോദാന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിളർച്ച രോഗത്തിൽ നിന്നു രാജഭിട്ടയിലെ ശലോമി മുർമ്മുവിനെയും ഊമനായ ബാജ്റി ഗ്രാമത്തിലെ ബാബുറാം ഹെബ്രത്തിന്റെയും തളർവാതത്തിൽ നിന്നു തെസ്സറിയ ഗ്രാമത്തിലെ റാണി കിസ്കുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുസുമ്പിയ, സുന്ദർപഹാടിയ, ബാരിയാപൂർ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാസപാട, അമ്പാലി, അസാലിപാട, സാബൈകുടി, ദുമാർത്താരി, ബസ്ജോടി, സാഗർപൂർ, ലുത്താന, രോഗ്ദ, ജാംദിഹ, കൽമ, ഗൈച്ചാൽ, ലങ്കാർദി എന്നീ ഗ്രാമങ്ങളെ സുവിശേഷീകരിക്കേണ്ടതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**15** **മാർച്ച്**
**ചൊവ്വ**

## ജന്മദിനാശംസകൾ

അരുണ കിങ്സ്ലി, സ്റ്റാലിൻ ജീവ എൻ, പരൻ ജോതി ലൂസിന സുബ്രമണ്യൻ, എയ്ഞ്ചലീൻ വാസന്തി ഇളങ്കോവൻ, ഹിൽജാം കെന്നടി സിങ്, രാജൻ എസ്

### തേലോ

**പോൾ രാജ് & ജപ ജ്യോതി**

22 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കോർദിയ ഗ്രാമത്തിൽ നിർമ്മിച്ച ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ അനുഗ്രഹകരമായിരുന്നു. മിഷൻ വയൽ തലത്തിൽ നടത്തിയ സ്തോത്ര ആരാധന അനുഗ്രഹകരമായിരുന്നു. 450 പേർ പങ്കെടുത്തു. പൈശാചിക ബന്ധനത്തിൽ നിന്നു മുർഗ ഗ്രാമത്തിലെ ബിത്തി മുർമ്മുവിനെ ദൈവം വിടുവിച്ചു. ഓർത്താൾ ഗ്രാമത്തിലെ മജ്ജിലിയെ ശാപ മരണത്തിൽ നിന്നും ബാൽസങ്കിയ ഗ്രാമത്തിലെ സുറൈ ഹെബ്രത്തെ മലേറിയ രോഗത്തിൽ നിന്നും ദൈവം വിടുവിച്ചു.

ഡുമ്രി ഗ്രാമത്തിൽ മിഷൻ വയൽ തല കൺവൻഷൻ നടത്തി. താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ച ബോസാനിയ, ബെർടോർ, ബസ്കോ, ബരോമാസിയ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഞ്ഞപിത്തത്തിനാൽ വലയുന്ന കെർവ ഗ്രാമത്തിലെ മാർസില മാറാണ്ടി, ഞരമ്പു സംബന്ധ രോഗത്താൽ കഷ്ടപ്പെടുന്ന പട്ലോഹാര ഗ്രാമത്തിലെ രോസ്മില മുക്കു, തളർവാത രോഗത്താൽ ഭാരപ്പെടുന്ന കിന്ദുവ ഗ്രാമത്തിലെ ഹാബേൽ മുർമ്മുവിന്റെ പൈതൽ, ഹാബേൽ മുർമ്മു, പതാർഗാട്ട ഗ്രാമത്തിലെ ഡേവിഡ് ഹെബ്രം, പട്ലോഹാരയിലെ പ്രോമെ കിസ്കു, അപസ്മാര രോഗികളായ കിന്ദുവ ഗ്രാമത്തിലെ ഹൊപ്ന മുർമ്മു, ബാഗ്മുണ്ടിലെ ലളിത മാറാണ്ടി, താരാപൂർ ഗ്രാമത്തിലെ ബഞ്ചമിൻ മുർമ്മു, ക്ഷയ രോഗികളായ മങ്കരുവിലെ സുനിൽ ഹസ്താക്, താരാപൂറിലെ കാലേബ് മാറാണ്ടി, ലടുഗഞ്ചിലെ സാംസൺ മാറാണ്ടി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ജഗന്നാഥപൂർ

**ഗണേശ് & സുമതി**

വിശ്വാസികളെ വ്യക്തിപരമായി കണ്ടു നടത്തുന്ന അനുധാവന പ്രവർത്തനം നമ്മുടെ ശുശ്രൂഷക്കു അനുഗ്രഹരമായി തീർന്നു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസിയുടെ മകൾ അപകടത്തിൽ മരിച്ചതിനെ തുടർന്നു ഗ്രാമീണർ പിഴ ചുമത്തിയ സാഹചര്യം ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുവാൻ ദൈവം കൃപ നൽകി.

ഗുജിജോർദ ദൈവാലയ നിർമ്മാണവും പുക്കി പീയിലെ ചുറ്റുമതിലിന്റെ പണിയും വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രഗുദ്സായ്, ഗദക്ഷേന, കാലൈയ, സിരസായ് എന്നീ ഗ്രാമങ്ങളിലുള്ള സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ലുഘുസായ്, സോമ പൂർതി എന്നീ ഗ്രാമങ്ങളിലെ വിശ്വാസികളെ അവരുടെ വയലുകളിലെ വിളയെടുക്കുന്നതിനെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ സുവിശേഷം നിമിത്തം പീഢനം അനുഭവിക്കുന്ന നമ്മുടെ മിഷനറി സുരേഷ് മാൾട്ടോയുടെയും മറ്റു വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

16 **മാർച്ച്**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

യെക്ടോ ചോഷി, അനിമോൾ ജേക്കബ്, അഗസ് ഏബനേസർ എഡ്വേർഡ് ജപസിങ്

## പശ്ചിമ ബംഗാൾ

### ബാലുഘാട്ട്

**ഹരമോഹൻ & സുസമ**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. ബലീന ഗ്രാമത്തിലെ സന്തോഷ് ഹസ്തയുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമായി. അയാളുടെ ഭാര്യ തിരികെ വന്നു. ഉദരവേദനയാൽ കഷ്ടപ്പെടുന്ന സോന, ശ്രീമതി ഹോബ്രം എന്നിവരുടെയും നെഞ്ചു വേദനയനുഭവപ്പെടുന്ന രൂപാലിയുടെയും ഗുരുതരമായ രോഗത്താൽ ഭാരപ്പെട്ടിരുന്ന സഭാമൂപ്പനായ നൊയാനിയെയും കർത്താവ് സൗഖ്യമാക്കി.

കുടിയേറ്റ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. മുൻസിപൂർ, ബസനായ്, അത്ഖുരി, ലെത്തോഡെങ, അർക്കരംഗ്, ബേൽധ, ഢങ്കി, ദെദ്ഗെട്ടോള, കോക്രാം, ബിൽപാട, കാസിപൂർ, ദുരൾദബ്ക, ദുത്തഹാര, മാക്വ, ഝാരൈ, മെയ്നഗർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം നിമിത്തം ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മാദർഗഞ്ചിലെ ബജൻ ഹസ്ത, റോബിൻ കിസ്കു, മാനില മുർമ്മു, അത്കുറിയിലെ സുജിത് മുർമ്മു, ഖാന്താങിലെ സുനിൽ റാം, മാധോപൂറിലെ ബിസുനാഥ്, മുമിൻപൂറിലെ കൂൾ സൊറൻ, അജോറിലെ സൂസൻ ഹസ്ത, ദരജ്പുർ ഹൊപ്ന എന്നിവരുടെ കുടുംബത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കഴുത്തിനു ബലമില്ലാതെ ഭാരപ്പെടുന്ന മാതി മുർമ്മുവിന്റെയും ഗർഭപാത്രത്തിലുണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്ന സോനയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മുലഹാത്തി ഗ്രാമത്തിലെ ദേബുവിന്റെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗംഗരാമ്പൂർ

**ഡിഹെ & ചരണി**

12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. ലുക്കിറാം ബസ്കെ, മോങ്കോൾ ഹെബ്രം എന്നീ കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ബലുഗാട്ടിൽ നടത്തിയ വിശ്വാസികളുടെ ക്യാമ്പ് അനുഗ്രഹകരമായിരുന്നു. തെക്കുഹാട്, ചൊഗുച്ചി എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനം വിജയകരമായിരുന്നു. പൈശാചിക ബന്ധനത്തിൽ നിന്നു തലമൈ സൊറനെ കർത്താവ് സൗഖ്യമാക്കി.

പ്രദേശിക സുവിശേഷകൻ പത്രമുർമ്മു സുവിശേഷ വേല ഫലപ്രദമായി ചെയ്യുന്നതിനു പരിശുദ്ധാത്മാഭിഷേകം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പനപുക്കുർ ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വിഷാദത്തിൽ നിന്നു വിടുതൽ!

ദാദ്ര നഗർ ഹാവേലിയിൽ ഖാൻവേൽ മിഷൻ വയലിലെ സാമർവാനി ഗ്രാമത്തിലുള്ള മധുബൻ, എലിസബേത്ത് വിഷാദ രോഗത്താൽ കഷ്ടപ്പെടുകയായിരുന്നു. ആകുല ചിന്തയാൽ അവർ കുടുംബാംഗങ്ങളോടു പോലും മിണ്ടാതെ മൂകരായിരുന്നു. ഞങ്ങൾ അവർക്കു വേണ്ടി പ്രാർത്ഥിച്ചു ദൈവം അവർക്കു പൂർണ്ണ സൗഖ്യം നൽകി. ഇപ്പോൾ അവർ കുടുംബമായി ദൈവത്തെ സ്തുതിക്കുന്നു.

**17**

**മാർച്ച്**

**വ്യാഴം**

**ജന്മദിനാശംസകൾ**

സെൽവരാജ് എ,
സവിത ദേവി

**സാംസി**

**ദീപി രത്ന & മിത്തിലേശ്**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പത്തു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനം അനുഗ്രഹകരമായിരുന്നു. ഗോപാൽപൂർ ഗ്രാമത്തിലെ ഭുലൈ കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. സച്ചിയ ഗ്രാമത്തിലെ പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരകെ വന്നു. ഖുരിയാൽ ഗ്രാമത്തിലെ വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കുന്നു. വാരി പ്രദേശത്തുള്ള വിശ്വാസികൾ അവരുടെ സഭയുടെ ആവശ്യങ്ങളും സുവിശേഷ വേലയുടെ ആവശ്യങ്ങളും സ്വയം കണ്ടെത്തുന്നു. പഴകിയ തലവേദനയിൽ നിന്നു സുനിത ഹസ്തയെയും രോഗങ്ങളിൽ നിന്നു ജേത ഹെബ്രത്തെയും കർത്താവ് സൗഖ്യമാക്കി. അബോധാവസ്ഥയിൽ കുളത്തിൽ വീണ നമ്മുടെ സഭാമൂപ്പൻ പ്രകാശ് ഹസ്തയെ കർത്താവ് രക്ഷിച്ചു.

വാരി ആരാധനക്കൂട്ടത്തിലെ പ്രകാശ് ഹസ്ത, ദേവാശീഷ് സൊറൻ, ചാന്ദപൂർ ആരാധനക്കൂട്ടത്തിലെ അനിൽ മുർമ്മു, ഖോറോൾ മോനി എന്നീ ആരാധനക്കൂട്ടത്തിലെ ജേക്കബ് ടുഡു, ലസ്കാർപൂർ ഗ്രാമത്തിലെ ശിമോൻ ടുഡു എന്നിവർ സഭ നടപടികളിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൊയട്ടോള പ്രദേശത്തുള്ള കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലസ്കാർപൂർ ഗ്രാമത്തിലെ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ പ്രോഗ്രാമുകൾ നടത്തുവാൻ അനുവദിക്കാത്ത ഷിവടോള, ജോഗിയപാട, ലപോവുൻടോള, എന്നീ സന്താൾ ഗ്രാമങ്ങളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായും സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന വാരി പ്രദേശത്തുള്ള ഹെബ്രം, ബാഗൻടോള ഗ്രാമത്തിലെ താലു ഹെബ്രം, ഘോഡടോള ഗ്രാമത്തിലെ ചാന്ദ്മുനി എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുമി ടുഡു, ലക്കൻ ടുഡു എന്നീ കുടുംബങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന മോദിപൂർ ഗ്രാമത്തിലെ താലു മുർമ്മുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**പുൽക്കെട്ടിനുള്ളിൽ വിഷപാമ്പ്**

മഹാരാഷ്ട്രയിൽ ബോറാടി മിഷൻ വയലിലെ സക്കാരിപാട ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസി ഗംഗിബായി വനത്തിൽ പോയി കന്നുകാലിക്കായി പുല്ല് അറുത്ത് കെട്ടിവെച്ചിട്ടു മറ്റു ജോലിയിൽ ഏർപ്പെട്ടു. ഈ സമയം ഒരു വിഷപാമ്പ് ആ പുൽകട്ടിനകത്തു കയറി. അവൾ അതറിഞ്ഞില്ല. അവൾ ആ പുൽക്കെട്ട് എടുത്തു തലയിൽ ചുമന്നു വിട്ടിലേക്കു മടങ്ങി. പാമ്പ് കെട്ടിനു വെളിയിൽ വന്നു അവളുടെ തോളത്തുകൂടെ ഇഴഞ്ഞു. അവൾ പേടിച്ച് പുൽക്കെട്ട് താഴെയിട്ടു. ദൈവകൃപയാൽ പുൽക്കെട്ട് താഴെയിട്ട കൂട്ടത്തിൽ പാമ്പും താഴെ വീണു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ദൈവം അവളെ വിടുവിച്ചതിനാൽ അവൾ ദൈവത്തെ മഹത്വപ്പെടുത്തി.

## 18 മാർച്ച് വെള്ളി

### ജന്മദിനാശംസകൾ

ഇന്ദിരമ്മ ദാനിയേൽ വിജയരാജ്

### ഇടഹാർ

**അഷ്ടബൻ ആദിത്യ കുമാർ ലിമ & മാനിനി കുമാരി**

ദക്കിനാൽ, ഗുലപാട എന്നീ ഗ്രാമങ്ങളിലുള്ള ഒമ്പതു പേർ യേശുവിനെ കർത്താവും രക്ഷിതാവു മായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസികൾ ആവേശത്തോടു കൂടെ ആത്മീക പരിപാടികളിൽ പങ്കെടു ക്കുന്നു. ബാൻപോൾ, പങ്കുരി ഹുതു, ഹത്മുച്ചട എന്നീ ഗ്രാമങ്ങളിലെ ഉപവാസ പ്രാർത്ഥന അനുഗ്രഹക രമായിരുന്നു. ലടെയ ഗ്രാമത്തിലെ ബാഹ സൊറനെ മരണ ശയ്യയിൽ നിന്നു ദൈവം വിടുവിച്ചു. മദ്യാസക്തി യിൽ നിന്നു ചാറ്റ്നൈറ്റ് ഗ്രാമത്തിലെ സജ്ജൈ സൊറൻ പ്രാർത്ഥനയാൽ വിടുതൽ പ്രാർത്ഥിച്ചു.

സുവിശേഷചത്തോടു താൽ പര്യം കാണിക്കുന്ന സരുപ് ടോള ഗ്രാമത്തിലെ താമ്പു ടുഡു, ബർബാറിയ ഗ്രാമത്തിലെ സുക്സാൻ ഹെബ്രം, അമാത്തിയിലെ തുളസി മുർമ്മു, കുസിയമാരി ഗ്രാമത്തിലെ റാം ബാസ്കെ, മഞ്ജിലി സൊറൻ, മിരു മുർമ്മു എന്നിവരുടെയും കുടും ബത്തിന്റെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ സജീവ മായി സുവിശേഷ വേലയിൽ പങ്കെടു ക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേദ പഠന ചെറു സംഘം ക്രമമായി കൂടി വരുന്നു. കാലിനു മുറിവേറ്റ ഗുലപാട ഗ്രാമത്തിലെ ഗണേശ് മാറാണ്ടിയു ടെയും ട്യൂമർ ഓപ്പറേഷന്റെ പാർശ്വ ഫലത്താൽ ഭാരപ്പെടുന്ന ചാത്നൈറ്റ് ഗ്രാമത്തിലെ ദുലി മുർമ്മുവിന്റെയും ഗർഭപാത്രത്തിലുണ്ടായ അണുബാ ധയാൽ കഷ്ടപ്പെടുന്ന ലിൽപുതി മാറാണ്ടിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ജാമ്പോനി

**എഫ്രയിം മല്ലി & പ്രസോൻസിത**

ആറു ഗ്രാമങ്ങളിൽ സുവി ശേഷം പ്രഘോഷിച്ചു. ജീപ്പ് ടീമിന്റെ സഹായത്താൽ ബിൻപൂർ, ബേൽപഹാടി എന്നീ പ്രദേശങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നട ത്തി. കിസ്തോപൂർ ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ധോണിറാം മാണ്ടി സ്വമേധ സുവിശേഷീകരണ പ്രവർത്തനം നടത്തുന്നു.

ജാർദ ജിങ്ക സെയ്ൽ ഗ്രാമ ത്തിൽ പുതിയ ആരാധ നക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വോദപഠന പ്രോഗ്രാമി ലൂടെ വേദപുസ്തകം ലഭിച്ച ബിഭുതി ഭൂഷാന്റെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. ദാത്തി ഉത്തു ഗ്രാമ ത്തിലെ കൃഷ്ണ സിങ്, രാമചന്ദ്ര സൊറൻ, ഹബിത ഹസ്താക്, ഗുരു ബാരി സൊറൻ എന്നിവർ യേശു വിനെ രക്ഷിതാവായി സ്വീകരിക്കേണ്ട തിനായി പ്രാർത്ഥിക്കുക.

**19** മാർച്ച് ശനി

## ജന്മദിനാശംസകൾ

രേണുമ സാദങ്കി ദീപ്തിലാൽ മാലി,
ഡെൽഫിൻ കിങ്സ്ലി ലിവിങ്സ്റ്റൺ

## ഛത്തീസ്ഘട്ട്

### പ്രതാപ്പൂർ

**ഡാനിഷ് കുമാർ & നീതു**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബൈക്കോണ, ഗംഗോത്രി എന്നീ ഗ്രാമങ്ങളിൽ പതിവായി വേദപഠനക്കൂട്ടം നടക്കുന്നു. ചില ആളുകൾ ക്രിസ്ത്യാനികളെ കുറിച്ചു ഈ പ്രദേശത്തു തെറ്റിദ്ധാരണ പരത്തുന്നുണ്ടെങ്കിലും ഗോണ്ട് ജനവിഭാഗം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

മാന്ദലെ, ബായ്കോണ, ഗംഗോത്രി, പക്നീ, സർഹാരി എന്നീ പ്രദേശത്തുള്ള ജനങ്ങൾ രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിക്കാത്ത പ്രദേശങ്ങളിൽ സുവിശേഷകരെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗോണ്ട് ജനവിഭാഗങ്ങളുടെ മദ്ധ്യേ സുവിശേഷത്തിനു തറുന്ന അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നു അനുപമയും അൻസുവും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ സർഹാരി, ബെട്ടെൽ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ലക്കൻപൂർ & അമ്പികാരപൂർ

**അരുൺ കുമാർ & സാരഥി**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രാത്ത, സെമേര, റോയ്, സിത്ത്കലോ എന്നീ ഗ്രാമങ്ങളിലെ ആരാധനയിൽ അനേകർ സംബന്ധിക്കുന്നു. എതിർപ്പു മൂലം നിർത്തിവെച്ച കരസുര ഗ്രാമത്തിലെ ആരാധനയോഗം പുനരാരംഭിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും സുഖ്ലാലിന്റെ കുടുംബത്തെ ദൈവം വിടുവിച്ചു. അൽബിനുഷിന്റെ കാലിലെ ബലഹീനത സുഖം പ്രാപിച്ചു. ഈ മിഷൻ വയലിൽ നടത്തുവാൻ പോകുന്ന സുവിശേഷ മേളയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. രാത്ത ഗ്രാമത്തിൽ ദൈവാലയം പണിയുവാൻ വസ്തു ദാനമായി നൽകിയ വ്യക്തി പിന്മാറിപ്പോയി. അദ്ദേഹം നമ്മുടെ പ്രവർത്തനത്തെ ശല്യപ്പെടുത്തുന്നു. ഇയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ദുരാത്മാവ് തള്ളിയെങ്കിലും ദൈവം കരംപിടിച്ചുയർത്തി!

കർണ്ണാടകയിലെ ഹൂബ്ലി റീജിയനിലുള്ള ബഗൈവാടി മിഷൻ വയലിൽ വസിക്കുന്ന രേണുക ഒരു ആശ വർക്കർ ആകുന്നു. അവൾ ഭർത്താവിന്റെ കൂടെ മോട്ടർ സൈക്കിളിൽ യാത്ര ചെയ്യുമ്പോൾ ഒരു ദുർശക്തി അവളെ തള്ളിയിട്ടു. തലക്കു പരിക്കു പറ്റി. അവളെ ആശുപത്രിയിൽ കൊണ്ടുപോയി പരിശോധനയിൽ അവളുടെ തലച്ചോറിനെ വീഴ്ച ഗുരുതരമായി ബാധിച്ചു എന്നു കണ്ടെത്തി. ഒരു മാനസിക രോഗിയെ പോലെ അവൾ പെരുമാറാൻ തുടങ്ങി. അവൾക്കു സ്വയമായി ഒരു ജോലിയും ചെയ്യുവാൻ കഴയാത്ത അവസ്ഥയായി. അവളെ ദൈവാലയത്തിലേക്കു കൊണ്ടുവന്നു. മിഷനറിയും വിശ്വാസികളും ചേർന്നു അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു മാനസിക പ്രശ്നത്തിൽ നിന്നു വിടുവിച്ചു. ഇപ്പോൾ അവൾക്കു എല്ലാ ജോലിയും ചെയ്യാം. ദൈവത്തിനു സ്തോത്രം.

## 20 മാർച്ച് ഞായർ

### ജന്മദിനാശംസകൾ

ഡേവിഡ് പെരുമാൾ, ജോർജ് സി ആർ,
പുഷ്പിത ബഞ്ചമിൻ ബഹറ്,
ജ്ഞാന സെൽവറാണി സ്റ്റാലിൻ ജീവ,
ബിമൽ ചന്ദ്ര മുർമ്മു, ശമുവേൽ ബബോർത്ത

### സീതാപൂർ: പത്വി സോമാലിയ ഭായ് & മഹാല ഷീല ബൻ

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഷ്കര, നവപാര എന്നീ ആരാധനക്കൂട്ടങ്ങൾ പ്രാദേശിക സുവിശേഷകരെ സാമ്പത്തികമായി സഹായിക്കുന്നു. ലളിത്പൂർ, ഹർദിസാന്റ്, ചത്തൻ പാറ, തെടഗ് എന്നീ ആരാധനക്കൂട്ടത്തിൽ നടത്തിയ വിശ്വാസികളുടെ യോഗം അനുഗ്രഹകരമായിരുന്നു. പൊക്സാരി പ്രദേശത്തു നിർമ്മിച്ച ദൈവാലയം ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന പോക്സാരി, ഷാരെദി, തിണ്ടുപാറ എന്നീ ഗ്രാമങ്ങളിലുള്ളവർക്കായി പ്രാർത്ഥിക്കുക.. നമ്മുടെ വിശ്വാസികളുടെ കുടുംബമായ മാൻബഹാൽ & സുഖ്മനി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുബർഭാവന, കുർദെഗ്, വന്ദന, ലളിത്പൂർ, തൈറെഡൻ, കൽജുബ, രത്തൻപൂർ എന്നീ ആരാധനക്കൂട്ടങ്ങളിൽ താൽക്കാലിക ദൈവാലയം പണിയുന്നതിനുള്ള ശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കേസല, ഭിതവ, കെനപാര, സുഗമ, മിതിയകോന, അമെർകോന, കുദരപാനി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്താൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ബന്ദെ

### ബാബുജി മുർമ്മു & വയലറ്റ് ഹസ്ത

മോർഖാണ്ടി ഗ്രാമത്തിലെ ശക്തമായ എതിർപ്പിന്റെ മദ്ധ്യത്തിൽ പുതിയ വശ്വാസിയായ ദല്ലി കൊവാച്ചി വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. നമ്മുടെ സഭാമൂപ്പൻ കെഷൊർ ലക്ഷ്മിയെ മലേറിയ രോഗത്തിൽ നിന്നു ദൈവം സൗഖ്യമാക്കി. പ്രാർത്ഥനയുടെ ഫലമായി മാങ്കി കോവാച്ചിക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

നമ്മുടെ വിശ്വാസിയായ ബാബുറാവു നോറാട്ടിക്കു ബിസിനസ്സിനാവശ്യമായ ലോൺ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തോക്കാജ്കുലി ഗ്രാമത്തിലെ മീനബായി നോറാട്ടിയെ ശരീരിക ബലഹീനതയിൽ നിന്നു വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എയ്ഞ്ചൽ ലക്ഷ്മിയുടെ മകളെ മലേറിയ രോഗത്തിൽ നിന്നു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒടിഷ

### ഡെക്കനാൽ : സാന്തു മാറാണ്ടി

ചുലിയ ഗ്രാമത്തിൽ നിന്നു ഒരു വ്യക്തി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബാലാന്ദ ഗ്രാമത്തിലെ എല്ലാ വിശ്വാസികളും പരസ്പരം നിരപ്പു പ്രാപിക്കുകയും ശുശ്രൂഷയെ സഹായിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയുടെ ഫലമായി മാനിഷ സോണിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. ജൈദമദാർപുർ ഗ്രാമത്തിലെ നാരായണനെ കാലു വേദനയിൽ നിന്നു ദൈവം സൗഖ്യമാക്കി.

കോരഗാദിയ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷകരുടെ സ്ഥല മാറ്റ പ്രക്രിയ സുഗമമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന ബ്രാഹ്മണി ഗ്രാമത്തിലെ സഞ്ജു സൊയെയും രഘുയാബിൽ ഗ്രാമത്തിലെ നാടു ചാതാറിനെയും ബാലാന്ദ ഗ്രാമത്തിലെ തുളസി പിങ്കുയായെയും സോർമഹാത്തിൻ ഗ്രാമത്തിലെ ബാൽദേവ കോലയെയും പ്രശാന്ത് മുണ്ടയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നു ചുലിയ ഗ്രാമത്തിലെ മാൽദി ഹെബ്രത്തെ കാർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 21 മാർച്ച് തിങ്കൾ

### ജന്മദിനാശംസകൾ

സെലീന ഹസ്താക്ക് മിർജോ കിസ്കു,
പ്രോപില്ല ബോസുമാത്രി പ്രൊദിപ് മുഷഹാരി,
ഗോവിന്ദരാജ് ഇ @ ബഞ്ചമിൻ,
ശശികല വെങ്കിടേശൻ,
രാജേന്ദ്രൻ ജെ, ഗണേഷ് ആർ

### ജാഷിപ്പൂർ

**സുഖിൻലാൽ & ജയറാണി**

19 വ്യക്തികൾ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 10 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസികളുടെ നെൽവയലുകളിൽ നല്ല വിളവ് ലഭിച്ചു.

ടാഗെർപാട ഗ്രാമത്തിലെ മൈന മുണ്ടയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ഹോ ജനവിഭാഗത്തിന്റെ മദ്ധ്യെ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. കുടക്കുത്തു ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം ഭംഗിയായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുമാരിബിൽ, കടഘുർവ, ഭുരുടി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കിയോൻജ്ഹർ

**പ്രത്യൂഷ് നായക് & ലീയോണ**

ഒരു ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു. ബങ്കാർസുനി ഗ്രാമത്തിലെ രണ്ടു വയസ്സുള്ള പൈതൽ മിലുവിനെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. കാലിന്റെ ബലഹീനതയിൽ നിന്നു സൊമ്പാരി ഗോഡ്സോരയെയും കാൻസർ രോഗിയായ ബാങ്കാർസുനിയിലെ ഗൗരിയെയും കർത്താവ് സൗഖ്യമാക്കി.

മേഷറാമൻ ആരാധനക്കൂട്ടത്തിലെ വിശ്വാസികൾ സ്വപ്രയത്നത്താൽ ഒരു താൽക്കാലിക ദൈവാലയം പണിതു. ഇവിടുത്തെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനു ആവശ്യമായ മാനുഷിക ശേഷി വർദ്ധിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലിസാഹി ദൈവാലയത്തിന്റെ ചുറ്റുമതിൽ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയിൽ നിന്നു ബാലു സാഹി പ്രദേശത്തുള്ള രാജു മുണ്ടയെയും ഞരമ്പു സംബന്ധമായ രോഗത്തിൽ നിന്നു ചാന്ദുവിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പല്ലഹാര

**ബസുദിയോ മാൾട്ടോ & ബാസന്തി**

പതാങ്, തേനാലി, ഇഗുള എന്നീ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അയൽ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുക എന്ന മിഷൻ വയൽ തല പ്രോഗ്രാം വിജയകരമായി നടപ്പിലാക്കി. മാമലപോഷി ആരാധനക്കൂട്ടത്തിലെ ആരാധനയിൽ എട്ടു കുടുംബം സംബന്ധിക്കുന്നു. യൗവ്വനക്കാരായ വിശ്വാസികൾ സഭ നടപടികളിൽ സജീവമായി പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നു. ആറാം ക്ലാസ്സ് മുതൽ മുകളിലോട്ടു പഠിക്കുന്ന കുട്ടികളെല്ലാവരും ബാല ഭവനത്തിലേക്കു തിരികെ വന്നു.

എല്ലാ വിശ്വാസികളും ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്വദേശവത്കരിക്കുന്ന പ്രക്രീയ എല്ലാ ആരാധനക്കൂട്ടങ്ങളിലും നടപ്പിലാക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗികളായ രാജു, ഡമ്പരു, അയാളുടെ സഹോദരി യശോദ ജുവാങ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷക്കു തയ്യാറെടുക്കുന്ന സിങ്കി അൽദ, മഗ്ദലിനി മുണ്ട, ചന്ദ്ര മുണ്ട, ജോൺ മുണ്ട, ദാനിയേൽ സിങ്കു എന്നിവർക്കായി പ്രാർത്ഥിക്കുക.

## 22 മാർച്ച് ചൊവ്വ

### റായ്രംഗ്പൂർ

**ശമുവേൽ & ഹവിലാഹ്**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. കുർള പാനി, രുക്കുദാസി, നർഗ സാഹി, കോയ്പൂർ, എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. അജ്ഞാത രോഗത്താൽ വലഞ്ഞ രാജ മുണ്ടയെ കർത്താവ് സൗഖ്യമാക്കി. മാനസിക രോഗത്താൽ കഷ്ടപ്പെടുന്ന ദോൽപൂർ ഗ്രാമത്തിലെ സാറ പോട്സ്, ഊമനായ ദുല സർദാർ, കാലിൽ ബലഹിനത യനുഭവിക്കുന്ന കോയ്പൂർ ഗ്രാമത്തിലെ ബനറ എന്നിവരെ കർത്താവ് സൗഖ്യമാക്കി.

മകളുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന സത്ജുടി ഗ്രാമത്തിലെ അന്നനാഥ് ബിരുവയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ ഹേമന്തി ഹൽദ, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ബുസൻ മുർമ്മു, ഗർഭപാത്രത്തിൽ അണുബാധയുണ്ടായ ജുബ കുങ്കാൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗർഭാവസ്ഥയിൽ മക്കളെ നഷ്ടപ്പെട്ട ജഗ ഹെബ്രത്തിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

### റമുലി

**ശങ്കർ പി & ജലീൻ**

15 വ്യക്തികൾ യേശുവിനെ കർത്താവും ലക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കൊങ്കാൻ ഗ്രാമത്തിൽ നടത്തിയ വിശ്വാസികളുടെ ക്യാമ്പ് അനുഗ്രഹകരമായിരുന്നു. അർസാല, റായക്കോല എന്നീ ഗ്രാമങ്ങളിൽ ഞായറാഴ്ച ആരാധന ക്രമമായി നടത്തുന്നു.

സുവിശേഷ പ്രവർത്തനം ഫലകരമാകുന്നതിനു നമ്മുടെ സുവിശേഷകരായ രഘു കുന്തിയ, ദിലീപ് ലഹുരി, ജഗത് പൂർവ എന്നിവരും സന്നദ്ധ സുവിശേഷകനായ ജഗത് ബുരുവയും ആത്മ നിറവ് പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പുകളുടെ മദ്ധ്യത്തിൽ അർസാല ഗ്രാമത്തിലെ പുതിയ വിശ്വാസി ഗുരുബാരി മുണ്ട വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### ഫോക്ടി LTI

**രബൻ രവി & വിജയറാണി**

ആരവല്ലി, സത്പൂര എന്നീ റീജിയനുകളിലെ സഭമൂപ്പന്മാർക്കു പരിശീലനം നൽകുവാൻ ദൈവം സഹായിച്ചു. ബോടാലി മിഷൻ വയലിലെ കുന്താപൂർ ഗ്രാമത്തിൽ നടത്തിയ യോഗത്തെ ദൈവം അനുഗ്രഹിച്ചു.

സഭാമൂപ്പന്മാർ അവരുടെ പ്രവർത്തന മണ്ഡലങ്ങളിൽ സാക്ഷ്യമുള്ള ജീവിതം നയിക്കത്തക്കവിധം ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിജയ് ബാബുവിന്റെ കുടുംബത്തിനു ഗുജറാത്തി ഭാഷ പഠിക്കുന്നതിനു ആവശ്യമായ ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന സത്പൂര റീജിയനിലെ സഭമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

23 **മാർച്ച്**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

സുകന്തോ കുമാർ സിങ്,
നെംസാവാഹ്

### പിഷൽവാട ബാലിക ഭവൻ

**ഹരിബാബു & പങ്കജം, ശലോമി ഹസ്ത, എയ്ഞ്ചൽ രാജ് & ഗായത്രി**

ഒരു കുട്ടിക്കു കോവിഡ് ബാധിച്ചെങ്കിലും മറ്റെല്ലാവരെയും ദൈവം കോവിഡ് ബാധിക്കാതെ രക്ഷിച്ചു. ബാലഭവനത്തിലെ കുട്ടികൾ വേദ പഠനത്തിലും പാഠ്യ വിഷയങ്ങളിലും ആവേശം കാണിക്കുന്നു.

LKG മുതൽ ഒമ്പതാം ക്ലാസ്സുവരെ പഠിക്കുന്ന എല്ലാവരുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. പ്രത്യേകിച്ചു ഈ മഹാമാരിയുടെ കാലത്തു ഭവനത്തിൽ ആയിരിക്കുന്ന കുട്ടികളെ ദൈവം കാത്തു പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൈറ്റമിന്റെ കുറവിനാൽ ഉണ്ടാകുന്ന രോഗത്താലും ക്ഷയം, ദഹനക്കേട് തുടങ്ങിയ രോഗത്താലും ഭാരപ്പെടുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുക. MBBS പരീക്ഷ എഴുതുന്ന നമ്മുടെ ബാലഭവനത്തിലെ പൂർവ്വ വിദ്യാർത്ഥിയായ സ്ളോചനക്കായി പ്രാർത്ഥിക്കുക.

### കോരമ്പ

**രമേശ് ജി ക്രിസ്റ്റ്യൻ & റെച്ചൽബൻ**

ഈ മാസത്തിൽ നടത്തിയ എല്ലാ പ്രോഗ്രാമിനെയും കർത്താവ് ആശിർവദിച്ചു രാജുബായ്, രാവ്ജി ബായി എന്നിവർ സന്നദ്ധ സേവനം ചെയ്യുന്നതിനു മുന്നോട്ടു വന്നു. പനിയിൽ നിന്നു ബുദുവാഹൻ ഗ്രാമത്തിലെ റാഹെൽ, രാജു, രേഖ, ബിന്ദിയ എന്നിവരെ പനിയിൽ നിന്നും രാവ്ജിബായിയെ നട്ടെല്ലു സംബന്ധമായ പ്രയാസത്തിൽ നിന്നും ദൈവം സൗഖ്യമാക്കി.

പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം ധർമ്മേശിനെ വിടുവിച്ചു. നമ്മുടെ സ്വദേശ സുവിശേഷകന്റെ മകൾ ദീപ്തിക്കു നല്ലൊരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വന്ദർദേവ് ഗ്രാമത്തിലെ ജനങ്ങൾ മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഖാമലയിലെ വൈശാലി, ഷേപഹാലി, സാമച്ചാലി ഗ്രാമത്തിലെ അഞ്ജലി, സുരേഷ്, കാലിബൽ ഗ്രാമത്തിലെ രേഖ എന്നിവർ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര ദഗർ ഹാവേലി

### രാന്ധ ബാലഭവനം

**മർക്കൂസ് മാൾട്ടോ & സാറാ**

ബാലഭവനത്തിലെ ഒമ്പതു മുതൽ 12 വരെയുള്ള കുട്ടികൾക്കു വാക്സിനേഷൻ എടുത്തു. അവർ സ്കൂളിൽ പോയി പഠിക്കുന്നു. ബോണ്ട ഗ്രാമത്തിലെ വിശ്വാസികളോടു ചേർന്നു ബാലഭവനത്തിലെ കുട്ടികൾ കൊയത്തുത്സവത്തിൽ പങ്കെടുത്തു. സാലിമ്പായി, നിതിൻബായ് എന്നീ കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ബാലഭവനത്തിലെ എല്ലാ കുട്ടികളും ആത്മീകമായും ഭൗതികമായും വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികൾക്കായി പതിവായി നടത്തുന്ന വേദപഠനം വളരെ അനുഗ്രഹമാകേണ്ടതിനായി പ്രാർത്ഥിക്കുക. 10,12 ക്ലാസ്സുകളിലെ കുട്ടികൾ പഠനത്തിൽ പൂർണ്ണ ശ്രദ്ധ ചെലുത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**24** മാർച്ച്
വ്യാഴം

## ജന്മദിനാശംസകൾ

നിരോല അമിർ കാന്ത് ദിഗാൽ

## മഹാരാഷ്ട്ര

### ചോപ്ട്

**ഗോപീകൃഷ്ണൻ & മേനക**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പൈശാചിക ബന്ധനത്താൽ വലയുന്ന കാഞ്ചിയപാട ഗ്രാമത്തിലെ നരിക ബായി, ഭീവക്കേദയിലെ ലളിത ബായി എന്നിവരെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ പ്രീതി, ഖുഷി, ശിമോൻ എന്നിവരുടെ അഞ്ചാം പനി പ്രാർത്ഥനയിലൂടെ സൗഖ്യമായി.

തല്നെർ, അമൽഗൗൺ എന്നീ ഗ്രാമങ്ങളിലുള്ള ജയ് ഭീം ജാതിക്കൂട്ടത്തിലെ സത്യാന്വേഷകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. നാഗപാട, തടാ, പദസേരി എന്നീ പ്രദേശത്തു ഉടനെ നടത്തുവാൻ പോകുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വേൽദ ഗ്രാമത്തിൽ നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെ പരിശീലനം, കന്യാപാടയിലും ബദ്കേടയിലും നടത്തുന്ന ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ യോഗം എന്നിവയുടെ വിജയത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ കുദിബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദഹാനു

**എം ശങ്കർ & ആനന്ദി**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വാത്രിപാട, ദാദോടപാട, ദന്ദികർ, ഭാഹെരെ എന്നീ നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ലോക്ഡൗണിനു ശേഷം എല്ലാ ശുശ്രൂഷകളും പുനരാരംഭിച്ചു. ബാരിപാട, ദന്തികാർ എന്നീ ഗ്രാമങ്ങളിലുള്ള ദന്ദികാർ ജനവിഭാഗത്തിലെ അനേകർ ആരാധന യോഗത്തിൽ പുതുതായി കടന്നു വരുന്നു.

പുതിയ സ്നേഹിതരായ വിജയ്ബായി, സുദ്ദാംബായി, ലഹെബായി, ദേവ്ബായി, രമേശ് ബായി, നാനുബായി എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. കുസുബൻ, കുന്ദ ബൻ, പാറുബൻ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. അയൽക്കാരിൽ ഉപദ്രവം നേരിടുന്ന നമ്മുടെ വിശ്വാസി ജാർലി ഗ്രാമത്തിലെ സജൈജബായി വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാരിപാട, അമ്പെസാരി എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ ദുരുപദേശത്തിനു ചെവികൊടുക്കാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കൈനാഡ് ഗ്രാമത്തിലെ പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയിൽ നിന്നു കുന്ദബന്നും, കുഷ്ഠ രോഗത്തിൽ നിന്നു കൊസ്ബാദ് ഗ്രാമത്തിലെ രജ്ജനാബന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**25 മാർച്ച്**

**വെള്ളി**

## ജന്മദിനാശംസകൾ

ലനീംഗ്ഹോയി സൗ

**ഗാട്ച്ചന്ദൂർ : പോൾ ആൽബർട്ട് & റാണി ജസ്സിലറ്റ്, എലിഷ ഡൈമെ**

20 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിരുർ, ഭാരി എന്നീ പ്രദേശങ്ങളിൽ നടത്തിയ സുവിശേഷീകരണ യജ്ഞത്തെ ദൈവം അനുഗ്രഹിച്ചു. കുച്ചാൽപൂർ ഗ്രാമത്തിലെ രണ്ടു കുടുംബം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. രാജുനഗർ, ഉമ്രി, സോനപൂർ, വാമൻ നഗർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ ഫിലിം പ്രദർശനം അനുഗ്രഹകരമായിരുന്നു.

ഷിഗൗൺ ഗ്രാമത്തിലെ ബാബുറാവുവിന്റെ കുടുംബം, കാച്ചാപൂർ ഗ്രാമത്തിലെ രണ്ടു സത്യാന്വേഷകർ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ സ്നേഹിതരായ കോലാംഗുട ഗ്രാമത്തിലെ രാമു അത്രാമിനെ അപസ്മാര രോഗത്തിൽ നിന്നും ഇന്ദിര നഗർ ഗ്രാമത്തിലെ വിനോദ് കാദയെ തളർവാതത്തിൽ നിന്നും ബാബ്ലിയെ മാനസിക രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖാന്തേശ് റീജിയൻ

**എം. വിനു & സുബില**

നമ്മുടെ ജീപ്പ് ടീം 20 ഗ്രാമങ്ങളിൽ എതിർപ്പുകളൊന്നുമില്ലാതെ സുവിശേഷം അറിയിച്ചു. നമ്മുടെ വിശ്വാസികൾ ഖാന്തേഷ് ഭീലി ഭാഷയിലെ വേദപുസ്തകം താൽപര്യപൂർവ്വം വായിക്കുന്നു. ജയ്നഗർ, ദാന്ദ്ര, പുനർവാസൻ, ലാമ്പാദ, നിമ്പോര, മോഹിദ, ഔടുടെ എന്നീ ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനം അനുഗ്രഹകരമായിരുന്നു. അനേകർ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. അക്കൽകുവ മിഷൻ വയലിലെ നാലു ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിച്ചു. ഖാന്ദ്ബാര മിഷൻ വയലിലെ ദോങ് ഗ്രാമത്തിൽ നടക്കുന്ന ദൈവാലായ നിർമ്മാണം ജനൽപൊക്കമായി.

നേർ മിഷൻ വയലിലെ കലബീർ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ഗ്രാമത്തലവൻ അനുവാദം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ബാബുലാൽ, പോകുൽ, കൈലാസ്, കാശിനാഥ്, ശുക്ലാൽ, ചോട്ടു എന്നീ ഗ്രാമങ്ങളിലെ സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ കുട്ടികൾ എല്ലാവരും തടസ്സങ്ങളില്ലാതെ ബാലഭവവനത്തിലേക്കു മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക. ഗുജറാത്ത്, പൂനെ, നാസിക് എന്നിവിടങ്ങളിൽ ജോലി തേടി പോയ വിശ്വാസികൾ സുരക്ഷിതരായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ദാദഗൗൺ മിഷൻ വയലിലെ ഹജാത് ഗ്രാമം, മോൾഗി മിഷൻ വയലിലെ ബാർക്കുണ്ട് ഗ്രാമം എന്നിവിടങ്ങളിൽ പ്രശ്നങ്ങളില്ലാതെ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

### നാലു പേർ ചുമന്നു കൊണ്ടുവന്നു, തിരികെ നടന്നു പോയി!

മദ്ധ്യപ്രദേശിൽ ദുൽക്കോത് മിഷൻ വയലിലെ ജാമ്നിയ ഗ്രാമത്തിലുള്ള ശോഭാറാം തളർവാതം ബാധിച്ചു ശയ്യാവലംബനായി കിടക്കുകയായിരുന്നു. ട്യൂബിലൂടെ നൽകുന്ന പാൽ മാത്രമായിരുന്നു ഭക്ഷണം. നമ്മുടെ മിഷനറിമാർ രോഗികളുടെ സൗഖ്യത്തിനായി നടത്തിയ പ്രത്യേക പ്രാർത്ഥന യോഗത്തിലേക്കു അയാളെ നാലു പേർ ചേർന്നു കട്ടിലിൽ എടുത്തു കൊണ്ടുവന്നു. ശോഭാറാമിനെ കർത്താവ് തൊട്ടു പൂർണ്ണ സൗഖ്യം നൽകി. പരസഹായം കൂടാതെ അയാൾ നടന്നു ഭവനത്തിലേക്കു പോയി. ദൈവത്തിനു സ്തോത്രം!

## 26 മാർച്ച് ശനി

## ജന്മദിനാശംസകൾ

ജേക്കബ് ജ്ഞാനപണ്ഡിതൻ എം
മറിയ സെൽവി ധർമ്മരാജ്
ആൽബർട്ട് സന്തോഷ് രാജ് ജെ,
ചിങ് നെയ് സീയാൻ

### സിത്താര

**സജ്ജീബ് & സ്വർണലത**

21 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മസ്തിഷ്കത്തിൽ ട്യൂമർ ബാധിച്ച ഗാട്ട ഗ്രാമത്തിലെ സോമി ബായിയെയും, മുഖക്കുരുക്കളാൽ ഭാരപ്പെടുന്ന ഉമാരാട ഗ്രാമത്തിലെ ഗുരുജിബായിയെയും കാലിൽ അണുബാധയുണ്ടായ ഞോരസ് ഗ്രാമത്തിലെ ദീപക്കിനെയും കർത്താവ് സൗഖ്യമാക്കി. കൊഠൈത്രെ ഗ്രാമത്തിലെ ലീലബായിയെ പൈശാചിക ബന്ധനത്തിൽ നിന്നു പ്രാർത്ഥന കേട്ടു ദൈവം വിടുവിച്ചു.

നമ്മുടെ സുവിശേഷകനെയും മിഷനറിയെയും ഭീഷണിപ്പെടുത്തുന്ന സോമബായി, ഹരിദാസ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദുബാഗൗൺ ഗ്രാമത്തിലെ നാംദേവ്, കാലിബായി എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക വിഭ്രാന്തിയിൽ നിന്നും നരസിങ്ദി, ദേവ് യാദവ്, സുഖാദേവ്, സിതാൾ, സവിത എന്നിവരെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നും വസന്തയെയും ബാൻഗൗൺ ഗ്രാമത്തിലെ ആശബായിയെ മസ്തിഷ്ക സംബന്ധമായ രോഗത്തിൽ നിന്നും ബുദുകി വിഹാർ ഗ്രാമത്തിലെ അഞ്ജലിയെ അരിവാൾ രോഗത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സർഗണ

**മയിൽസ്വാമി & യേശുമണി**

കേലിപാട ഗ്രാമത്തിലെ 15 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ശിവരാമ്ലി, അവലിമാൾ, അവൽപാട എന്നീ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കോട്ടുല ഗ്രാമത്തിൽ യുവജന യോഗം ആരംഭിക്കുന്നതിനു ദൈവം സഹായിച്ചു. ഹുമ്പചാപട എന്നീ ഗ്രാമങ്ങളിൽ രാഹുൽ, ബന്ദെർപാട ഗ്രാമത്തിലെ യോഗേഷ് വാഗ്മാരെ, കോക്രി ഗ്രാമത്തിലെ യോഗിത ഗോവിന്ദ്, സത്ഗാം ബൂണ്ട ഗ്രാമത്തിലെ ഗുമ്പാടെ എന്നിവർ ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്നു.

ബാരിപാട ഗ്രാമത്തിൽ നടത്തുന്ന വിശ്വാസികളുടെ യോഗം, കേലിപാട ഗ്രാമത്തിലെ സ്ത്രീജന യോഗം എന്നിവയുടെ വിജയത്തിനായി പ്രാർത്ഥിക്കുക. താത്തെപാട ഗ്രാമത്തിലെ ആരതിയെ പൈശാചിക ബന്ധനത്തിൽ നിന്നു വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോർട്നെ ഗ്രാമത്തിലെ വിശ്വാസികൾ തമ്മിൽ ഐക്യമുള്ളവരാകേണ്ടതിനായി പ്രാർത്ഥിക്കുക. ബോരിഗുട്ട ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം ഭംഗിയായി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവലിമ, അവൽപാട, ശിവ്രമാലി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

27

**മാർച്ച്**

**ഞായർ**

## ജന്മദിനാശംസകൾ

മൂർത്തി റ്റി.

**ഡിണ്ടോരി**

**അലക്സ് പ്രഭു & പ്രീയ ഗെഡ്സി**

പൈശാചിക ബന്ധനത്തിൽ നിന്നു പൂരി ഗ്രാമത്തിലെ കമലബായിയെ കർത്താവ് വിടുവിച്ചു. പ്രാർത്ഥനയുടെ ഫലമായി പഴകിയ ശർദ്ദിലിൽ നിന്നു താരരി ഗ്രാമത്തിലെ വിഷ്ണുവിനെ കർത്താവ് സൗഖ്യമാക്കി. ദിണ്ടോരി മിഷൻ വയലിലെ മജ്ജുളയുടെ മകന്റെ ഭവനം വിൽക്കണമെന്ന ചിന്താഗതി പ്രാർത്ഥനയുടെ ഫലമായി മാറി. വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി നമ്മുടെ വിശ്വാസി സുനിതക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

കുടുംബാംഗങ്ങളിൽ നിന്നുള്ള എതിർപ്പിന്റെ മദ്ധ്യത്തിൽ നമ്മുടെ വിശ്വാസി സുരേഖ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. മാനസിക രോഗത്തിൽ നിന്നു ഹീരബായി, പോബേർത, മീരബായി എന്നിവരെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ വലയുന്ന താരി പ്രദേശത്തുള്ള പങ്കജ്, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന അരയൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സോനാലി & പ്രതിക് എന്നിവരുടെ കുടുംബത്തിൽ സമാധാനം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. ദിബാലി & പോയ്തി, ശരള & വിനായക്, ഭാരതി & ദേവിദാസ് എന്നീ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ധരണി മേൽഘാട്**

**ദാനിയേൽ മാർവെൽരാജ് & ജപശീലി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒരു ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു നമ്മുടെ വിശ്വാസി സുനിത വിടുതൽ പ്രാപിച്ചു. ദക്കർനാൽ ഗ്രാമത്തിലെ രാംലാലിനെ വിഷപാമ്പിന്റെ ദംശനമേൽക്കാതെ ദൈവം രക്ഷിച്ചു. ഷക്കായ്യുടെ ഭർത്താവിനെ നെഞ്ചു വേദനയിൽ നിന്നു ദൈവം വിടുവിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നു കലാർ ഗ്രാമത്തിലെ പങ്കജിനെ ദൈവം സൗഖ്യമാക്കി. പിന്മാറ്റത്തിലായ ഭൗവറ ഗ്രാമത്തിലെ ഉമേഷ്, റാനേഷ് എന്നീ കുടുംബങ്ങൾ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന കുതുങ്ക ഗ്രാമത്തിലെ സുനിലിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

**മുന്ദർഗി: തങ്കലാൽ സൗ**

നമ്മുടെ വിശ്വാസി രവിയുടെ അയൽക്കാർ അനധികൃതമായി കൈവശപ്പെടുത്തിയ വസ്തു തിരികെ ലഭിച്ചു. കഠിന ജ്വരത്തിൽ നിന്നു ജോതിയെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസിയായ ധനരാജിന്റെ മകൻ മത്സര പരീക്ഷ വിജയിച്ചു.

ബാസു, പവിത്ര എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി ധനരാജിനു ബിസിനസ്സ് ചെയ്യുന്നതിനു ആവശ്യമായ ധനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**28** **മാർച്ച്**

**തിങ്കൾ**

## ജന്മദിനാശംസകൾ

ജറിനാഹ് സിദ്രാ

### ഷിഗ്ഗൗൺ

**സുനിൽ കുമാർ & സംഗീത**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രാർത്ഥനയുടെ ഫലമായി ഗിർജാവക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

മുത്താക്കയെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.. അപസ്മാര രോഗത്തിൽ നിന്നും ദുരഗേഷ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും സന്തോഷ്, സാബുദാർ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നിദാഗുണ്ടി : നരേന്ദ്ര കുമാർ

പ്രാർത്ഥനയുടെ ഫലമായി നമ്മുടെ വിശ്വാസി മഹാദേവിക്കു സുഖപ്രസവം ലഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു മഹേഷിനെ ദൈവം വിടുവിച്ചു.

പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന ബാസവരാജ്, ബീമു, രേണുക എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞരമ്പു രോഗത്താൽ വലയുന്ന സത്യാന്വേഷകനായ പ്രകാശിനു ഞരമ്പു സംബന്ധമായ രോഗത്തിൽ നിന്നു സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു രേണുകാമ്മയെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഘലാനാപൂർ (ഹലിയാൽ)

**വിനയരാജ് & ശാന്ത**

പത്തു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഈ മിഷൻ വയലിൽ ആരംഭിച്ച ആരാധന യോഗത്തിൽ അനേകർ കടന്നു വന്നു സംബന്ധിക്കുന്നു.

പുതിയ സ്നേഹിതരായ മഹേഷ് & ഉമ, ഗൗരവ, ഭിംസിങ്, നാഗരാജ്, ഗോവിന്ദ് & ലക്ഷ്മി, വിഷ്ണു & രേഖ, ശാന്തമ്മ & മഹാദേവി എന്നീ കുടുംബത്തിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കു പറ്റിയ സത്ഗുരുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സതേൺ സോൺ, കോളാർ

**ജപരാജ് ശമുവേൽ & ജയ സുന്ദരി**

ഈ സോണിൽ 199 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സ്വദേശവത്കരണ നടപടികളുടെ ഭാഗമായി യോഗങ്ങൾ ചേർന്നു പ്രാദേശികമായി പണം ശേഖരിച്ചു 15 സ്ഥലത്തുള്ള ദൈവാലയത്തിന്റെ അറ്റകുറ്റ പണികൾ നിർവഹിച്ചു. വലിയ അപകടങ്ങളിൽ നിന്നു നമ്മുടെ മിഷനറിമാരെയും സുവിശേഷകരെയും ദൈവം പരിപാലിച്ചു.

യെൽബുർഗ, നിദാഗുണി, മുണ്ടുഗോഡ് എന്നീ പ്രദേശങ്ങളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോലിവാട ഗ്രാമത്തിലെ സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിവിധ പ്രദേശങ്ങളിലേക്കു സുവിശേഷം വ്യാപിപ്പിക്കുന്നതിനു ആവശ്യമായ മിഷനറിമാരെയും സുവിശേഷകരെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്രീനിവാസ പുരത്തെ ദൈവാലയം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

29 **മാർച്ച്**
**ചൊവ്വ**

## ജന്മദിനാശംസകൾ

ആലീസ് രജ്ജിത് ജയിംസ്,
ജോൺ ആൻഡ്രൂസ് സുഗീർത്തരാജ്,
എയ്ഞ്ചൽ ഇ

### കോളാർ

**യോഹാൻ മാൾട്ടോ**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസിയുടെ മകൻ രവി ഭവനത്തിൽ നിന്നു പോയി അഞ്ചു വർഷത്തിനു ശേഷം പ്രാർത്ഥനയുടെ ഫലമായി തിരികെ വന്നു. ചത്ര കോദിഹള്ളി ഗ്രാമത്തിലെ രാത്രി യോഗത്തെയും സീപൂർ ഗ്രാമത്തിലെ സ്ത്രീജന യോഗത്തെയും വിവിധ പ്രകാരത്തിൽ ദൈവം അനുഗ്രഹിച്ചു. ശിവയുടെ കുടുംബത്തിൽ സാമാധാനം സ്ഥാപിതമായി. പ്രാർത്ഥനയുടെ ഫലമായി അവർ ഒരുമിച്ചു ചേർന്നു ജീവിക്കുന്നു.

നമ്മുടെ ആരാധന യോഗത്തിൽ പുതുതായി കടന്നു വരുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗംഗാട്ട സഭയിൽ സ്വദേശ സുവിശേഷകനെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നു ചൊവദാമ്മ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗംഗാട്ട, ബൈർക്കൂർ എന്നീ പ്രദേശങ്ങളിലുള്ള നമ്മുടെ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ഗൗരിബിദനൂർ & മാധുഗിരി

**ഫ്രാൻസിസ് ദുരൈസ്വാമി & ജയന്തി**

മോട്ടർ സൈക്കിൾ അപകടത്തിൽ രാമക്കയെ കർത്താവ് രക്ഷിച്ചു. നാഗേഷ്, മഞ്ജുള കുടുംബത്തിൽ പ്രാർത്ഥനയുടെ ഫലമായി സമാധാനം സ്ഥാപിതമായി. ആരാധന യോഗത്തിൽ അനേകർ പതിവായി പങ്കെടുക്കുന്നു. നമ്മുടെ വിശ്വാസികളായ ഗായത്രി, ഗംഗദേവി, ദേവി എന്നിവർക്കു ഉപജീവന മാർഗ്ഗമായി നല്ലൊരു ജോലി ലഭിച്ചു.

സഭാമൂപ്പന്മാരുടെ ഐക്യത്തിനായി പ്രാർത്ഥിക്കുക. ഇദഗൂർ പ്രദേശത്തെ ദൈവലായത്തിനു ചുറ്റുമതിൽ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ പ്രകാരത്തിൽ നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന മൂർത്തി, വിനയ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച കൃഷ്ണപ്പ, സത്യയപ്പ എന്നവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മാലൂർ

**കിഷന്ത ലിമ്മ & പ്രമീള**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷാതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. അനേക വർഷത്തെ പരിശ്രമത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി നമ്മുടെ വിശ്വാസി സുരേഷിനു റേഷൻ കാർഡ് ലഭിച്ചു. ഇന്ദിരയുടെ ത്വക്കു രോഗം ദൈവം സൗഖ്യമാക്കി.

സത്യാന്വേഷകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ ക്രമമായി സംബന്ധിക്കുന്ന സത്യാന്വേഷകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

30

മാർച്ച്

ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

കോങ്കാനി സമ്പത്ത് ബായി, ക്ഷത്രിമായും പ്രീയ ദേവി, അബ്രഹാം എസ്

### വോമഗാൾ : സമ്പത്ത് & രാജം

വിശ്വാസികൾക്കായി നടത്തിയ ക്യാമ്പിൽ സംബന്ധിച്ചു 15 പേർ അനുഗ്രഹം പ്രാപിച്ചു. നമ്മുടെ വിശ്വാസിയായ ഷക്കീനക്കു നഷ്ടപ്പെട്ടു പോയ സ്വർണ്ണാഭരണങ്ങൾ തിരികെ ലഭിച്ചു.

കോവിഡ് 19 രോഗ ലക്ഷ്ണങ്ങളുള്ള നമ്മുടെ വിശ്വാസികളായ മുനിയമ്മ, നാരായണമ്മ, ഗംഗോത്രി, മുനിലക്ഷ്മി, മുരളി എന്നിവരെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ ശിൽപ, ഷക്കീന എന്നീവർ കുടുംബമായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ശ്രീനിവാസപുര : ഹന്ന സിങ്

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസി അഞ്ചപ്പയുടെ ചെറിയ ബിസിനസ്സായ പൂത്തോട്ട കൃഷിയെ കർത്താവ് പ്രാർത്ഥന കേട്ടു അനുഗ്രഹിച്ചു. നമ്മുടെ വിശ്വാസി ശിൽപ്പ മത്സര പരീക്ഷ ജയിച്ചു അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചു.

സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ഭയമില്ലാതെ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നു യശോദമ്മ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തെലുങ്കാന

### അസിഫബാദ്

### രമേശ്ബായി വസാവ & സുനിത

മൂന്നു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പിന്മാറ്റക്കാരായ നിലാവനി, ശങ്കർ, മധുക്കർ, എന്നീ കുടുംബങ്ങൾ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ബാഗൽവാഗ, മഹാഗാവ്, പിപാദ്ഗാവ് എന്നീ ഗ്രാമങ്ങളിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഉദരത്തിലുണ്ടായ മുറിവിൽ നിന്നും ദുർബത് അബൈയെയും കലിലുണ്ടായ പൊട്ടലിൽ നിന്നും രേശ്മയെയും കർത്താവ് സൗഖ്യമാക്കി.

മാനസിക രോഗത്തിൽ നിന്നു നിതെഹിനെയും നേത്ര രോഗത്തിൽ നിന്നു രാസാബായിയെയും തൈറോയ്ഡിൽ നിന്നു ഭീംബായിയെയും കരൾ സംബന്ധമായ രോഗത്തിൽ നിന്നു വാസന്തിനെയും അരിവാൾ രോഗത്തിൽ നിന്നു ലക്ഷ്മിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവം അവനെ ഒളിത്താവളത്തിൽ കണ്ടെത്തി!

മഹാരാഷ്ട്രയിൽ ബാഗ്ലി മിഷൻ വയലിലെ തെമ്പർണിയ ഗ്രാത്തിലുള്ള രാജു ചാരായം വാറ്റുന്നവനായിരുന്നു. അവനെ പോലിസ് പിടിക്കുവാൻ ശ്രമിച്ചു. അവൻ ഓടി ആരാധന നടന്നു കൊണ്ടിരിക്കെ ആരാധാനലയത്തിൽ അറിയാതെ കയറി ഒളിച്ചു. ആരാധന യോഗവും അവിടുത്തെ സന്ദേശവും അവന്റെ ഹൃദയത്തെ തൊട്ടു. അവൻ ജീവജലത്തിന്റെ ഉറവയായ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. ചാരായ വാറ്റും കച്ചവടവും ഉപേക്ഷിച്ചു. അവന്റെ ഭവനത്തിൽ ആരംഭിച്ച ആരാധനയിൽ 30 ആളുകൾ സംബന്ധിക്കുന്നു. ദൈവത്തിനു മഹത്വം!

## 31 മാർച്ച് വ്യാഴം

### ജന്മദിനാശംസകൾ

അമൃത ഗോൾഡ ആശീർ മോസസ്,
ജോൺ സുയാങ്,
തോട്ടി ഗുറംവാരി ഹിമ ബിന്ദു രമേശ് ബാബു,
ബസന്ത ഗുരു

## ആന്ധ്രപ്രദേശ്

### രോദ്ദാം

**ദേവദത്ത ലിമ & സോണിയ റാണി**



ത്രുകുളപട്ടണം ഗ്രാമത്തിൽ നിന്നു രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ ആരാധനയിൽ ക്രമമായി സംബന്ധിച്ചതിനെ തുടർന്നു നരഷാമയുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമായി. നാഗർജുൻ, ചന്ദ്രപ്പ എന്നിവർ കുടുംബമായി ആരാധനയിൽ ക്രമമായി പങ്കെടുക്കുന്നു. അഞ്ചാം പനിയിൽ നിന്നും മഹിമയെയും നെഞ്ചു വേദനയിൽ നിന്നു സ്കാമനെയും കർത്താവ് സൗഖ്യമാക്കി. അൽബേലമ്മയുടെ ഭർത്താവിനു അപകടത്തിലേറ്റ മുറിവ് സൗഖ്യമായി.



ശ്രീനിവാസ്, രാമൻജി എന്നിവർ മദ്യപാനത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്ന നരേഷ്, ശ്രീനിവാസ്, കാവ്യ, നരഷാമ, ഈശ്വരപ്പ, രാമൻജി എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു നാഗഭൂഷൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യയുടെ വേർപാടിൽ ദുഃഖിച്ചിരിക്കുന്ന ശ്രീനിവാസന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### തമിഴ്നാട് സോൺ

**ആൽബിൻ & വിജയറാണി**



18 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇൻഡോർ ദൈവാലയത്തിലുള്ള വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്നു. ഇൻഡോർ സഭയിലെ സഭാമൂപ്പനായ യാക്കൂബ് സഭനടപടികളിൽ ആത്മാർത്ഥമായി സഹകരിക്കുന്നു. വലിയൊരു അപകടത്തിൽ നിന്നും ദൈവം ല്ലവാർസി ജപാസ്റ്റ്യനെ രക്ഷിച്ചു. കോവിഡ് 19 രോഗത്തിൽ നിന്നും ജോൺ മാധപ്പനെ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു.

പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന കാരപ്പട്ടുവിലെ കലയരശി, വൈയപ്പൻ, ലക്ഷ്മണൻ, രാജൻ, ശിവ, മുനിരാജ്, മുനിയമ്മ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിപെട്ടി ഗ്രാമത്തിലെ ചെറു പ്രാർത്ഥനക്കൂട്ടത്തിൽ പങ്കെടുക്കുന്നവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ ഗുപ്പുപാരപള്ളി ഗ്രാമത്തിലെ റാണിയുടെ മറ്റുള്ളവർ അപഹരിച്ച വസ്തു തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യ, വരതാജ്, മേഖല, വേലു എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## We want to help you to be in touch with...
## Friends Missionary Prayer Band

**KERALA COUNCIL CHAIRMAN: Very.Rev.P.O.Ninan,** Mallappally, Ph.0469 -2683034

**ZONAL ADVISOR : Bro. C.S. Isaiah,** F.M.P.B, Messiah Sadan, Thirumala P.O,
................................ Thiruvanathapuram -695006. Mob. 9447 000 899

**ZONAL OFFICE : Rev. Thomas Mathew,** Zonal Secretary, FMPB, Choorakuzhiyil House,
..................................Makkapuzha P.O, Ranni - 689 676.Mob. 9495 309 335,
..................................E - Mail. thomasmatthew@fmpb.org, sajifmpb@gmail.com

**REGION ADVISOR : Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, 8951 766 255 E- Mail. manoj@fmpb.org

**Parassala:** ................**Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Thiruvanathapuram:Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Neyyattinkara East :Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram : Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION : Rev. Abraham Thomas,** Regional Secretary, FMPB,
..................................Madhavanpady, Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec. FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, Ararat,
..................................Narayananasan Road, Vittila P.O- 682 019; Mob. 9847 575 416;

**Kothamangalam : Rev. Babu P,** Prom.Sec. Mob.8809 936 270

**Thripunithura :... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION : Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

## മിഷനറി ആൽബം

## 369

അസമിൽ ക്രിസ്തീയ മാതാപിതാക്കളായ പരേതനായ ശ്രീ. ബിജോയ് ചമ്പ്രമാരിയുടെയും ശ്രീമതി റൊയ്തി ചമ്പ്രമാരിയുടെയും മൂത്ത മകനായി 1978 ഒക്ടോബർ 11 ന് സഹോ. ഗജൻ ചമ്പ്രമാരി ജനിച്ചു. അദ്ദേഹത്തിനു രണ്ടു സഹോദരന്മാരും മൂന്നു സഹോദരിമാരും ഉണ്ട് ഇവർ ബടുഗുരിയിലുള്ള നോർത്ത് ഇവാൻജലിക്കൽ ലൂഥറൻ സഭ യിലെ അംഗങ്ങളാകുന്നു. പിതാവ് തളർവാതത്താൽ വീണതിനാൽ ഭവനത്തിന്റെ ഉപജീവനത്തിനായി നാലു വർഷത്തോളം ഒരു പ്രൈ മറി സ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്തു. ഈ അദ്ധ്യാപക ജോലിയിൽ അവൻ സംതൃപ്ത നല്ലായിരുന്നു കാരണം കർത്താവിന്റെ വേല ചെയ്യണമെന്നതായിരുന്നു അവന്റെ താൽപര്യം. പിതാവ് രോഗമുക്തനായ ഉടൻ ജോലി രാജിവെച്ചു കൽക്കട്ട ബൈബിൾ സെമിനാരിയിൽ B.Th പഠിക്കുന്നതിനായി പോയി. തന്നെ സാമ്പത്തികമായി സഹായിക്കുവാൻ ആരുമില്ലായിരുന്നു. 2003 ൽ പഠനം പൂർത്തീകരിച്ച് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യയിൽ ചേർന്നു. രണ്ടു സഹ പ്രവർത്തകരുടെ കൂടെ അവനെ ഒരു സഭ പോലുമില്ലാത്ത സുന്ദർബാൻ ദ്വീപിലേക്കു ആദ്യ മിഷനറിമാരായി അയച്ചു. 13 ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു ദൈവം അവരെ സഹായി ച്ചു. രോഗിയായതിനെ തുടർന്നു ദ്വീപിൽ ചികിത്സ സൗകര്യമില്ലാത്തതിനാൽ ചികിത്സക്കായി ഭവനത്തിലേക്കു തിരികെ വന്നു. വീണ്ടും സുന്ദർബാൻ ദ്വീപിലേക്കു അയക്കുവാൻ കുടുംബം മടിച്ചു. അവൻ പ്രസബിറ്റേറിയൻ സഭയിൽ ചേർന്നു യൗവ്വനക്കാരുടെ ഇടയിൽ പ്രവർത്തിക്കു ന്നതിനായി ജൈനിതിയ മലനിരകളിലേക്കു പോയി.

2005 ൽ FMPB യെ കുറിച്ചു കേൾക്കുകയും പൂർണ്ണ സമയ മിഷനറിയായി ചേരുകയും ചെയ്തു. ഉത്തർപ്രദേശിലുള്ള NIM ൽ ഒരു വർഷത്തെ മിഷനറി പരിശീലനം പൂർത്തീകരിച്ച ഗജൻ ചമ്പ്രമാരിയെ ജാർഖണ്ഡിൽ സന്താളികളുടെ ഇടയിൽ മിഷനറിയായി നിയോഗിച്ചു. പിന്നീട് കുറച്ചു കാലം ഈസ്റ്റേൺ സോണൽ ഓഫീസിൽ പ്രവർത്തിച്ചു.

അസമിലെ കുങ്ക്രജോറ ഗ്രാമത്തിലെ ക്രിസ്തീയ മാതാപിതാക്കളായ ശ്രീ. ബുദ്ബാർ മൊച്ച ഹാരിയുടെയും പരേതയായ രാക്തി മൊച്ചഹാരിയുടെയും അഞ്ചാമത്തെ മകളായി 1981 ഫെബ്രുവരി 2 ന് സഹോദരി റോഷില മൊച്ചഹാരി ജനിച്ചു. അവൾക്കു ഒരു സഹോദരനും അഞ്ചു സഹോദരിമാരും ഉണ്ട്. 2006 ൽ കൽക്കട്ട ബൈബിൾ സെമിനാരിയിൽ നിന്നു B.Th ബിരുദം കരസ്ഥമാക്കിയിരുന്നു. IMS ൽ മിഷനറി ചേർന്നു പശ്ചിമ ബംഗാളിലെ ദീനാപൂരിൽ പ്രവർത്തിച്ചു. 2008 ജൂലൈയിൽ FMPB യിൽ മിഷനറിയായി ചേർന്നു.

2009 ഏപ്രിൽ 20 ന് സഹോ. ഗജൻ ചമ്പ്രമാരിയും സഹോദരി. റോഷില മൊച്ചഹാരിയും തമ്മിലുള്ള വിവാഹം നടന്നു. ഇപ്പോൾ അവർ മാൾട്ടോ വിശ്വാ സികളുടെ കുട്ടികളുടെ സമഗ്ര വികസനത്തിനായി പ്രവർത്തിക്കുന്നു.

ദൈവം ഇവർക്കു രണ്ടു മക്കളെ നൽകി അനു ഗ്രഹിച്ചു. മൂത്തമകൻ ഗിഫ്റ്റ്സൺ (11.01.2010) ഏഴാം ക്ലാസ്സിലും ഇളയ മകൾ ഗ്രേസ് ചമ്പ്രമാരി (14.05.2013) നാലാം ക്ലാസ്സിലും ഡോണാവൂരിലുള്ള സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു.

ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.



**റവ. ഗജൻ ചമ്പ്രമാരി & ശ്രീമതി. റോഷില മൊച്ചഹാരി കുടുംബം**

# സ്ത്രീകൾ ദൈവീക ശുശ്രൂഷയുടെ കണ്ണുകൾ ആകുന്നു

## (വനിതാദിനാശംസകൾ)



എല്ലാ വർഷവും മാർച്ച് 8 വനിതാ ദിനമായി ആഘോഷിക്കുന്നു. നമ്മുടെ ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രി ശ്രീ. ജവഹർലാൽ നെഹ്റു സ്ത്രീകളുടെ ശക്തി തിരിച്ചറിയുകയും **"സ്ത്രീകൾ രാഷ്ട്രത്തിന്റെ കണ്ണുകളാണ്"** എന്ന് പറയുകയും ചെയ്തു. ലോക ജന സംഖ്യയുടെ ഏതാണ്ട് 50 ശതമാനം സ്ത്രീകൾ ആകുന്നു.

സഭയുടെ ചരിത്രത്തിലുടനീളം സ്ത്രീകൾ സഭയുടെ ശുശ്രൂഷയിൽ വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്.

## FMPB യിലെ വനിതാ വിഭാഗം

ദെബോരയായ ഞാൻ എഴുന്നേല്ക്കും വരെ, യിസ്രായേലിൽ മാതാവായെഴുന്നേല്ക്കും വരെ നായകന്മാർ യിസ്രായേലിൽ അശേഷം അറ്റുപോയിരുന്നു. (ന്യായാ.5:7).

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിലെ അംഗങ്ങളായ എല്ലാ സ്ത്രീകളും രാഷ്ട്രത്തിൽ രക്ഷ കൊണ്ടുവരുന്നതിനായി ഒരു മാതാവിനെ പോലെ എഴുന്നേൽക്കണമെന്നു ഈ വാക്യം ഓർമ്മപ്പെടുത്തുന്നു. ഈ ലക്ഷ്യത്തോടെയാണ് വനിതാ വിഭാഗം പ്രവർത്തിക്കുന്നത്.

- എല്ലാ മൊബലൈസേഷൻ ജില്ലയിലും വനിതകളുടെ യോഗം സംഘടിപ്പിക്കുന്നു.
- വനിതാ നേതാക്കൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.
- വനിതകളെ മിഷൻ വയൽ സന്ദർശിക്കുന്നതിനും മിഷനറിമാരോടു ചേർന്നു പ്രാർത്ഥിക്കുന്നതിനും ഉത്സാഹിപ്പിക്കുന്നു.
- ചെറിയ തുകകൾ നിക്ഷേപ പെട്ടികളിൽ ഇട്ടു മിഷനറി വേലക്കായി നൽകുന്നതിനു പ്രേരിപ്പിക്കുന്നു.
- വനിതകളുടെ മദ്ധ്യയുള്ള പ്രവർത്തനം വിശാലമാക്കുന്നതിനു മൊബലൈസേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന മിഷനറി സഹോദരിമാരെ ഉത്സാഹിപ്പിക്കുന്നു. അവരുടെ ശുശ്രൂഷ വളരെ പ്രചോദനം നൽകുന്നതാകുന്നു.

ക്രിസ്തീയ സഹോദരിമാർ അവരുടെ ഹൃദയവും ഭവനവും മിഷൻ പ്രവർത്തനത്തിനായി തുറക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ രാജ്യത്തു ദൈവരാജ്യം കെട്ടിപെടുക്കുന്നതിനു ദെബോരയെ പോലെ അവർ എഴുന്നേൽക്കണം.

**– ശ്രീമതി ക്രിസ്റ്റി രാജൻ**

***Published by:*** S. Sutharsan Thomas Jeyaraj on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. Sutharsan Thomas Jeyaraj***